ഷഷ്ഠപടലം

അനന്തരം ആറാമത്തേ പടലംകൊണ്ടു പ്രതിഷ്ഠയേപ്പറയുന്നു.

പ്രത്യൂഷ ഏവ കൃതസാമ്പ്രതികക്രിയോ/ഥ
പീഠാധിവാസസമയേ വിഹിതാധിവാസം
സംശോദ്ധ്യ ഗഹേവപുഷ്പം പുരുഷം വിഭൂഷ്യ
സംസ്ഥാപ്യ സാധു മഹിതം വിതനോതു മന്ത്രീ. 1

അഥ മന്ത്രീ പ്രത്യൂഷേ ഏവ കൃതസാമ്പ്രതികക്രിയഃ = ധ്യാനാധിവാസാനന്തരം പിറ്റേദിവസം ആചാര്യൻ ഉദയത്തിനുമുമ്പിൽതന്നെ കുളിച്ച് സന്ധ്യാവന്ദനാദി നിത്യകർമ്മങ്ങളേച്ചെയ്ത്, പീഠാധിവാസസമയേ വിഹിതാധിവാസം ഗേഹവപുഷം പുരുഷം സംശോദ്ധ്യ = തലേദിവസം പീഠാധിവാസം ചെയ്യുമ്പോൾ പ്രാസാദത്തിനും ഭൂതസംഹാരവും ശോഷണാദിയും ഭൂതസൃഷ്ടിയും ലിപിന്യാസവും മന്ത്രോദയപീഠന്യാസവും ചെയ്തു പൂജിച്ച് സമ്പാതസ്പർശനവും ചെയ്ത് അധിവസിച്ചിരിക്കുന്ന പ്രാസാദമൂർത്തിയാകുന്ന ദേവനേ മുഷ്ട്യാദിധൂപദീപാന്തമായ പ്രാസാദശുദ്ധിയേച്ചെയ്ത്, വിഭൂഷ്യ = വസ്ത്രാദികൊണ്ട് അലങ്കരിച്ച്, സാധു സംസ്ഥാപ്യ മഹിതം വിതനോതു = സോപാനത്തുങ്കലിരുന്നു പീഠം പൂജിച്ച് തൊട്ടു ജപിച്ച് പ്രാസാദത്തേ മനസാ പ്രതിഷ്ഠിച്ചു ആവാഹിച്ചു പൂജിപ്പൂ. ശിവന്ന് ഹൌം എന്നു പ്രാസാദമന്ത്രം. ശേഷമെല്ലാവർക്കും തന്റെ മൂലംതന്നെ പൂജിപ്പാൻ.

ഇവിടെ ശിവങ്കലേ വിശേഷത്തേ പറയുന്നു.

സ്മരജിതി മനുലിംഗേ മണ്ഡലേ ചാർച്ചയിത്വാ
ദധിമധുഘൃതമിശ്രം പായസാന്നം നിവേദ്യ
ബലിമപി പരിതോ/ഷ്ടാശാക്രമാത് സമ്പ്രദായ
പ്രചരതു ഗൃഹയാഗം ദേവദേവം പ്രസാദ്യ. 2

സ്മരജിതി = ശിവങ്കൽ, മനുലിംഗേ മണ്ഡലേ ച അർച്ചയിത്വാ = ശയ്യയിങ്കലേ ശിവലിംഗത്തുങ്കലും മണ്ഡലത്തുങ്കലും പീഠപൂജചെയ്ത് ആവാഹിച്ചു മൂർത്തിപൂജയും ചെയ്താൽ, ദധിമധുഘൃതമിശ്രം പായസാന്നം നിവേദ്യ = തയിരും തേനും നെയ്യും കൂടിയ പായസത്തേ നിവേദിച്ച്, പ

www.shripuram.org
Shripuram Publications
www.shripuram.org

രിതഃ അഷ്ടാശാക്രമാത് ബലിം സമ്പ്രദായ = മണ്ഡപത്തിന്റെ ചുറ്റും എട്ടു ദിക്കിലും തച്ഛേഷംകൊണ്ടു ബലിയേയും തൂകി കാലും കഴുകി, ദേവദേവം പ്രസാദ്യ = നിവേദ്യം വിടിർത്തു പ്രസന്നപൂജയും ചെയ്താൽ, ഗൃഹയാഗം പ്രചരതു = പറഞ്ഞപോലെ മുഷ്ട്യാദിശോധനകളേച്ചെയ്ത് പ്രാസാദത്തേ പ്രതിഷ്ഠിപ്പൂ.

ദേവഭൂതപിശാചാശ്ച ഗന്ധർവാ യക്ഷസംജ്ഞകാഃ
പിശിതാശാശ്ച നാഗാശ്ച കാംക്ഷന്തേ മാതരോ ബലിം. 3

ദേവഭൂതപിശാചാഃ = ദേവഗ്രഹേഭ്യോ നമഃ ഭൂതഗ്രഹേഭ്യോ നമഃ പിശാചഗ്രഹേഭ്യോ നമഃ, ഗന്ധർവാഃ യക്ഷസംജ്ഞകാഃ ഗന്ധർവഗ്രഹേഭ്യോ നമഃ യക്ഷഗ്രഹേഭ്യോ നമഃ, പിശിതാശാഃ = രാക്ഷസഗ്രഹേഭ്യോ നമഃ, നാഗാഃ = നാഗഗ്രഹേഭ്യോ നമഃ മാതരഃ = മാതൃഗ്രഹേഭ്യോ നമഃ, ബലിം കാംക്ഷന്തെ = ഈ ഗ്രഹങ്ങൾ ബലിയേ പ്രതിഗ്രഹിക്കുന്നു എന്നു പറകകൊണ്ട് ഇങ്ങനെ മന്ത്രങ്ങൾ. ഈ ശ്ലോകംകൊണ്ടുതന്നെ എട്ടു ദിക്കിലും തൂകുന്നു ചിലർ.

അനന്തരം രത്നന്യാസാദിയേ പറയുന്നു.

ആചാര്യോ/സൌ നവവസനധൃഗ്ഗർഭഗേഹോപവിഷ്ടഃ
സ്വിഷ്ടാത്മാഭ്യർച്ചിതഗുരുഗണാധീശനാന്ദീസുപർവ്വാ
കൃത്വാ പുണ്യാഹമിഹ കൃതരത്നാഷ്ടബന്ധാനുബന്ധം
പീഠപ്രേജ്യാഞ്ചരതു രചിതേ പച്ഛിലാസ്ഥാനഗർത്തേ. 4

അസൌ ആചാര്യഃ നവവസനധൃക് = പിന്നെ ഈ ആചാര്യൻ കോടിവസ്ത്രത്തെ ഉടുത്തു ഉത്തരീയവുമിട്ട് കാലുംകഴുകി ആചമിച്ചാൽ, ഗർഭഗേഹോപവിഷ്ടഃ = ഗർഭഗൃഹത്തിൽ ചെന്നു പൂജാസ്ഥാനത്ത് ഇരുന്ന്, അഭ്യർച്ചിതഗുരുഗണാധീശനാന്ദീസുപർവാ = ഗുരുവിനേയും ഗണപതിയേയും പൂജിച്ചു നിവേദിച്ച് നാന്ദീമുഖമായി നാലു ദാനങ്ങളേച്ചെയ്ത് തദ്ദേവതകളേയും പ്രസാദിപ്പിച്ചാൽ, ഇഹ കൃതരത്നാഷ്ടബന്ധാനുബന്ധം പുണ്യാഹം കൃത്വാ = ഇവിടെ രത്നാദിദ്രവ്യങ്ങൾക്കും അഷ്ടബന്ധത്തിനുംകൂടി 'രത്നാഷ്ടബന്ധദേവതാഃ പ്രീയന്താം' എന്നുകൂടി പുണ്യാഹപ്രോക്ഷണത്തേച്ചെയ്ത്, പച്ഛിലാസ്ഥാനഗർത്തേ = നപുംസകശിലയേ വയ്ക്കുന്ന കുഴിയിൽ പ്രതിഷ്ഠാസ്ഥാനത്ത്, പീഠപ്രേജ്യാം ചരതു = പീഠപൂജയേ ചെയ്വൂ.

ഇഷ്ട്വാ ബ്രഹ്മശിലാം സുധീഃ പ്രണവതോ
ന്യസ്യാർത്ഥയേത്ത്വാം സ്ഥിതം-
മന്ത്രാഭ്യാം പ്രഥമാർത്ഥിതാമവരതോ

www.shripuram.org
Shripuram Publications
www.shripuram.org

ന്യസ്യേത്തദാ സ്ഥാപിതാം
മന്ത്രേണ പ്രഥമേന വാർത്ഥയതു തദ്-
ഗർത്താൻ ഹരൌ ശോധയേദ്
ഗവ്യൈർഗന്ധജലൈശ്ച വസ്വിനലിപി-
ഭ്യാം മൂലതോ/ന്യേഷ്വതഃ. 5

സുധീഃ - നല്ല ബുദ്ധിയായിരിക്കുന്ന ആചാര്യൻ, ബ്രഹ്മശിലാം പ്രണവതഃ ഇഷ്ട്വാ = നപുംസകശിലയേ പ്രണവംകൊണ്ട് ആവാഹിച്ചുപൂജിച്ചാൽ, ന്യസ്യ ത്വം സ്ഥിതം മന്ത്രാഭ്യാം അർത്ഥയേത് = പ്രണവംകൊണ്ട് പ്രതിഷ്ഠിച്ച് ധ്രുവാദ്യൌരിത്യാദി ജപിച്ച് പിന്നെയും പ്രണവംകൊണ്ട് ആവാഹിച്ചു പൂജിച്ചു 'ത്വമേവ പരമാ' എന്നും 'സ്ഥിതം ചരാചരം' എന്നും രണ്ടു മന്ത്രങ്ങളേക്കൊണ്ട് പ്രാർത്ഥിപ്പൂ. പ്രഥമാർത്ഥിതാം അവരതഃ ന്യസ്യേത് വാ = ത്വമേവ എന്നതുകൊണ്ടു പ്രാർത്ഥിച്ച് സ്ഥിതം ചരാചരം എന്നതുകൊണ്ടു പ്രതിഷ്ഠിച്ചു പൂജിക്കിലുമാം. തദാ സ്ഥാപിതാം പ്രഥമേന മന്ത്രേണ അർത്ഥയതു വാ = 'സ്ഥിതം ചരാചരം' എന്നതുകൊണ്ടു പ്രതിഷ്ഠിച്ച് 'ത്വമേവ പരമാ' എന്നതുകൊണ്ടു പ്രാർത്ഥിച്ചു പൂജിക്കിലുമാം. ഇങ്ങനെ നപുംസകശിലയേ പ്രതിഷ്ഠിച്ചാൽ, ഹരൌ വസ്വിനലിപിഭ്യാം ഗവ്യൈഃ ഗന്ധജലൈഃ ച തദ്ഗർത്താൻ ശോധയേത് = വിഷ്ണുവിങ്കൽ അഷ്ടാക്ഷരംകൊണ്ടും പഞ്ചഗവ്യങ്ങളേക്കൊണ്ടും ദ്വാദശാക്ഷരങ്ങളേക്കൊണ്ടും അഷ്ടഗന്ധജലംകൊണ്ടും നപുംസകശിലയിങ്കലേ കുഴികളേ കഴുക. അന്യേഷു = ശിവാദികൾക്ക്, മൂലതഃ മൂലംകൊണ്ടു തന്നെ ഗവ്യഗന്ധജലങ്ങളേക്കൊണ്ടു കഴുക.

ത്വമേവ പരമാ ശക്തിസ്ത്വമേവാസനധാരികാ
ദേവാജ്ഞയാ ത്വയാ ദേവി! സ്ഥാതവ്യമിഹ സർവദാ. 6

സ്ഥിതം ചരാചരം യസ്യാം രത്നാനാം നിധിരവ്യയഃ
സാ ത്വം ബ്രഹ്മശിലാരൂപാ തിഷ്ഠാത്ര ധരണീ സ്ഥിരാ. 7

ഇതു രണ്ടും ഇവിടെ പറഞ്ഞ മന്ത്രങ്ങൾ.

പരിതോ/ഷ്ടസു ദിക്ഷു തത്ര ഗർത്താൻ പ്രവിധായാവരണക്രമാത്
തദന്തഃ
അപരം ച നപുംസകാശ്മനീഹ സ്വഹുതാജ്യോജ്ജ്വലമർപ്പയേദമൂനി. 8

ഇഹ നപുംസകാശ്മനി = ഈ നപുംസകശിലയിങ്കൽ, പരിതഃ അഷ്ടസു ദിക്ഷു ആവരണക്രമാത് = ചുറ്റും എട്ടു ദിക്കുകളിലും ദ്രവ്യന്യാസക്ര

Shripuram Publications
www.shripuram.org

മംപോലെയും, തദന്തഃ അപരം ച ഗർത്താൻ പ്രവിധായ = അതിന്റെ നടുവിൽ വേറെ ഒന്നം കുഴികളേ ഉണ്ടാക്കിയിരിക്കുന്നേടത്ത്, അമൂനി സ്വഹുതാജ്യോജ്ജ്വലം അർപ്പയേത = ഈ വക്ഷ്യമാണങ്ങളായിരിക്കുന്ന ദ്രവ്യങ്ങളേ ഗായത്രീസമ്പാതത്തോടുകൂടുംവണ്ണം ന്യസിപ്പൂ.

രത്നാനീശഹരൌ സബീജമണിധാതുസ്വർണ്ണപൂർവാണ്യഥോ
ദുർഗാശാസ്തൃജിതേഷു താനി ഗണനാഥേ രത്നബീജക്രമാത്
ഗൌരീശേ മണിധാതുബീജസവൃഷാസ്ത്രസ്തോമലോഹക്രമാത്
സേനാന്യാം മണിധാതുലോഹഗണബീജാ-സ്ത്രക്രമാദ്വിന്യസേത്. 9

ഈശഹരൌ രത്നാനി = ശങ്കരനാരായണങ്കൽ രത്നങ്ങളേത്തന്നെയും, ദുർഗാശാസ്തൃജിതേഷു സബീജമണിധാതുസ്വർണപൂർവാണി = ദുർഗയിങ്കലും ശാസ്താവിങ്കലും വിഷ്ണുവിങ്കലും ബീജങ്ങളേയും രത്നങ്ങളേയും ധാതുക്കളേയും സ്വർണാദിലോഹങ്ങളേയും, ഗണനാഥേ രത്നബീജക്രമാത് താനി = ഗണപതിയിങ്കൽ രത്നങ്ങളേയും ബീജങ്ങളേയും ധാതുക്കളേയും ലോഹങ്ങളേയും, ഗൌരീശേമണിധാതുബീജസവൃഷാസ്ത്രസ്തോമലോഹക്രമാത് = ശിവങ്കൽ രത്നങ്ങളേയും ധാതുക്കളേയും ബീജങ്ങളേയും വൃഷാദികളായ ആയുധങ്ങളേയും ലോഹങ്ങളേയും, സേനാന്യാം മണിധാതുലോഹഗണബീജാക്രമാത് = സുബ്രഹ്മണ്യങ്കൽ രത്നങ്ങളേയുംധാതുക്കളേയും ലോഹങ്ങളേയും ബീജങ്ങളേയും ആയുധങ്ങളേയും, വിന്യസേത് = ഇങ്ങനെ ദ്രവ്യങ്ങളേ ന്യസിപ്പൂ.

ശ്രീശേ മൂലാർണ്ണമൂലൈർന്യസതു നവസു ദിക്ഷു ക്രമാദന്തരന്ത
സ്തദ്വത്താരേണ താനി സ്മരമുരദമനേ തേന സംഗൃഹ്യവിഘ്നേ
മൂലേനാന്യേഷു തേനൈവ തു മഹിഷരിപാവാദ്യയാ തത്ര ദിക്ഷു
ദ്രവ്യാണീശേതരേഷു പ്രഥമമഥ ശിവേ ദ്രവ്യമന്ത്രാംശ്ച വക്ഷ്യേ. 10

ശ്രീശേ മൂലാർണ്ണമൂലൈഃ നവസു ദിക്ഷു അന്തഃ അന്തഃ താനി ന്യസതു = വിഷ്ണുവിങ്കൽ മൂലാക്ഷരംകൊണ്ടു പുറത്ത് എട്ടു ദിക്കിലും മൂലംകൊണ്ടു നടുവിലും ഇങ്ങനെ ഒമ്പതു ദിക്കുകളിലും അകത്ത് ഒടുക്കമായിട്ട് ആ ദ്രവ്യങ്ങളേ ന്യസിപ്പൂ. സ്മരമുരദമനേ താരേണ തദ്വത് = ശങ്കരനാരായണങ്കൽ പ്രണവംകൊണ്ട് വിഷ്ണുവിങ്കൽ പറഞ്ഞപോലെ ന്യസിപ്പൂ. വിഘ്നേ തേന സംഗൃഹ്യ മൂലേന = ഗണപതിയിങ്കൽ പ്രണവംകൊണ്ടു ദ്രവ്യങ്ങളേ എടുത്ത് മൂലംകൊണ്ടു ന്യസിപ്പൂ. അന്യേഷു = ശാസ്താവിങ്കലും സുബ്രഹ്മണ്യങ്കലും, തേന ഏവ = മൂലംകൊണ്ടുതന്നെ ന്യസിപ്പൂ, മഹിഷരിപൌ തത്തദ്ദിക്ഷു ആദ്യയാ = ദുർഗ്ഗയിങ്കൽ പുറത്ത് എട്ടു ദിക്കുകളിൽ ത്രിഷ്ടുപ്കൊണ്ടും നടുവിൽ മൂലംകൊണ്ടും ദ്രവ്യങ്ങളേ ന്യസിപ്പൂ. പ്രഥമം

www.shripuram.org
Shripuram Publications
www.shripuram.org

ഈശേതരേഷു ദ്രവ്യാണി = മുമ്പിൽ ശിവനേക്കൂടാതെയുള്ള ദേവന്മാരു ടെ ദ്രവ്യങ്ങളേയും, അഥ ശിവേ ദ്രവ്യമന്ത്രാൻ ച വക്ഷ്യേ = പിന്നേ ശിവ ന്റെ ദ്രവ്യങ്ങളേയും ന്യസിക്കുന്ന മന്ത്രങ്ങളേയും പറയും.

ദുർഗ്ഗാശാർങ്ഗ്ഗഭൃതോർന്യസേദിഹ യവവ്രീഹീ സനിഷ്പാവകൌ
ബീജാനി ക്രമശഃ പ്രിയംഗുതിലമാഷാംശ്ചാപി നീവാരകാൻ
ശാലീസർഷപശാലിനസ്തിലപദശ്യാമാൻ ഗണാധീശ്വരേ
ശാലീരാജിമുചോ/ഥ വൈണവവതോ മദ്ധ്യേഖിലാംശ്ചാര്യകേ. 11

ഇഹ ദുർഗ്ഗാശാർങ്ഗ്ഗഭൃതോഃ = ഇവിടെ ദുർഗ്ഗയിങ്കലും ശങ്കരനാരാ യണങ്കലും, യവവ്രീഹീ സനിഷ്പാവകൌ = യവവും നെല്ലും തുവരയും, പ്രിയംഗുതിലമാഷാൻ = തിനയും എള്ളും ഉഴുന്നും, നീവാരകാൻ = വരി നെല്ലും, ശാലീസർഷപശാലിനഃ = നെല്ലും കടുകും ഇവറ്റേ ഒമ്പതിനേയും ന്യസിപ്പൂ. ഗണാധീശ്വരേ തിലപദശ്യാമാൻ = ഗണപതിയിങ്കൽ അഞ്ചാ മത്തേ എള്ളു വേണ്ട. അവിടെ ചാമ വേണം. ആര്യകേ ശാലിരാജിമുചഃ = ശാസ്താവിങ്കൽ ഒടുക്കത്തേ നെല്ലും കടുകും വേണ്ടാ. വൈണവവതഃ മ ദ്ധ്യേ അഖിലാൻ ച = എട്ടാമത്തേതു മുള നെല്ലും ഒമ്പതാമതു നടുവിൽ എ ല്ലാം കൂടെയും വേണം. ക്രമശഃ ബീജാനി ന്യസതു = ഇങ്ങനെ ക്രമേണ ബീജങ്ങളേ ന്യസിപ്പൂ.

രത്നധാതുനവകം നിജഗർഭന്യാസദിഷ്ടമിഹ വിഷ്ണുഗണേശേ
രത്നകാനി നവ വിഷ്ണുസമുക്താന്യേവ ശാസ്തരി ച സുംഭരിപൌ ച. 12

ഇഹ വിഷ്ണുഗണേശേ = ഇവിടെ വിഷ്ണുവിങ്കലും ഗണപതിയിങ്കലും, രത്നധാതുനവകം നിജഗർഭന്യാസദിഷ്ടം = രത്നങ്ങൾ ഒമ്പതും 'ധാതു ക്കൾ ഒമ്പതും' തന്റെ ഗർഭന്യാസത്തുങ്കൽ പറഞ്ഞിരിക്കുന്നതു തന്നെ. അവിടെ 'ന്യസേന്മനോഹ്വാ' ഇത്യാദി ധാതുക്കൾ, വജ്രം മൌക്തികമി ത്യാദിരത്നങ്ങൾ, ശാസ്തരി സുംഭരിപൌ ച രത്നകാനി നവ വിഷ്ണുസമു ക്താനി ഏവ = ശാസ്താവിങ്കലും ദുർഗ്ഗയിങ്കലും രത്നങ്ങൾ ഒമ്പതും വിഷ്ണു വിങ്കൽ പറഞ്ഞിരിക്കുന്നതു തന്നെ.

പുളകം വിദ്രുമമഞ്ജനസംജ്ഞം ശ്യാമം സസീസകം ന്യസതു
ആര്യകുമാര്യോഃ സമനശ്ശിലഹരിതാലം സഗൈരികം സരസം. 13

ആര്യകുമാര്യോഃ = ശാസ്താവിങ്കലും ദുർഗ്ഗയിങ്കലും, പുളകം = പവിഴ ക്കൊടി, വിദ്രുമം = പവിഴം, അഞ്ജനസംജ്ഞം = അഞ്ജനക്കല്ല്, ശ്യാമം = പച്ച, സീസകം = ഈയം, മനശ്ശിലാഹരിതാലം = മനയോലയും അ രിതാരവും, ഗൈരികം = കാവിക്കല്ല്, സരസം = രസത്തോടുകൂടിയത്

Shripuram Publications
www.shripuram.org

ഇവ ഒമ്പതു ധാതുക്കളേ ന്യസിപ്പൂ.

ദുർഗ്ഗാര്യവിഘ്നബലിവിദ്വിഷി ജാതരൂപം
രൂപ്യം ച താമ്രകമയസ്ത്രപു പശ്ചിമാന്തം
ന്യസ്യാജിതേ ന്യസതു ശേഷദിശാസു സീസം
സ്വർണ്ണോദ്ഭവം കമഠശംഖപയോരുഹം ച. 14

ദുർഗ്ഗാര്യവിഘ്നബലിവിദ്വിഷി = ദുർഗ്ഗയിങ്കലും ശാസ്താവിങ്കലും ഗണപതിയിങ്കലും, (വിഷ്ണുവിങ്കലും) ജാതരൂപം = പൊന്നിനേയും, രൂപ്യം = വെള്ളിയേയും, താമ്രകം = ചെമ്പിനേയും, അയഃ = ഇരിമ്പിനേയും, ത്രപു = ചെമ്പ്രാങ്കൊട്ടിയേയും, പശ്ചിമാന്തം ന്യസ്യ = ഈ അഞ്ചിനേയും പടിഞ്ഞാറേ ദിക്കിലോളം ഒരുപോലെ ന്യസിച്ചാൽ, പിന്നെ വേറെ തന്നെ ന്യസിക്കണം, അജിതേ ശേഷദിശാസു = വിഷ്ണുവിങ്കൽ വായുകോണിൽ തുടങ്ങി, സീസം = ഈയത്തേയും സ്വർണ്ണോദ്ഭവം കമഠശംഖപയോരുഹം ച ന്യസതു = പൊന്നുകൊണ്ടു ഉണ്ടാക്കിയ ആമയേയും ശംഖിനേയും താമരപ്പൂവിനേയും ന്യസിപ്പൂ.

സീസം താർക്ഷ്യാരകൂടാവിതരദിശി ദരാരീഷുചാപാസിശൂലം
പാശം ദണ്ഡം ച മദ്ധ്യേ മഹിഷജിതി സസീസാരകൂടം ച കാംസ്യം
സ്വർണ്ണം ചാര്യേƒന്യദിക്ഷു ദ്വിരദവരമുഖേƒƒാരകൂടം സുപിത്ഥം
കാംസ്യം ന്യസേൽ ത്രിദിക്ഷു സ്വരദകമഠചാഷാംബുജം ഹൈമമന്തഃ.
15

മഹിഷജിതി ഇതരദിശി = ദുർഗ്ഗയിങ്കൽ വായ്വാദി മൂന്നു ദിക്കുകളിൽ, സീസം = ഈയത്തേയും, താർക്ഷ്യാരകൂടൌ = ഗരുഡശിലേയും ആരകൂടത്തേയും ന്യസിച്ച്, മദ്ധ്യേ ദരാരീഷുചാപാസി ശൂലം പാശം ദണ്ഡം ച = ശംഖിനേയും ചക്രത്തേയും ശരത്തേയും വില്ലിനേയും വാളിനേയും ശൂലത്തേയും കയറിനേയും ദണ്ഡത്തേയും ഈ എട്ടിനേയും പൊന്നുകൊണ്ടുണ്ടാക്കി ന്യസിപ്പൂ. ആര്യേ അന്യദിക്ഷു = ശാസ്താവിങ്കൽ വായ്വാദി ദിക്കുകളിലും നടുവിലും, സസീസാരകൂടം ച കാംസ്യം ച സ്വർണ്ണം ച = ഈയത്തേയും ആരകൂടത്തേയും വെള്ളോടിനേയും സ്വർണ്ണത്തേയും ന്യസിപ്പൂ. ദ്വിരദവരമുഖേ ത്രിദിക്ഷു = ഗണപതിയിങ്കൽ വായ്വാദി മൂന്നു ദിക്കുകളിൽ ആരകൂടം സുപിത്ഥം കാംസ്യം = ആരകൂടത്തേയും പിച്ചളയേയും വെള്ളോടിനേയും ന്യസിച്ച്, അന്തഃ ഹൈമം സ്വരദകമഠചാഷാംബുജം ച ന്യസേത = പൊന്നുകൊണ്ട് ഉണ്ടാക്കിയ തന്റെ കൊമ്പിനേയും ആമയേയും എലിയേയും താമരപ്പൂവിനേയും ന്യസിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

ഇന്ദ്രനീലമണിഗാരുഡവൈഡൂര്യാഖ്യമൌക്തികസവിദ്രുമവജ്രം
പുഷ്യരാഗമപി ദിക്ഷു ഹരീശേ ന്യസ്യ വിന്യസതു കാഞ്ചനമന്തഃ. 16

ഹരീശേ ദിക്ഷു = ശങ്കരനാരായണങ്കൽ കിഴക്ക തുടങ്ങി എട്ടു ദിക്കുകളിലും, ഇന്ദ്രനീലം = അതുതന്നെ, മണി = മാണിക്യം, ഗാരുഡം = ഗരുഡശില, വൈഡൂര്യം = അതുതന്നെ, മൌക്തികം = മുത്ത്, സവിദ്രുമവജ്രം = പവിഴവും വൈരവും, പുഷ്യരാഗം = അതുതന്നെയും, (ന്യസ്യ) ന്യസിച്ച്, അന്തഃ കാഞ്ചനം വിന്യസതു = അകത്തു സ്വർണ്ണത്തേ ന്യസിപ്പൂ.

ന്യസ്യതു രത്നാനി ഗുഹേ വജ്രം വൈഡൂര്യമിന്ദ്രനീലം ച
ശംഖം സ്ഫടികം പുഷ്യം മുക്താഫലവിദ്രുമാബ്ജരാഗം ച. 17

ഗുഹേ = സുബ്രഹ്മണ്യങ്കൽ, വജ്രം = വൈരം, വൈഡൂര്യം = അതുതന്നെ, ഇന്ദ്രനീലം = അതുതന്നെ, ശംഖം = അതുതന്നെ, സ്ഫടികം = അതുതന്നെ, പുഷ്യം = പുഷ്യരാഗം, മുക്താഫലം = മുത്ത്, വിദ്രുമം = പവിഴം, അബ്ജരാഗം = പത്മരാഗം, രത്നാനി = ഈ ഒമ്പതു രത്നങ്ങളേയും ചുറ്റും അകത്തും ആയിട്ടു ന്യസിപ്പൂ.

ധാതൂൻ മനശ്ശിലാമിഹ ഹരിതാലം ചാഞ്ജനം തഥാ ശ്യാമം
സൌരാഷ്ട്രീം സഹ ഗോരോചനമാക്ഷികഗൈരികം
ന്യസേത് സരസം. 18

ഇഹ മനശ്ശിലാം = മനയോലയേയും, ഹരിതാലം = അരിതാരത്തേയും, അഞ്ജനം = അഞ്ജനക്കല്ലിനേയും, ശ്യാമം = പച്ചയേയും, സൌരാഷ്ട്രീം = തിരുവട്ടപ്പശയേയും, ഗോരോചനമാക്ഷികഗൈരികം = ഗോരോചനയേയും മാക്കീരക്കല്ലിനേയും കാവിക്കല്ലിനേയും, സരസം = രസത്തോടുകൂടി, ധാതൂൻ തഥാ ന്യസേത് = ഈ ധാതുക്കളേ ഒമ്പതിനേയും അകത്തു ഒടുക്കമായിട്ടു ന്യസിപ്പൂ.

സ്വർണ്ണം രജതം താമ്രം പിത്തളസംജ്ഞം ത്രപു ന്യസേത് തദ്വത്
സീസായസീ സകാംസ്യേ ദിക്ഷ്വഷ്ടാസ്വന്തരഷ്ടലോഹാനി. 19

തദ്വത് അഷ്ടാസു ദിക്ഷു = മുമ്പിലത്തേ എട്ടു ദിക്കുകളിൽ, സ്വർണ്ണം = പൊന്ന്, രജതം = വെള്ളി, താമ്രം = ചെമ്പ്, പിത്തളസംജ്ഞം = പിച്ചള, ത്രപു = ചെമ്പ്രാക്കൊട്ടി, സീസായസീ = ഈയവും ഇരിമ്പും, സകാംസ്യേ = ഓടും ഇവ എട്ടിനേയും ന്യസിച്ചാൽ, അന്തഃ അഷ്ടലോഹാനി = നടുവിൽ ഈ ലോഹങ്ങളേ എട്ടിനേയുംകൂടി, ന്യസേത് = ന്യസിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

യവഗോധൂമകമാഷാൻ സഹ തിലമുദ്ഗപ്രിയംഗുസിദ്ധാർത്ഥാൻ
ശാലീമപി വിന്യസ്യേദ്ദിക്ഷ്വഷ്ടസു മദ്ധ്യതോ/ഷ്ടബീജാനി. 20

അഷ്ടസു ദിക്ഷു = എട്ടു ദിക്കുകളിൽ, യവഗോധൂമകമാഷാൻ = യവത്തേയും ഗോതമ്പിനേയും ഉഴുന്നിനേയും, തിലമുദ്ഗപ്രിയംഗുസിദ്ധാർത്ഥാൻ = എള്ളിനേയും ചെറുപയറിനേയും തിനയേയും കടുകിനേയും, ശാലീം അപി വിന്യസ്യേത = നെല്ലിനേയും ന്യസിപ്പൂ. മദ്ധ്യതഃ അഷ്ടബീജാനി = നടുവിൽ ഈ ബീജങ്ങളേ എട്ടിനേയുംകൂടി ന്യസിപ്പൂ.

പദ്മം ഗജം മയൂരം ശക്തിം വജ്രം ച കുക്കുടം ചാപി
അന്തർന്യസ്യതു ഹൈമാൻ ദ്രവ്യന്യസനം ഗുഹേ വിധേയമിതി. 21

അന്തഃ ഹൈമാൻ = പിന്നെ നടുവിൽ പൊന്നുകൊണ്ടു ഉണ്ടാക്കിയിരിക്കുന്ന, പദ്മം = താമരപ്പൂവിനേയും, ഗജം = ആനയേയും, മയൂരം = മയിലിനേയും, ശക്തിം = വേലിനേയും, വജ്രം = വജ്രത്തേയും, കുക്കുടം = കോഴിയേയും, ന്യസ്യതു = ന്യസിപ്പൂ. ഇതി ഗുഹേ ദ്രവ്യന്യസനം വിധേയം = ഇങ്ങനെ സുബ്രഹ്മണ്യന്റെ ദ്രവ്യന്യാസത്തേ വിധിച്ചിരിക്കുന്നു.

അനന്തരം ശിവന്റെ ദ്രവ്യന്യാസത്തേയും മന്ത്രത്തേയും കൂടെ പറയുന്നു.

www.shripuram.org

സദ്യോജാതകലാഭിരഷ്ടഭിരിഹേന്ദ്രാദീശനിഷ്ഠം ശിവേ
വജ്രം മൌക്തികപുഷ്യരാഗഹരിനീലാഖ്യാന്യഥ സ്ഫാടികം
വിന്യസ്യേച്ച വിഡൂരജം മരതകം നീലോപലം ച ക്രമാ-
ന്മധ്യേ ന്യസ്യതു പദ്മരാഗമപി സദ്യോജാതവിദ്യാം ജപൻ. 22

ഇഹ ശിവേ = ഇവിടെ ശിവങ്കൽ, സദ്യോജാതകലാഭിഃ അഷ്ടഭിഃ = സദ്യോജാതകലകൾ എട്ടുകൊണ്ടും, ഇന്ദ്രാദീശനിഷ്ഠം = കിഴക്കുതുടങ്ങി ഈശകോൺ അവസാനമാകുംവണ്ണം, വജ്രം = വൈരത്തേയും, മൌക്തികപുഷ്യരാഗഹരിനീലാഖ്യാനി = മുത്തിനേയും പുഷ്യരാഗത്തേയും ഇന്ദ്രനീലത്തേയും, സ്ഫാടികം = സ്ഫടികത്തേയും, വിഡൂരജം = വൈഡൂര്യത്തേയും, മരതകം = മരതകത്തേയും, നീലോപലം = നീലരത്നത്തേയും, ക്രമാത് ന്യസ്യേത് = ക്രമേണ ന്യസിപ്പൂ, അഥ മദ്ധ്യേ സദ്യോജാതവിദ്യാം ജപൻ പദ്മരാഗം അപി = പിന്നെ നടുവിൽ സദ്യോജാതമന്ത്രത്തേ ജപിച്ച് പദ്മരാഗത്തേയും ന്യസിപ്പൂ.

തഥാ മനോഹ്വാം ഹരിതാലകം ന്യസേത്
സൌരാഷ്ട്രികാം വിദ്രുമരോചനേ പുനഃ

Shripuram Publications
www.shripuram.org

പ്രവാളകം സാഞ്ജനമാക്ഷികം രസം
കലാസമസ്താത്മകവാമവിദ്യയാ. 23

കലാസമസ്താത്മകവാമവിദ്യയാ തഥാ = ദിക്കുകളിൽ വാമദേവകലകൾ എട്ടുകൊണ്ടും, ശേഷം കലകൾ അഞ്ചും വാമദേവമന്ത്രവുംകൊണ്ട് നടുവിലും, മനോഹ്വാം = മനയോലയേയും, ഹരിതാലകം = അരിതാരത്തേയും, സൌരാഷ്ട്രികാം = തിരുവട്ടപ്പശയേയും, വിദ്രുമരോചനേ = പവിഴത്തേയും ഗോരോചനയേയും, പ്രവാളകം = പവിഴക്കൊടിയേയും, സാഞ്ജനമാക്ഷികം = അഞ്ജനക്കല്ലിനേയും മാക്കീരക്കല്ലിനേയും, രസം = നടുവിൽ രസത്തേയും ന്യസേത് = ഈ ഒമ്പതിനേയും ന്യസിപ്പൂ.

ശാലിയവൌ ഗോധൂമപ്രിയംഗുമാഷാംസ്തിലം ച നീവാരം
നിഷ്പാവസർഷപൌ ച ന്യസതു തതഃ സകലഭീമമന്ത്രേണ. 24

തതഃ സകലഭീമമന്ത്രേണ = പിന്നെ അഘോരകലകളേക്കൊണ്ട് എട്ടുദിക്കുകളിലും അഘോരനേക്കൊണ്ടു നടുവിലും, ശാലിയവൌ = നെല്ലിനേയും യവത്തേയും, ഗോധൂമപ്രിയംഗുമാഷാൻ = ഗോതമ്പിനേയും തിനയേയും ഉഴുന്നിനേയും, തിലം നീവാരം ച = എള്ളിനേയും വരിനെല്ലിനേയും, നിഷ്പാവസർഷപൌ ച ന്യസതു = തുവരയേയും കടുകിനേയും ഈ ഒമ്പതിനേയും ന്യസിപ്പൂ.

കലാഭിർനാരീഭിർവൃഷപരശുരുദ്രാക്ഷവലയം
ത്രിശൂലം ദിക്ഷ്വന്തഃ കമലമപി പുംസാ കനകജം
വിദിക്ഷ്വൈശാനീർഭിർന്യസതു രജതായസ്തപു യഥാ-
ക്രമം താമ്രം മദ്ധ്യേ സകലമനനാ കാഞ്ചനമപി. 25

ദിക്ഷു നാരീഭിഃ കാലാഭിഃ = പിന്നെ കിഴക്കുതുടങ്ങി നാലുദിക്കുകളിൽ തൽപുരുഷകലകൾ നാലുകൊണ്ടും, കനകജം = പൊന്നുകൊണ്ട് ഉണ്ടാക്കിയ, വൃഷപരശുരുദ്രാക്ഷവലയം ത്രിശൂലം = കാളയേയും വെണ്മഴുകിനേയും രുദ്രാക്ഷമാലയേയും ത്രിശൂലത്തേയും ന്യസിച്ച്, അന്തഃ പുംസാ കമലം അപി = അകത്തു പൊന്നുകൊണ്ട് ഉണ്ടാക്കിയ താമരപ്പൂവിനേ തത്പുരുഷനേക്കൊണ്ട് ന്യസിപ്പൂ. വിദിക്ഷു ഐശാനീഭിഃ രജതായസ്തപു താമ്രം ച യഥാക്രമം = അഗ്ന്യാദികോണുകളിൽ ഈശാനകലകളിൽ നാലുകൊണ്ട് വെള്ളിയേയും ഇരുമ്പിനേയും ചെമ്പ്രാങ്കൊട്ടിയേയും ചെമ്പിനേയും ക്രമേണ ന്യസിച്ച്, മദ്ധ്യേ സകലമനനാ കാഞ്ചനം അപി ന്യസതു = നടുവിൽ ഒടുക്കത്തേ കലയും ഈശാനനും കൂട്ടിക്കൊണ്ട് പൊന്നിനേയും ന്യസിപ്പൂ. ഇങ്ങനെ ശിവങ്കലേ രത്നന്യാസം.

www.shripuram.org
Shripuram Publications
www.shripuram.org

സമ്പാതദോഷ്ണാ ഹവനാണുനാഭിമൃശാണിമാദ്യഷ്ടകരൂപമേതത്
ഇഷ്ട്വാദിനാസ്യോപരി പീഠമിഷ്ടം സംസ്ഥാപയേത സാശുഗതത്ത്വശ
ക്ത്യാ. 26

സമ്പാതദോഷ്ണാ ഹവനാണുനാ അഭിമൃശ്യ = പിന്നെ ഗായത്രി സമ്പാതത്തേ കൈയിൽ രണ്ടിലും പുരട്ടി ഹോമമന്ത്രം ജപിച്ച നപുംസകശിലാരത്നങ്ങളേ തൊട്ട്, അണിമാദ്യഷ്ടകരൂപം ഏതത് = അണിമാദികളായ അഷ്ടൈശ്വര്യങ്ങളോട്ടുകൂടിയ ഇതിനെ, ആദിനാ ഇഷ്ട്വാ = പ്രണവംകൊണ്ടു ആവാഹിച്ച് പൂജിച്ച് മാനസപൂജയും ചെയ്തു നീരാജനത്തെ ഉഴിഞ്ഞാൽ, അസ്യ ഉപരി = ഈ നപുംസകശിലയുടെ മുകളിൽ, ഇഷ്ടം പീഠം = പീഠത്തുങ്കൽ ശക്തിയെ ആവാഹിച്ച തത് പൂജയും ചെയ്തിരിക്കുന്ന പീഠത്തേ, സാശുഗതത്ത്വശക്ത്യാ സംസ്ഥാപയേത് = പ്രണവശക്ത്യാദിപീഠമന്ത്രവും ശക്തിപുടിതപഞ്ചതത്ത്വവും ശക്തിപ്രണവങ്ങളും ജപിച്ച് പീഠത്തേ പ്രതിഷ്ഠിച്ച പ്രണവവ്യാപകം ചെയ്ത്, ധ്രുവാദ്യൌരിത്യാദിസൂക്തം ജപിപ്പൂ.

ശക്തിം സ്വബീജകുസുമാർപ്പണതോഽനുവേശ്യ
ന്യസ്യാർണ്ണപീഠമനുബീജതദംഗകാനി
ഇഷ്ട്വാ പ്രതിഷ്ഠിതികൃതേ പരിപൂജ്യ പീഠം
ബീജാർച്ചിതം പരിവൃതം വസനേന രക്ഷേത്. 27

സ്വബീജകുസുമാർപ്പണതഃ ശക്തിം അനുവേശ്യ = പിന്നെ തങ്ങളുടെ പീഠശക്തിയെ ആവാഹിച്ച്, അർണ്ണപീഠമനുബീജതദംഗകാനി ന്യസ്യ ഇഷ്ട്വാ = ആവാഹനമുദ്ര കാട്ടിയാൽ മുമ്പിൽ പറഞ്ഞപോലെ ലിപിന്യാസവും ധർമ്മാദിപീഠമന്ത്രന്യാസവും ശക്തിബീജവും തദംഗന്യാസവും ചെയ്തു അർഘ്യാദി പൂജിച്ച് അർഘ്യം വീത്തി മാനസപൂജയും ചെയ്താൽ, പ്രതിഷ്ഠിതികൃതേ പീഠം പരിപൂജ്യ = ബിംബപ്രതിഷ്ഠാർത്ഥമായിട്ടു നപുംസകശിലയിങ്കൽ ലിപിപങ്കജമന്ത്രംകൊണ്ടും പീഠത്തുങ്കൽ പീഠമന്ത്രംകൊണ്ടും പീഠത്തേ പൂജിച്ച്, ബീജാർച്ചിതം വസനേന പരിവൃതം രക്ഷേത് = ശക്തിയെ ആവാഹിച്ച പൂജിച്ചാൽ രക്തവസ്ത്രംകൊണ്ടു പീഠത്തേ മൂടി താലത്രയാദികൊണ്ടു രക്ഷിപ്പൂ.

രത്നന്യാസക്രമസുമഹിതേ സ്ഥാപിതേ സ്ഥാപനാർത്ഥം
ബ്രഹ്മഗ്രാവ്ണി പ്രചരതു ശിവേ പീഠപൂജാം യഥോക്താം
പീഠേ യന്ത്രോപരി പരിഗതേ ച സ്വപീഠീയശക്തിം
സങ്കല്പ്യൈതത് സമുദിതദിശാ ന്യസ്യ സമ്പൂജ്യ രക്ഷേത്. 28

Shripuram Publications
www.shripuram.org

ശിവേ = ശിവങ്കലേ വിശേഷം, രത്നന്യാസക്രമസുമഹിതേ സ്ഥാപിതേ ബ്രഹ്മഗ്രാവ്ണി = രത്നന്യാസങ്ങളും പൂജയും ചെയ്തു പ്രതിഷ്ഠിച്ചിരിക്കുന്ന നപുംസകശിലയിങ്കൽ, സ്ഥാപനാർത്ഥം യഥോക്താം പീഠപൂജാം പ്രചരതു = ലിംഗപ്രതിഷ്ഠയ്ക്കായി പറഞ്ഞ ലിപിപങ്കജപൂജയും പീഠപൂജയും ശക്തിപൂജയും ചെയ്വൂ. യന്ത്രോപരിപരിഗതേ പീഠേ ച = അവിടെ തന്നെ മുകളിൽ യന്ത്രത്തിൽ പൊക്കിവച്ചിരിക്കുന്ന പീഠത്തിങ്കൽ, സ്വപീഠീയശക്തിം സങ്കല്പ്യ ഏതത്സമുദിതദിശാ ന്യസ്യസമ്പൂജ്യ രക്ഷേത് = ശക്തിയെ ആവാഹിച്ച് ലിപിന്യാസാദി ഒക്കെയും ചെയ്ത് പൂജിച്ച് രക്ഷിപ്പൂ.

അനന്തരം വിഷ്ണുവിങ്കൽ പരിഹോമം ചെയ്വാൻ പറയുന്നു.

പ്രാസാദം പരിതോ/ഷ്ടദിക്ഷു സികതാക്ലൃപ്തേഷ്വഥ സ്ഥണ്ഡിലേ
ഷ്വാധായാജിതപാവകം ശിഖിമുഖം കൃത്വാ സകുംഭാർച്ചനം
ജുഹ്വത്വഷ്ടശതം പലാശസമിധോ മൂലേന താവദ് ഘൃതം
ഗായത്ര്യാ ച ഹരിത്ക്രമാദിഹ സമിദ്ഭേദോ/ഥവാ ഗൃഹ്യതാം. 29

പ്രാസാദം പരിതഃ = പ്രാസാദത്തിന്റെ ചുറ്റും, അഷ്ടദിക്ഷു സികതാക്ലൃപ്തേഷു സ്ഥണ്ഡിലേഷു = കിഴക്കുതുടങ്ങി എട്ടു ദിക്കുകളിലും മണലിട്ട് മെഴുകി കീറിയാൽ, അജിതപാവകം ആധായ = ഒരിടത്ത് അഗ്നിജനനം ചെയ്തിരിക്കുന്ന തീയേത്താൻ ആചാര്യകുണ്ഡത്തിലേ തീയേ കുറഞ്ഞൊന്ന് എടുത്തുകൊണ്ടുതാൻ കത്തിച്ചു എട്ടു ദിക്കിലുമായി വിഭജിച്ചു ഇട്ടാൽ, സകുംഭാർച്ചനം ശിഖിമുഖം കൃത്വാ = ആജ്യസംസ്കാരം കഴിഞ്ഞാൽ തെക്കു സ്വസ്തികത്തിൽ ഓരോ കലശത്തേയും പൂജിച്ച് അഗ്നിയേ അലങ്കരിച്ചു ഹോമത്തുങ്കൽ പീഠപൂജാദി നിവേദ്യത്തോളം ചെയ്തു ചാഞ്ചമത ഇട്ടു പ്രണവവ്യാഹൃതി തുടങ്ങി മൂലാഷ്ടാജ്യാഹുതി കഴിഞ്ഞാൽ, മൂലേന പലാശസമിധഃ അഷ്ടശതം = മൂലംകൊണ്ടു പ്ലാശ്ശുംചമതയെ നൂറ്റെട്ടീതും, നൂറ്റിയെട്ടുരു നെയ്യിനേയും ഹോമിച്ചു വ്യാഹൃതി പ്രണവാദിഹോമം മുടിച്ചു പ്രസന്നപൂജയും ചെയ്തു വ്ളാകി ആരാധിച്ച് ഉദ്വസിച്ച് സംപാതം കലശത്തിലാക്കു. ഇഹ ഹരിത് ക്രമാത് സമിദ്ഭേദഃ അഥവാ ഗൃഹ്യതാം = ഇവിടെ ശിവന്റെ അധിവാസഹോമത്തുങ്കൽ ദിക്കുകളിലേക്കു പറഞ്ഞിരിക്കുന്ന ചമതകളെ ഹോമിക്കിലുമാം. അന്വാധാനാദിയായി. ഇധ്മവും പക്വവും കൂടിയ വലിയ ഹോമംപോലെയെങ്കിലുമാം.

ഏവം ശാർങ്ഗധരേ വിധായ പരിഹോമാംസ്താമ്രകുംഭം പരം
തത്സമ്പാതഘടോദകൈഃ സമഭിപൂര്യാഷ്ടാർണ്ണവർണ്ണൈഃ ക്രമാത്
ഏകീഭൂതചിതിം സ്വമൂലമനനാ സങ്കല്പ്യ തസ്മിൻ വിഭും

Shripuram Publications
www.shripuram.org

പ്രാർച്ച്യാവേഷ്ട്യ നവാംശുകേന കരഉപ്ലം മണ്ഡപാന്തർനയേത്. 30

ശാർങ്ഗധരേ ഏവം പരിഹോമാൻ വിധായ = വിഷ്ണവിങ്കൽ ഇ പ്രകാരം പരിഹോമത്തേച്ചെയ്ത്, തത്സമ്പാതഘടോദകൈഃ അഷ്ടാർണ്ണ വർണ്ണൈഃ ക്രമാത് പരം താമ്രകുംഭം പരിപൂര്യ = തത്സമ്പാതയുക്തമായ കലശങ്ങൾ എട്ടിനേയും മൂലാക്ഷരംകൊണ്ടു ക്രമേണ, വേർവിട്ടു ഒരു ചെമ്പുകുടത്തെ പൂജിച്ചു തങ്കൽ നിറച്ച്, തസ്മിൻ സ്വമൂലമന്ത്രനാ ഏകീഭൃതചിതിം വിഭും സങ്കല്പ്യ = ആ കലശത്തിൽ ഒന്നായി കല്പിച്ചു മൂലംകൊണ്ടു ആവാഹിച്ച് പൂജിച്ചു നിവേദിച്ച് പ്രസന്നപൂജയും ചെയ്ത്, നവാംശുകേന ആവേഷ്ട്യ കരഉപ്ലം തം മണ്ഡപാന്തഃ നയേത് = വസ്ത്രംകൊണ്ടു മൂടി രക്ഷിച്ച് ആ കലശത്തേ മണ്ഡപത്തിൽ കൊണ്ടുപോയി സ്വസ്തികപത്മത്തിൽ പീഠം പൂജിച്ചുവയ്ക്കൂ.

അഥാധിബിംബം പരിപൂജ്യ പീഠ-
മാവാഹ്യ മൂലേന കൃതാംഗക്ലൃപ്തിഃ
അർഘ്യാദി ദത്ത്വാ പരിഹോമസിദ്ധ-
തോയേന സിഞ്ചേത് സ്നപനേ ധ്രുവേണ. 31

സർവ്വേഷു തത്തന്മനുഭിഃ സമുക്ഷ്യ
വിദ്യേശകുംഭോപഭൃതാഭിരദ്ഭിഃ
സംസ്നാപ്യ വാ താഭിരഥാംശുകാദ്യൈഃ
സംഭൂഷ്യ സംപൂജയതുപഹാരൈഃ. 32

അഥ അധിബിംബം പീഠം പരിപൂജ്യ = പിന്നെ ബിംബത്തുങ്കൽ പീഠത്തെ പൂജിച്ചു, മൂലേന ആവാഹ്യ = മൂലംകൊണ്ടു ദേവന്മാരിലും സ്നാനകാലത്തു വിദ്യേശ്വരകലശജലങ്ങളേക്കൊണ്ടും അതതു മന്ത്രങ്ങളേക്കൊണ്ടും പ്രോക്ഷിപ്പൂ. താഭിഃ സംസ്നാപ്യ വാ എന്നിയേ ബിംബം എടുത്തു ഭദ്രപീഠത്തുങ്കൽ എഴുന്നെള്ളിച്ച് തന്മൂലംകൊണ്ട് ആട്ടുകിലുമാം. അഥ അംശുകാദ്യൈഃ സംഭൂഷ്യ ഉപഹാരൈഃ സമ്പൂജയതു = പിന്നെ വസ്ത്രാദികളേക്കൊണ്ടു അലങ്കരിച്ചു ജലഗന്ധാദി ഉപഹാരങ്ങളേക്കൊണ്ടു പൂജിച്ച് നിവേദിച്ച്, പ്രസന്നപൂജയും ചെയ്വൂ.

തതോ മണ്ഡലേ ദീപ്യമാനേ ച വഹ്നൗ
വിധായ പ്രസൂനാഞ്ജലിം പ്രീണയിത്വാ
ചിതിം തോരണാദിസ്ഥിതാം കുണ്ഡസംസ്ഥാം
സമുദ്വാസയേന്മണ്ഡലസ്ഥാം ച ബിംബേ. 33

www.shripuram.org
Shripuram Publications
www.shripuram.org

തതഃ മണ്ഡലേ ദീപ്യമാനേ വഹ്നൌ ച പ്രസൂനാഞ്ജലിം വിധായ = പിന്നെ മണ്ഡലപൂജ ചെയ്തിരിക്കുന്ന ദേവങ്കലും കത്തിച്ചിരിക്കുന്ന ആചാര്യകുണ്ഡാഗ്നിയിങ്കലും പൂർണ്ണപുഷ്പാഞ്ജലിയെ ചെയ്ത് പ്രസാദിപ്പിച്ച്, തോരണാദിസ്ഥിതാം കുണ്ഡസംസ്ഥാം മണ്ഡലസ്ഥാം ചിതിം ബിംബേ സമുദ്വാസയേത് = തോരണങ്ങളുടേയും ധ്വജങ്ങളുടേയും ദ്വാരകലശാദികളുടേയും മണ്ഡപത്തിന്റേയും പ്രാഗാദി ദിക്കുകളുടേയും ആചാര്യകുണ്ഡത്തിങ്കലേയും മണ്ഡലത്തിങ്കലേയും ചൈതന്യത്തേ ബിംബത്തിങ്കൽ ഉദ്വസിപ്പൂ.

കുംഭേശനിദ്രാഘടയോർവിധായ
പുഷ്പാഞ്ജലിം തദ്വയപീഠശക്തിം
ദ്വയോഃ സമുദ്വാസ്യ ലയാംഗകൃദ് ദ്വൌ
നീരാജ്യ സൂദ്ധാര്യ ച മൂർത്തിപാഭ്യാം. 34

കുംഭേശനിദ്രാഘടയോഃ പുഷ്പാഞ്ജലിം വിധായ = പിന്നെ കുംഭേശകലശത്തിങ്കലും നിദ്രാകലശത്തിങ്കലും പുഷ്പാഞ്ജലികളെച്ചെയ്ത്, തദ്വയപീഠശക്തിം ദ്വയോഃ സമുദ്വാസ്യ = അതു രണ്ടിന്റേയും പീഠശക്തിയെ അവറ്റിലുദ്വസിച്ചു, ലയാംഗകൃത് നീരാജ്യ = ലയാംഗന്യാസത്തെച്ചെയ്ത് നീരാജനമുഴിഞ്ഞ്, ദ്വൌ മൂർത്തിപാഭ്യാം സൂദ്ധാര്യ ച = ആ കലശങ്ങളേ രണ്ടിനേയുമെടുത്തു രണ്ടു പരികർമ്മികളുടെ കൈയിൽ കൊടുത്തു കർക്കരിയേയും നീരാജനം ഉഴിഞ്ഞ് എടുപ്പിപ്പൂ.

ഘൃതാദിപാത്രാണി പരൈർവിധാര്യ ച
ദ്വിജൈസ്തതോ മംഗലബീജരോഹഗാം
ശയ്യാഗതാം ചാപി വിലാപ്യ ചേതനാം
വ്യാപയ്യ ബിംബേ വിലയാംഗമാചരേത്. 35

പരൈഃ ദ്വിജൈഃ ഘൃതാദിപാത്രാണി വിധാര്യ = വേറെ ബ്രാഹ്മണരേക്കൊണ്ട് ഘൃതാദിപാത്രങ്ങളേയും അഷ്ടമംഗലങ്ങളേയുമെടുപ്പിച്ച്, തതഃ മംഗലബീജരോഹഗാം ശയ്യാഗതാം ച അപി ചേതനാം ബിംബേ വിലാപ്യ = പിന്നെ ബീജാങ്കുരപാത്രശക്തികളേയും ശയ്യാഗതമായ ശക്തിയേയും ബിംബത്തിങ്കൽ ലയിപ്പിച്ച്, വ്യാപയ്യ വിലയാംഗം ആചരേത് = വ്യാപകത്തേച്ചെയ്തു ലയാംഗത്തേയും ന്യസിപ്പൂ.

നീരാജ്യർഘ്യമപി പ്രദായ ശയനാദുത്തിഷ്ഠമന്ത്രം ജപ-
ന്നുത്ഥാപ്യ പ്രതിമാം നിധായ മന്ദവിദ്യാനേ വിനിർഗത്യ ച
വാദ്യൈഃ ശാകുനജാപകേ പരിജപൻ സ്വസ്ത്യാദിയുക്തേ തഥാ

Shripuram Publications
www.shripuram.org

തോദേവാദി നിജം പ്രദക്ഷിണഗതിഃ പ്രാസാദമാസാദയേത്. 36

നീരാജ്യ അർഘ്യം അപി പ്രദായ = പിന്നെ നീരാജനത്തേ ഉഴിഞ്ഞു അർഘ്യത്തേക്കൊടുത്ത് പുഷ്പാഞ്ജലിയും ചെയ്ത്, ഉത്തിഷ്ഠമന്ത്രം ജപൻ പ്രതിമാം ശയനാത് ഉത്ഥാപ്യ = "ഉത്തിഷ്ഠ ബ്രഹ്മണസ്പതേ' ഇത്യാദി ജപിച്ച് ബിംബത്തേ ശയ്യയിങ്കൽനിന്ന് എടുത്തു, മനവിത് യാനേ നിധായ = തദ്യോഗ്യമന്ത്രത്തേ ജപന്നായിട്ടു രഥാദിയാനത്തുങ്കൽ ഉറപ്പായിട്ടുവച്ച് ബ്രാഹ്മണരേക്കൊണ്ട് എടുപ്പിപ്പൂ. വാദ്യൈഃ ശാകുനജാപകേ സ്വസ്ത്യാദിയുക്തേ പരിജപൻ = വാദ്യഘോഷങ്ങളോടുകൂടി കനിക്രദദിത്യാദി ശാകുന സൂക്തങ്ങളും സ്വസ്തിസൂക്തത്തേയും ജപിച്ച്, തഥാ അതോ ദേവാദി നിജം ച = അതോദേവാദി തന്റെ തന്റെ സൂക്തങ്ങളേയും ജപിച്ച്, പ്രദക്ഷിണഗതിഃ = നാലമ്പലം പ്രാസാദം ഇവറ്റിന്ന പ്രദക്ഷിണമായി ഗമിച്ച്, പ്രാസാദം ആസാദയേത് = പ്രാസാദത്തിന്റേ നടുവിൽ വരൂ.

സ്യാന്നീരാജനമഗ്രതഃ കരകധാരാർഘ്യം വഹൻ ദേശികോ
ബിംബസ്വാപഘടൌ ഘടേശയജമാനൌ ചേതിയാനേ ക്രമഃ
ദത്ത്വാ ദാര്യുപചാരതോ/ർഘ്യമുപനീയ ന്യസ്യ ഭദ്രാസനേ
പശ്ചാത് ത്രിഃ കരകോദകേന പരിഷിഞ്ചേദ് ബിംബതത് പീഠികേ. 37

യാനേ = ബിംബത്തേക്കൊണ്ടുപോകുന്നേടത്ത്, അഗ്രതഃ നീരാജനം = മുമ്പിൽ നീരാജനം, കരകധാരാ = പിന്നെ കർക്കരിവെള്ളം വീത്തുന്ന ആള്, അർഘ്യം വഹൻ ദേശികഃ = പിന്നേ അർഘ്യത്തേ എടുത്തുംകൊണ്ട് ആചാര്യൻ, ബിംബസ്വാപഘടൌ = പിന്നെ ബിംബത്തിന്റെ പാർശ്വങ്ങളിൽ ഘൃതാദിപാത്രങ്ങളും അഷ്ടമംഗലങ്ങളും പിന്നെ നിദ്രാകലശം, ഘടേശയജമാനൌ = പിന്നെ കുംഭേശകലശം പിന്നെ ഊരാളൻ, ഇതി ക്രമഃ സ്യാത് = ഇങ്ങനെ ക്രമമായിട്ട് ഗമിക്കണം. ദ്വാരി ഗത്വാ = പ്രാസാദത്തിന്റെ നടയിൽ ചെന്നാൽ, ഉപചാരതഃ അർഘ്യം ദത്ത്വാ = ഉപചാരംകൊണ്ടു ദേവന്ന് അർഘ്യം കൊടുത്ത്, ഉപനീയ = അകത്ത് എഴുന്നള്ളിച്ച്, ഭദ്രാസനേ ന്യസ്യ = പീഠത്തിന്റെ പിറകിൽ പീഠം പൂജിച്ചിരിക്കുന്ന ഭദ്രപീഠത്തുങ്കൽ ബിംബത്തേ വച്ചു കുംഭേശ നിദ്രാകലശങ്ങളേയും സ്വസ്തികങ്ങളിൽ പീഠം പൂജിച്ചേടത്തു മാറാതെ വയ്പ്പിച്ച്, പശ്ചാത് കരകോദകേന ബിംബതത് പീഠികേ ത്രിഃ പരിഷിഞ്ചേത് = പിന്നെ കർക്കരിധാരകൊണ്ടു ബിംബത്തെയും പീഠത്തേയും പുറത്തേയും ചുറ്റായിട്ടു മൂന്നുപ്രാവശ്യം ജലധാരയേ ഒഴുക്കൂ.

അനന്തരം പ്രതിഷ്ഠാക്രമത്തേ അഞ്ചുശ്ലോകംകൊണ്ടു ഒരുമിച്ചു പറയുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

തത്രോപവിശ്യ സകളീകൃതചർച്ചിതാത്മാ
സമ്പ്രീണിതസ്വഗുരുവര്യഗണാധിനാഥഃ
വിപ്രാൻ പ്രതർപ്യ തപനീയഗവാദി ദത്ത്വാ
മൌഹൂർത്തികോത്തമസമുക്തവിവിക്തലഗ്നേ. 38

മൂലാഭിഹൂതിലിപിതത്ത്വഷഡദ്ധ്വകാദി-
ന്യാസാർച്ചനാസുമഹിതം മനുബിംബമേതത്
ധ്യാത്വാ വിരാജമപി ഖം ച തഥൈവ പീഠം
ബീജാർച്ചിതം പ്രകൃതിരൂപമിളാത്മകം ച. 39

സ്വേനൌജസാ തദുഭയം വ്യതിഷജ്യ തിഷ്ഠ-
ന്നീരാജ്യ ചാസ്ത്രഹൃതപീഠപടോഽഗ്രസംസ്ഥഃ
തത്തത് പ്രതിഷ്ഠിതിസമുക്തമനുപ്രജാപീ
കൃത്വാ പരിഭ്രമണമായതനോപരി ത്രിഃ. 40

ദോർഭ്യാം ഗൃഹീതമനുബിംബമിദം സ്വപീഠേ
ന്യസ്യേന്നപുംസകശിലാകലിതാബ്ജനാളം
പ്രാക് പ്രഷ്ഠപാർഷ്ണികനിജാണ്ഡഗുണാദിഹൂതി-
മൂലാഹിതാപഘലനഭാവിതപാരമാത്മ്യം. 41

സൂദ്യദ്ദശാർഹമനുപഞ്ചദശാഭിവാഹ-
വ്യാപ്തിസ്വമൂലമഹിതീകൃതിജാഗരൂകം
താരോപചാരമനുതത്ത്വമുഖഃ പ്രതിഷ്ഠാ-
മന്ത്രോഽണ്ഡരുദ്ധശരതത്ത്വമനുധ്രുവാന്തഃ. 42

തത്ര ഉപവിശ്യ സകളീകൃതചർച്ചിതാത്മാ = ആ ഗർഭഗൃഹത്തുങ്കൽ പൂജാസ്ഥാനത്ത് ഇരുന്ന ദേഹശുദ്ധിയും ആത്മാരാധനയും ചെയ്തു, സമ്പ്രീണിതസ്വഗുരുവര്യഗണാധിനാഥഃ = ഗുരുവിനേയും ഗണപതിയേയും വന്ദിച്ച പ്രസാദിപ്പിച്ച്, പ്രാക്പ്രഷ്ഠപാർഷ്ണികനിജാണ്ഡഗുണാദിഹൂതിമൂലാഹിതാപഘലനഭാവിത പാരമാത്മ്യം = മുമ്പിൽതന്നെ, പ്രഷ്ഠം = മുമ്പ്, പാർഷ്ണികം = പിറക്, മുമ്പിലും പിന്നിലും തന്റെ മൂലത്തോടുകൂടിയിരിക്കുന്ന പ്രണവത്രയംകൊണ്ടു പരാവാഹനയെ ചെയ്തു ബിംബത്തുങ്കൽ യോജിപ്പിച്ച് തന്റെ മൂലമന്ത്രംകൊണ്ടു വ്യാപകാംഗങ്ങളെ ന്യസിച്ച പൂജിച്ച് അർഘ്യപുഷ്പാഞ്ജലികളേച്ചെയ്വൂ. പ്രണവോപചാര മൂലവും മൂലപുടിതപ്രണവത്രയവും പരമാത്മന്നാഗച്ഛ ഇത്യാദിയും ആവാഹനമന്ത്രം.

Shripuram Publications
www.shripuram.org

സൂദ്യദ്ദശാർഹമനപഞ്ചദശാഭിവാഹവ്യാപ്തിസ്വമൂലമഹിതീ കൃതിജാഗത്രുകം = അവസ്ഥാവാഹനയോഗ്യങ്ങളായിരിക്കുന്ന മന്ത്രങ്ങൾ അഞ്ചുകൊണ്ടും വെവ്വേറെ ത്തുരീയാതീതാദിക്രമേണ ജാഗ്രദവസ്ഥാന്തം അഞ്ചും ആവാഹിച്ച മൂലാംഗന്യാസാദി ചെയ്തു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്വൂ. അവസ്ഥാവാഹന മന്ത്രങ്ങളേ മുകളിൽ പറയും. മൂലാഭിഹൃതിലിപിതത്ത്വഷഡദ്ധ്വകാദിന്യാസാർച്ചനാസുമഹിതം = പിന്നെ തന്റെ മൂലംകൊണ്ടു മന്ത്രാവാഹനയെ ചെയ്ത് ലിപിതത്ത്വന്യാസാദിതാൻ ഷഡദ്ധ്വന്യാസാദിതാൻ ചെയ്തു അർഘ്യാദികൊടുത്തു പൂജിച്ച് മാനസപൂജയും ചെയ്വൂ.

ഏതത് മനുബിംബം = ഈ ആവാഹനകളേ ചെയ്തിരിക്കുന്ന മന്ത്രബിംബത്തെ വിരാജം ഖം ച ധ്യാത്വാ = ബ്രഹ്മസ്വരൂപമായും ആകാശാത്മകമായും ധ്യാനിച്ച്, തഥാ ഏവ ബീജാർച്ചിതം പീഠം = അപ്രകാരം ശക്ത്യാവാഹനയും തത്പൂജയും ചെയ്തു പീഠത്തേ, പ്രകൃതീരൂപം ഇളാത്മകം ച ധ്യാത്വാ = മായാസ്വരൂപമായിട്ടും ഭൂമ്യാത്മകമായിട്ടും ധ്യാനിച്ച്, മൌഹൂർത്തികോത്തമസമുക്തവിവിക്തലഗ്നേ = ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധനായ മുഹൂർത്തക്കാരനാൽ പറയപ്പെട്ടിരിക്കുന്ന ശുഭലഗ്നത്തുങ്കൽ, തപനീയഗവാദിദത്ത്വാ വിപ്രാൻ പ്രതർപ്യ = സ്വർണ്ണദാനംകൊണ്ടും പശുദ്ദാനംകൊണ്ടും വസ്ത്രഭൂമ്യാദിദാനംകൊണ്ടും ബ്രാഹ്മണരെ സന്തോഷിപ്പിച്ച് മുഹൂർത്തദക്ഷിണയും ചെയ്ത് സുമുഹൂർത്തം പറഞ്ഞാൽ, സ്വേന ഓജസാ തദുഭയം വ്യതിഷജ്യ = ആചാര്യൻ മനസ്സുകൊണ്ടു ബിംബത്തേയും പീഠത്തേയും അന്യോന്യം യോജിപ്പിക്കുമാറു ധ്യാനിച്ച്, തിഷ്ഠൻ നീരാജ്യ = എഴുന്നേറ്റുനിന്നു നീരാജനത്തേ ഉഴിഞ്ഞു, അഗ്രസംസ്ഥഃ അസ്ത്രഹൃതപീഠപടഃ = നേരേനിന്ന് അസ്ത്രമന്ത്രംകൊണ്ടു പീഠം മൂടിയ വസ്ത്രത്തേ എടുത്തുമാറ്റി, ദോർഭ്യാം ഗൃഹീതമനുബിംബം = രണ്ടു കൈകളേക്കൊണ്ടും ബിംബത്തേ എടുത്ത് എല്ലാവരുംകൂടി പൊക്കിയാൽ, തത്തത് പ്രതിഷ്ഠിതിസമുക്തമനുപ്രജാപീ ആയതനോപരി ത്രിഃ പരിഭ്രമണം കൃത്വാ = അതതു ബിംബങ്ങളുടെ പ്രതിഷ്ഠാമന്ത്രങ്ങളെ ജപിച്ച പീഠത്തിന്റെ മുകളിൽ വലത്തുട്ടു മൂന്നു പ്രാവശ്യം പ്രദക്ഷിണഗതിയായി കൊണ്ടുവന്ന്, നപുംസകശിലാകലിതാബ്ജനാളം ഇദം സ്വപീഠേ ന്യസ്യേത് = നാളത്തിന്റെ ചുവട്ടു നപുംസകശിലയിങ്കൽ രത്നന്യാസം ചെയ്തു കുഴിയിൽതൊട്ടു ഇരിക്കുമാറു ബിംബത്തേ സാവധാനമായി പ്രതിഷ്ഠിപ്പൂ.

താരോപചാരമനുതത്ത്വമുഖഃ അണുരുദ്ധശരതത്ത്വമനുധ്രുവാന്തഃ പ്രതിഷ്ഠാമന്ത്രഃ = പ്രണവം ഉപചാരം മൂലം മൂന്നുരുവും ജീവാദിതത്ത്വങ്ങൾ ഒക്കെയും ആദിയായി മൂലപുടിതപഞ്ചതത്ത്വങ്ങളും മൂലവും പ്രണവവും ഒടുക്കമായിട്ടും നടുവിൽ പ്രതിഷ്ഠാമന്ത്രവും കൂടിയാൽ ബിംബപ്രതിഷ്ഠയുടെ മന്ത്രം ഭവിക്കും.

www.shripuram.org

താരാദിപഞ്ചനിജതത്ത്വകങേന്തമൂർത്ത്യാ-
ത്മാന്തസ്ഥശാന്തമുഖബീജപരധ്രുവാംശൈഃ
ങേന്തസ്വരൂപിമനശിഷ്ടനമോന്തതുര്യാ-
തീതാദിജാഗരപരൈശ്ച ദശാണവഃ സ്യുഃ. 43

താരാദിപഞ്ചനിജതത്ത്വകങേന്തമൂർത്ത്യാത്മാന്തസ്ഥശാന്തമുഖബീജപരധ്രുവാംശൈഃ = പ്രണവത്രയം ഉപചാരം പ്രണവം ആദിയായിരിക്കുന്ന പഞ്ചതത്ത്വങ്ങളിൽ തന്റെ മൂർത്തിമന്ത്രങ്ങൾ അഞ്ചുംകൂട്ടിച്ചൊല്ലിയാൽ, ശാന്താത്മനേ ശക്ത്യാത്മനേ നാദാത്മനേ ബിന്ദ്വാത്മനേ ബീജാത്മനേ ഈ അഞ്ചുംകൂട്ടി ങേന്തസ്വരൂപിമനശിഷ്ടനമോന്തതുര്യാതീതാദിജാഗരപരൈഃ ച = പിന്നെ തുരീയാതീതസ്വരൂപിണേ, തുരീയസ്വരൂപിണേ, സുഷുപ്തിസ്വരൂപിണേ, സ്വപ്നസ്വരൂപിണേ, ജാഗ്രത്സ്വരൂപിണേ, ഈ അഞ്ചും കൂട്ടി നമോ നാരായണായ നമഃ ഇത്യാദി മൂലം നമോന്തമായി അഞ്ചിനുംകൂട്ടു ഇതി ദശാണവഃ സ്യുഃ - ഇങ്ങനെ അവസ്ഥാവാഹനമന്ത്രങ്ങൾ അഞ്ചും ഭവിക്കും. അവിടെ വിഷ്ണുവിങ്കൽ ഓം ഷോന്നമഃ പരായ പരമേഷ്ഠ്യാത്മനേ വാസുദേവായ ശാന്താത്മനേ തുരീയാതീതസ്വരൂപിണേ നമോ നാരായണായ നമഃ ഇങ്ങനെ ആദിയിലത്തേ മന്ത്രം. ശേഷം നാലും ഊഹിച്ച് ചൊല്ലിക്കൊള്ളൂ.

ശങ്കരനാരായണങ്കൽ ഈശാനവാസുദേവായ ശാന്താത്മനേ ഇത്യാദി. ദുർഗ്ഗയിങ്കൽ പ്രണവത്രയോപചാരപ്രണവദ്വയാന്തത്തുങ്കൽ ഷോന്നമഃ പരായ ശ്രേഷ്ഠശക്ത്യാത്മനേ സേം ദുർഗ്ഗായൈ ശാന്താത്മനേ തുരീയാതീത സ്വരൂപിണ്യൈ ദുർഗ്ഗായൈ നമഃ ഇത്യാദി പഞ്ചമന്ത്രങ്ങൾ കൂട്ടൂ. സുബ്രഹ്മണ്യങ്കൽ പഞ്ചതത്ത്വാന്തത്തുങ്കൽ ഷഷ്ഠയേ, വിശാഖായ, ഇന്ദ്രായ, സ്കന്ദായ, സനൽകുമാരായ ഈ അഞ്ചും കൂട്ടിക്കൊള്ളൂ. ഗണപതിയിങ്കൽ പഞ്ചതത്ത്വാന്തത്തുങ്കൽ വരദായ ശാന്താത്മനേ തുരീയാതീതസ്വരൂപിണേ ഗം ഏകദന്തായ നമഃ, ശൂരായ ശക്ത്യാത്മനേ തുരീയസ്വരൂപിണേ ഗം ദ്വിദന്തായ നമഃ, വീരായ നാദാത്മനേ സുഷുപ്തിസ്വരൂപിണേ ഗം ചതുർദ്ദന്തായ നമഃ, വിനായകായ ബിന്ദ്വാത്മനേ സ്വപ്നസ്വരൂപിണേ ഗം വക്രതുണ്ഡായ നമഃ, വിഘ്നായ ബീജാത്മനേ ജാഗ്രൽ സ്വരൂപിണേ ഗം ഹേരംബായ നമഃ ഇങ്ങനെ ഗണപതിയിങ്കൽ അഞ്ചു മന്ത്രങ്ങളിലും ഒടുക്കവും പഞ്ചമന്ത്രങ്ങൾ കൂട്ടണം.

ശാസ്താവിങ്കൽ പഞ്ചതത്ത്വാന്തത്തുങ്കൽ ദീപ്ത്രേ, പ്രഭവേ, ഗോപ്ത്രേ, മാഹാസ്ത്രേ, രേവന്തായ ഈ പഞ്ചമന്ത്രങ്ങൾകൂട്ടി ഒടുക്കം അഞ്ചിനും നമഃ പരായ ഗോപ്ത്രേ നമഃ എന്നുകൂട്ടിക്കൊള്ളൂ. തുരീയാതീതാത്മൻ ഇത്യാദി എല്ലാവർക്കും വേണം.

www.shripuram.org
Shripuram Publications
www.shripuram.org

ആദിക്കു പ്രണവോപചാരപ്രണവവും വേണം. ഇങ്ങനെ അവസ്ഥാവാഹനമന്ത്രങ്ങൾ.

യജ്ഞായജ്ഞാദിപുംസൂക്തകമപി ശിവനാരായണേ പൌരുഷാഖ്യം
ത്രൈലോക്യാണർജിനാർണാദിരപി മുരരിപൌ താരകാരൌ ധ്രുവാണഃ
ദുർഗാസൂക്തം കുമാര്യാം ദ്വിരദവരമുഖേ ബീജമൃക് ച പ്രതിഷ്ഠാ മന്ത്രോ
ബ്രഹ്മാണി പഞ്ച സ്മരജിതി വിഹിതോ ഗോപ്തൃസംജ്ഞഃ പ്രഭേശേ. 44

ശിവനാരായണേ യജ്ഞായജ്ഞാദിപുംസൂക്തകം = ശങ്കരനാരായണങ്കൽ യജ്ഞായജ്ഞാ വോ അഗ്നയേ ഇത്യാദി സൂക്തവും പുരുഷസൂക്തവും മുരരിപൌ പൌരുഷാഖ്യം ജിനാർണ്ണാദിഃ ത്രൈലോക്യാണഃ = വിഷ്ണുവിങ്കൽ പുരുഷസൂക്തവും ഗായത്രീഷഡക്ഷരദ്വാദശാക്ഷരാഷ്ടാക്ഷരങ്ങളും ത്രൈലോക്യവിക്രാന്തായ ഇത്യാദിയും, താരകാരൌ ധ്രുവാണഃ = സുബ്രഹ്മണ്യങ്കൽ ധ്രുവാദ്യൌരിത്യാദി മൂന്ന് ഋക്കും, കുമാര്യാം ദുർഗ്ഗാസൂക്തം = ദുർഗ്ഗയിങ്കൽ, പഞ്ചദുർഗ്ഗയും, ദ്വിരദവരമുഖേ ബീജം ഋക് ച = ഗണപതിയിങ്കൽ ഗംബീജവും ഗണാനാന്ത്വാ ഗണപതിം ഇത്യാദി ഋക്കും, സ്മരജിതി പഞ്ച ബ്രഹ്മാണിശിവങ്കൽ പഞ്ചബ്രഹ്മവും, പ്രഭേശേ ഗോപ്തൃസംജ്ഞഃ = ശാസ്താവിങ്കൽ ഗോപ്താരം വിശ്വഗോപ്താരം ഇത്യാദിയും, പ്രതിഷ്ഠാമന്ത്രഃ വിഹിതഃ = പ്രതിഷ്ഠാമന്ത്രം വിധിക്കപ്പെട്ടു.

ശിവപ്രതിഷ്ഠയിങ്കലേ വിശേഷത്തെ പറയുന്നു.

ആദായാഞ്ചിതമന്ത്രലിംഗകമജേനാസ്ഥാപ്യ വാമാണുനാ
ബ്രഹ്മഗ്രാവ്ണ്യഥ തന്നിരോധവിധിമപ്യാധായ ഘോരാണുനാ
സാന്നിദ്ധ്യം പ്രണമൻ സമർത്ഥ്യപുരുഷേണേശേന സൂനാർച്ചനം
കുര്യാച്ചേതി ശിവപ്രതിഷ്ഠിതിവിധൌ കർമ്മക്രമഃ കീർത്തിതഃ. 45

ശിവപ്രതിഷ്ഠിതിവിധൌ = ശിവലിംഗത്തെ പ്രതിഷ്ഠിക്കുമ്പോൾ, അഞ്ചിതമന്ത്രലിംഗകം അജേന ആദായ = പരാവാഹനയും അവസ്ഥാവാഹനയും മന്ത്രാവാഹനയും തത്പൂജകളും ചെയ്തിരിക്കുന്ന ശിവലിംഗത്തെ സദ്യോജാതമന്ത്രംകൊണ്ട് എല്ലാവരുംകൂടി എടുത്തു, വാമാണുനാ ബ്രഹ്മഗ്രാവ്ണി ആസ്ഥാപ്യ = മൂലപുടിതവാമദേവമന്ത്രം ചൊല്ലി നപുംസകശിലയിങ്കൽ പ്രതിഷ്ഠിച്ച്, ഘോരാണുനാ തന്നിരോധവിധിം അപി ആധായ = അഘോരമന്ത്രംകൊണ്ടു സന്നിരുദ്ധോ ഭവ എന്ന മുദ്രയും കാട്ടി, പ്രണമൻ പുരുഷേണ സാന്നിദ്ധ്യം സമർത്ഥ്യ = മനസാ നമസ്കരിച്ച തത്പുരുഷമന്ത്രംകൊണ്ടു സാന്നിദ്ധ്യം കുരു കുരു എന്ന മുദ്രയും കാട്ടി സാന്നിദ്ധ്യത്തെ പ്രാർത്ഥിച്ച്, ഈശേന സൂനാർച്ചനം കുര്യാത് = ഈശാനനേക്കൊണ്ടു പൂർണ്ണപുഷ്പാഞ്ജലിയേയും ചെയ്വൂ. ഇവിടെ ശേഷം

www.shripuram.org
Shripuram Publications
www.shripuram.org

സാമാന്യമായി പറഞ്ഞിരിക്കുന്ന മന്ത്രങ്ങൾ ഒക്കെയും വേണം. ഇതി കർമ്മക്രമഃ കീർത്തിതഃ = ഇപ്രകാരം ക്രിയകളുടെ ക്രമം പറയപ്പെട്ടു.

ഓം ത്രൈലോക്യവിക്രാന്തായ ത്രിവിക്രമായ വിഷ്ണവേ നമഃ ഇതു വിഷ്ണുവിങ്കലെ പ്രതിഷ്ഠാമന്ത്രം.

ഗോപ്താരം വിശ്വഗോപ്താരം ശാസ്താരം ശാംഭവം പ്രഭും
അമേയമത്ഭുതം ശാന്തം സ്ഥാപയാമ്യഹമച്യുതം. 46

ഇതു ശാസ്താവിങ്കലെ പ്രതിഷ്ഠാമന്ത്രം.

തല്ലംബസൂത്രേണ സമം പ്രകല്പ്യ
ദോർഭ്യാം സ്പൃശൻ ബിംബപദാബ്ജപീഠം
ജപൻ ധ്രുവാദ്യൈരിതി സുപ്രതിഷ്ഠം
കൃത്വാഗ്രതോ വിശ്വമനും പഠേച്ച. 47

തത് ബിംബം ലംബസൂത്രേണ സമം പ്രകല്പ്യ = ആ ബിംബത്തെ കെട്ടുകെട്ടിയ നൂൽചരടുകൊണ്ടു അളന്നു നേരേ നിർത്തിയാൽ, ദോർഭ്യാം ബിംബപദാബ്ജപീഠം സ്പൃശൻ = കൈകൾ രണ്ടു കൊണ്ടും ബിംബത്തിന്റെ പദാഗ്രവും പീഠവും ഒന്നായി തൊട്ടുകൊണ്ട്, ധ്രുവാദ്യൈഃ ഇതി ജപൻ സുപ്രതി(ഷ്ഠിതം? ഷ്ഠം) കൃത്വാ = ധ്രുവാദ്യൈഃ എന്നു തുടങ്ങി മൂന്നു ഋക്കും, ആത്വാഹർഷം ഇത്യാദി സൂക്തവും ജപിച്ച്, അന്യോന്യയോഗത്തെ ഉറപ്പായി കല്പിച്ച്, അഗ്രതഃ വിശ്വമനും പഠേത് ച = മുമ്പിൽ തൊഴുതുനിന്ന് വിശ്വതശ്ചക്ഷുഃ എന്ന ഋക്കുകൊണ്ടു സ്തുതിപ്പൂ.

ബ്രഹ്മഗ്രാവ്ണി സ്ഥാപയിത്വോക്തനീത്യാ
ലിംഗം സ്ഥാണൌ സ്ഥാപയേച്ച സ്വപീഠം
തത്രോമാ ശക്തീഷുതത്ത്വാദിനാഷ്ടാ-
ർണ്ണേനൌമേയേനാന്തവാമധ്രുവേണ. 48

സ്ഥാണൌ ലിംഗം ഉക്തനീത്യാ ബ്രഹ്മഗ്രാവ്ണി സ്ഥാപയിത്വാ = ശിവങ്കൽ, ലിംഗത്തെ പറഞ്ഞ ക്രമംപോലെ, നപുംസകശിലയിൽ പ്രതിഷ്ഠിച്ച് ഈശാനനേക്കൊണ്ടു പുഷ്പാഞ്ജലി ചെയ്താൽ, തത്ര ഓമാ ശക്തീഷുതത്ത്വാദിനാ ഔമേയേന അഷ്ടാർണ്ണേന അന്തവാമധ്രുവേണ സ്വപീഠം സ്ഥാപയേത് = പ്രണവത്രയത്തോടുകൂടി ശക്തിബീജവും ശക്തിപുടിതപഞ്ചതത്ത്വവും ഔമേയാഷ്ടാക്ഷരവും ഒടുക്കം വാമദേവമന്ത്രവും പ്രണവവും ജപിച്ചു പീഠത്തെ സാവധാനമായി ലിംഗത്തെ മുട്ടാതെ ഇറക്കിത്താഴ്ത്തു സ്വസ്ഥാനത്തു വയ്പൂ.

Shripuram Publications
www.shripuram.org

സദ്യോന സ്വഹൃദംബുജാദഥ സമാദായ പ്രസൂനാഞ്ജലിം
കുർവൻ സ്ഥാപിതലിംഗകേ ശിവമഹഃ പ്രാവേശ്യ വാമാണുനാ
മുദ്രാമാകലയന്നിരോധനമഘോരാഖ്യാണുനാ സന്നിധിം
പുംസാധായ ശിവാത്മകേന മനുനാ മന്ത്രീ സമഭ്യർച്ചയേത്. 49

അഥ മന്ത്രീ = അനന്തരം ആചാര്യൻ, സദ്യോന സ്വഹൃദംബുജാത് ശിവമഹഃ സമാദായ = സദ്യോജാതമന്ത്രംകൊണ്ടു പ്രണവോപചാരമൂല സഹിതമായി ശിവചൈതന്യത്തെ ഗന്ധപുഷ്പാക്ഷതങ്ങളേക്കൊണ്ടു സ്വ ഹൃദയത്തുങ്കൽനിന്ന് ആവാഹിച്ച്, സ്ഥാപിതലിംഗകേ വാമാണുനാ പ്ര സൂനാഞ്ജലിം കുർവൻ പ്രവേശ്യ = പ്രതിഷ്ഠിച്ചിരിക്കുന്ന ശിവലിംഗത്തു ങ്കൽ വാമദേവമന്ത്രംകൊണ്ടു ആവാഹിച്ചു പുഷ്പങ്ങളെ അർപ്പിച്ചു തച്ചൈ തന്യത്തെ ശിവലിംഗത്തുങ്കൽ പ്രവേശിപ്പിച്ച്, അഘോരാഖ്യാണുനാ നിരോധനം മുദ്രാം ആകലയൻ = അഘോരമന്ത്രം ജപിച്ചു സന്നിരുദ്ധോ ഭവ എന്ന മുദ്രകാട്ടി സ്ഥിരീകരണത്തെ കല്പിച്ച്, പുംസാ സന്നിധിം ആ ധായ = തത് പുരുഷനേക്കൊണ്ടു സാന്നിദ്ധ്യം കുരു കുരു എന്ന മുദ്രകാട്ടി സാന്നിദ്ധ്യത്തെ പ്രാർത്ഥിച്ച്, ശിവാത്മകേന മനുനാ സമഭ്യർച്ചയേത് = ഈശാനനേക്കൊണ്ടു പുഷ്പാഞ്ജലിയേയും ചെയ്വൂ. ധ്രുവാദി തൊട്ടുജപി പ്പൂ. ഈ മന്ത്രങ്ങൾ അഞ്ചും മൂലപുടിതമായി വേണമെന്നും പക്ഷമുണ്ട്.

അനന്തരം അഷ്ടബന്ധം ഇടുന്നതിനേ പറയുന്നു

ബീജേന പീഠം പ്രകൃതിസ്വരൂപം
മൂലേന ബിംബം പുരുഷാത്മകം ച
ഇഷ്ട്വാഷ്ടബന്ധം സകലേഷു കുര്യാൽ
സ്ഥേമ്നേ മിഥഃ സങ്കലനസ്യ ധാമ്നോഃ. 50

സകലേഷു ബീജേന പ്രകൃതിസ്വരൂപം പീഠം മൂലേന പുരുഷാത്മകം ബിംബം ച ഇഷ്ട്വാ = എല്ലാ ദേവന്മാരിലും തത്തച്ഛക്തിബീജംകൊണ്ട് മൂലപ്രകൃതിസ്വരൂപമായിരിക്കുന്ന പീഠത്തേയും മൂലംകൊണ്ടു വിരാട്പു രുഷസ്വരൂപമായ ബിംബത്തേയും വെവ്വേറേ ആവാഹിച്ചു വ്യാപകാം ഗാദിചെയ്തു ഉപഹാരങ്ങളെ കൊടുത്തു പൂജിച്ച്, മാനസപൂജയും ചെയ്ത്, ധാമ്നോഃ മിഥഃ സങ്കലനസ്യ സ്ഥേമ്നേ = ആ തേജസ്സുകളുടെ അന്യോന്യം യോജിച്ചിരിക്കുന്നതിന്റെ ഉറപ്പിന്നായിക്കൊണ്ട്, അഷ്ടബന്ധം കുര്യാത് = അഷ്ടബന്ധത്തെ ഇടണം.

സമ്പാതം നവശക്തിജം സുമഹിതേ സിക്ത്വാഷ്ടബന്ധേ തഥാ
രത്നൈസ്തദ്വിവരം സഹേമസികതൈരാപൂര്യ തത്രാപി ച
വസ്ത്രാദ്യൈഃ പരിഭ്രഷ്യ ശക്തിപുരുഷൌ താരോപചാരാസനാ-

www.shripuram.org
Shripuram Publications
www.shripuram.org

ഭീജ്യാശക്തിമന്ധ്രുവേണ കലയേത്തത്രാഷ്ടബന്ധം ദൃഢം. 51

സുമഹിതേ അഷ്ടബന്ധേ = മുമ്പിൽതന്നെ പുണ്യാഹം തളിച്ചിരിക്കുന്ന അഷ്ടബന്ധത്തിനെ തളിച്ചു രക്ഷിച്ചു ശോഷണാദി മൂന്നും നവശക്തികൊണ്ടു പ്രാണായാമവും വ്യാപകവും നവശക്തികൊണ്ടു പൂജയും ചെയ്തിരിക്കുന്ന അഷ്ടബന്ധത്തുങ്കൽ, നവശക്തിജം സമ്പാതം സിക്ത്വാ = നവശക്തിഹുതസമ്പാതത്തെ സ്പർശിച്ച്, സഹേമസികതൈഃ രത്നൈഃ തദ്വിവരം ആപൂര്യ തത്ര അപി = മണലുകൊണ്ടും സ്വർണ്ണരത്നങ്ങളെക്കൊണ്ടും നാളത്തിന്റെ ഇടയെ നിറച്ച് അവിടെയും സമ്പാതശേഷത്തെ സ്പർശിച്ച്, ശക്തിപുരുഷൌ വസ്ത്രാദ്യൈഃ പരിഭൂഷ്യ = ശക്തിപുരുഷാത്മകങ്ങളായ പീഠബിംബങ്ങളെ വസ്ത്രാഭരണമാല്യങ്ങളെക്കൊണ്ട് അലങ്കരിച്ചു ദാനംചെയ്തു നീരാജനത്തെ ഉഴിഞ്ഞ്; തത്ര താരോപചാരാസനാഭീജ്യാശക്തിമന്ധ്രുവേണ അഷ്ടബന്ധം ദൃഢം കലയേത = പ്രണവം ഉപചാരം മൂലം പീഠപൂജാ മന്ത്രം നവശക്തി ശക്തിബീജം പ്രണവം ഇത്രയും ജപിച്ച്, അഷ്ടബന്ധത്തെ നാളത്തിൻചുറ്റുമിട്ടു ഉറപ്പായിട്ടു ചേർപ്പൂ.

കൃത്വാ ധ്രുവാത്മമന്മർശനമാദിനാഭി-
വ്യാപ്യാ ദ്വിധാ പ്രകൃതിപൂരുഷയോർവിഭാവ്യ
അന്യോന്യസങ്കലനമാതനയാത് സ്വമൂല-
മന്ത്രാഭിവാഹനസഹാവയവിക്രിയാദ്യം. 52

ധ്രുവാത്മമന്മർശനം കൃത്വാ = പിന്നെ അഷ്ടബന്ധത്തെത്തൊട്ടു ധ്രുവാദ്യൌരിത്യാദി ധ്രുവസൂക്തത്തെ ജപിച്ച്, ആദിനാ ദ്വിധാ അഭിവ്യാപ്യ = പ്രണവംകൊണ്ടു മേല്പോട്ടും കീഴ്പോട്ടും വ്യാപകത്തെച്ചെയ്ത്, പ്രകൃതി പുരുഷയോഃ അന്യോന്യസങ്കലനം വിഭാവ്യ = പ്രകൃതിപുരുഷന്മാരുടെ അന്യോന്യസംയോഗത്തെ സ്ഥിരമായി കല്പിച്ച്, സ്വമൂലമന്ത്രാഭിവാഹനസഹാവയവിക്രിയാദ്യം ആതനയാത് = മൂലംകൊണ്ടു ദേവനെ ആവാഹിച്ച് ലിപിതത്ത്വന്യാസാദി ചെയ്തു സകളീകരിച്ച് സ്നാനാന്തമായ ഉപഹാരങ്ങളേയും കൊടുപ്പൂ. വസ്ത്രാദികൊടുത്തു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്യണം.

നീരാജ്യ മൂർധ്നി കൃതഹേമ്നി ഘടേശ്വരേണ
സിക്ത്വാ ത്രിതത്ത്വമന്വിന്യസനം ച കൃത്വാ
നിദ്രാഘടേന ച തഥാഖിലതത്ത്വമൂലൈ-
രാസിച്യ തന്ന്യസനചർച്ചിതമാതനോതു. 53

www.shripuram.org
Shripuram Publications
www.shripuram.org

നീരാജ്യ കൃതഹേമ്നി മൂർദ്ധ്നി = പിന്നെ ബിംബത്തിന്റെ ശിരസ്സിൽ സ്വർണ്ണത്തെ വച്ച് നീരാജനത്തെ ഉഴിഞ്ഞ്, ഘടേശ്വരേണ സിക്ത്വാ = പ്രണവോപചാരമൂലങ്ങളും ത്രിതത്ത്വങ്ങളും ചൊല്ലി കുംഭേശകലശത്തെ ആടി, ത്രിതത്ത്വമനുവിന്യസനം ച കൃത്വാ = പ്രണവവ്യാപകവും ത്രിതത്ത്വന്യാസവും മൂലാക്ഷരാംഗന്യാസവും ചെയ്തു മൂലംകൊണ്ടു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയേച്ചെയ്വൂ. തഥാ അഖിലതത്ത്വമൂലൈഃ നിദ്രാഘടേന ച ആസിച്യ = അപ്രകാരം പ്രണവോപചാരമൂലങ്ങളും അഖിലതത്ത്വമൂലപ്രണവങ്ങളും ജപിച്ച് നിദ്രാകലശത്തെ ആടി, തന്ന്യസനചർച്ചിതം ആതനോതു = തത്ത്വന്യാസവും മൂലാക്ഷരാംഗന്യാസവും ചെയ്തു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയേയും ചെയ്വൂ.

തതോ മധുക്ഷീരസുസംഭൃതാഭ്യാം
നീരാജയേൻമൂർദ്ധ്നി ശിവേ ഘടാഭ്യാം
ദൂർവാങ്കുരൈഃ കാദിഷു സർപ്പിരാദീൻ
സമർപ്പയേത്തന്മനുഭിർമുരാരൌ. 54

തതഃ ശിവേ മധുക്ഷീരസുസംഭൃതാഭ്യാം ഘടാഭ്യാം മൂർദ്ധ്നി നീരാജയേത് = പിന്നെ ശിവങ്കൽ തേനും നെയ്യും രണ്ടു പാത്രത്തിൽനിറച്ചു കൊണ്ടുവന്ന് അതിനേ കൈയിലെടുത്തു ബിംബശിരസ്സുങ്കൽ മൂന്നു പ്രാവശ്യം ഉഴിവൂ. ഗണപതിക്കും സുബ്രഹ്മണ്യനും കൂടെ ഇങ്ങനെ ഉഴിയണം. മുരാരൌ കാദിഷു ദൂർവാങ്കുരൈഃ സർപ്പിരാദീൻ തന്മനുഭിഃ സമർപ്പയേത് = വിഷ്ണുവിങ്കൽ ശിരസ്സു തുടങ്ങി അഞ്ചു സ്ഥാനങ്ങളിലും വച്ചിരിക്കുന്ന നെയ്യ് തുടങ്ങിയവ അഞ്ചിനേയും കറുകയുടെ അഗ്രങ്ങളെക്കൊണ്ടും പഞ്ചതത്ത്വംകൊണ്ടും തളിപ്പൂ. അപ്രകാരം എല്ലാ ദേവന്മാരിലും തന്റെ തന്റെ ഉപഹാരപാത്രത്തെ കൊണ്ടുവന്നു അതതു മന്ത്രംകൊണ്ടു പ്രോക്ഷിപ്പൂ.

സ്ഥൂലാവാഹനമുദ്രയ്ക്കു മുമ്പിൽ ജീവാവാഹന ചെയ്യണമെന്നു പന്ത്രണ്ടാം പടലത്തിൽ പറയും. അതുകൊണ്ട് ഇവിടെ ഗുരുപദേശക്രമംപോലെ ജീവാവാഹനയും പ്രണവന്യാസങ്ങളും പൂര്യകാദിന്യാസവും ചെയ്തു പൂജിച്ചാൽ സ്ഥൂലാവാഹനയെ ചെയ്വാൻ പറയുന്നു.

സ്ഥൂലാത്മകം ത്രിതനുസമ്പുടിതേന രൂപ-
മാവാഹ്യ മൂലമനുനാ മനുബിംബകേ/ഥ
വിന്യസ്യ തത്തദണുസിദ്ധഷഡദ്ധ്വകാദ്യം
സ്വസ്വാണുനാ സുമഹിതീകൃതമാതനോതു. 55

അഥ = ജീവാവാഹന ചെയ്തിന്റെ ശേഷം, ത്രിതനുസമ്പുടിതേന മൂലമനുനാ = പ്രണവപുടിതമായിരിക്കുന്ന മൂലംകൊണ്ട്, മനുബിംബകേ

Shripuram Publications
www.shripuram.org

സ്ഥൂലാത്മകം രൂപം ആവാഹ്യ = ബിംബത്തുങ്കൽ പ്രണവോപചാരവും സ്ഥൂലാത്മന്നാഗച്ഛ ഇത്യാദിയും കൂട്ടി സ്ഥൂലമൂർത്തിയെ ആവാഹിച്ച ആവാഹനമുദ്ര കാട്ടി, തത്തദങ്ഗസിദ്ധഷഡദ്ധ്വ കാദ്യം വിന്യസ്യ = അതതു മൂലമന്ത്രവിധാനമായി ഷഡദ്ധ്വന്യാസാദിയെച്ചെയ്ത്, സ്വസ്വാങ്ഗനാ സുമഹതീകൃതം ആതനോതു = തന്റെ തന്റെ മൂലമന്ത്രവിധാനമായി മൂർത്തി പൂജയും ചെയ്തു അർഘ്യം കൊടുത്തു മാനസപൂജയും ചെയ്‌വൂ.

സ്തോത്രാവാഹനമാചരേദഥ ശിവേ യസ്യേതിപൂർവാങ്ഗനാ
സേനാന്യാമപി ശീഘ്രമാദിമനനോമാവാഹയാമ്യന്വിതം
ആയാത്വിത്യുദിതപ്രതിഷ്ഠിതിവിധേഃ പ്രാഗേവ വേഹാര്യകേ
ശ്രീശേ ബിംബവിശുദ്ധിവിധ്യവസിതൌ വാവാഹയാമ്യാദിനാ. 56

അഥ ശിവേ യസ്യേതിപൂർവാങ്ഗനാ സ്തോത്രാവാഹനം ആചരേത് = സ്ഥൂലാവാഹന ചെയ്താൽ ശിവങ്കൽ 'യസ്യ സിംഹാ രഥേ യുക്താ' ഇത്യാദി മന്ത്രങ്ങളേക്കൊണ്ടു രണ്ടു കൈയിലും പുഷ്പങ്ങളെ എടുത്ത് ആവാഹിച്ച ലിംഗമൂർദ്ധാവിങ്കൽ ആരാധിപ്പൂ. സേനാന്യാം = സുബ്രഹ്മണ്യങ്കൽ ഇവിടെത്തന്നെ, ഓമാവാഹയാമ്യന്വിതം ശീഘ്രമാദിമനനാ അപി = ഓം ആവാഹയാമി എന്ന് ഒടുക്കംകൂടി ഇരിക്കുന്ന 'ശീഘ്രമായാതു ഭദ്രം' ഇത്യാദികൊണ്ടു ആവാഹിപ്പൂ. ആര്യകേ ഉദിതപ്രതിഷ്ഠിതിവിധേഃ പ്രാക് വാ ഇഹ വാ ആയാതു ഇതി = ശാസ്താവിങ്കൽ പ്രതിഷ്ഠയ്ക്കു മുമ്പിലെങ്കിലും ഇവിടെയെങ്കിലും 'ആയാതു ശാസ്താ സഗണോ മുദേ ന' ഇത്യാദി മന്ത്രംകൊണ്ട് ഓം ആവാഹയാമി എന്നുകൂട്ടി ആവാഹിപ്പൂ. ശ്രീശേ ബിംബവിശുദ്ധിവിധ്യവസിതൌ വാ ഇഹ വാ ആവാഹയാമ്യാദിനാ = വിഷ്ണുവിങ്കൽ ബിംബശുദ്ധി ആടിക്കഴിഞ്ഞാൽ അവിടെത്തന്നെ എങ്കിലും ഇപ്പോളെങ്കിലും, ആവാഹയാമ്യമരവൃന്ദനതാംഘ്രിയുഗ്മം ഇത്യാദികൊണ്ട് ആവാഹിച്ച് എല്ലാടവും ബിംബമൂർദ്ധാവിങ്കൽ പുഷ്പങ്ങളെ ആരാധിപ്പൂ. ദുർഗ്ഗയിങ്കലും ശങ്കരനാരായണങ്കലും ഗണപതിയിങ്കലും സ്തോത്രാവാഹനമന്ത്രം പറയായികകൊണ്ടു മൂലംകൊണ്ടുതന്നെ ചെയ്‌വൂ.

അനന്തരം ഈ മന്ത്രങ്ങളെ പറയുന്നു.

യസ്യ സിംഹാ രഥേ യുക്താ വ്യാഘ്രശ്ച ഭൂതാസ്തഥാനുഗാഃ
ഋഷയോ ലോകപാലാശ്ച ദേവസ്കന്ദസ്തഥാ വൃഷഃ. 57

പ്രിയാ ഗണോ മാതരശ്ച സോമോ വിഷ്ണുഃ പിതാമഹഃ
നാഗാ യക്ഷാഃ സഗന്ധർവാ യേ ച ദിവ്യാ നഭശ്ചരാഃ. 58

www.shripuram.org
Shripuram Publications
www.shripuram.org

തമഹം ത്ര്യക്ഷമീശാനം ദേവം സ്ഥാണുമുമാപതിം
ആവാഹയാമി സഗണം സപത്നീകം വൃഷദ്ധ്വജം. 59

ആഗച്ഛാഗച്ഛ ഭഗവൻ സ്ഥിരോ ഭവ ശിവോ ഭവ
ധ്രുവോ ഭവ പ്രസന്നോ ഭവ നമോസ്തു തേ.

ഇത്രയും ചൊല്ലി ആവാഹിച്ച് ഓം ഹൌം നമഃ ശിവായ, ഓം ജ്ഞം സഃ, ശിവ സർവദാത്ര സാന്നിദ്ധ്യം കുരു കുരു അധിഷ്ഠായ തിഷ്ഠ സ്വാഹാ, നിരോധനം ച നോ ഭവ പൂജാം പ്രതിഗൃഹ്ണാതു ഭവാൻ, മന്ത്രപൂർവമിദമർഘ്യമിദം പാദ്യമിദമാചമനീയമിദമേതദാസനം ബ്രഹ്മണാ വിഹിതം സ്വയം സ്വാഹാ, ഇതി, തൊഴുതു പ്രാർത്ഥിപ്പൂ. ഇങ്ങനെ ആറു ശ്ലോകം ശിവന്റെ സ്തോത്രാവാഹനമന്ത്രങ്ങൾ.

സുബ്രഹ്മണ്യങ്കൽ –

ശീഘ്രമായാതു ഭദ്രം തേ സുകുമാര സുപത്മജ
മയൂരരഥയുക്തശ്ച വാരണാനുചരോ ഗുഹഃ. 60

അന്നാദ്യപ്രിയശീലസ്തു ശക്തിതോമരവജ്രധൃക്
കാർത്തികേയ സുരശ്രേഷ്ഠ അസുരേന്ദ്രപ്രമർദ്ദന. 61

ഓം ആവാഹയാമി; ഇത്രയും ആവാഹനമന്ത്രങ്ങൾ.

ശാസ്താവിങ്കൽ –

ആയാതു ശാസ്താ സഗണോ മുദേ നോ
ഹയേന നാഗാനുചരേണ ശീഘ്രം
ഭവാത്മജോ വാരിനിധീശ്വരോ/യം
സ കേതുനാ കൃഷ്ണനിഭേന ഗോപ്താ. 62

ഓം ആവാഹയാമി; ഇത്രയും ആവാഹനമന്ത്രം.

വിഷ്ണുവിങ്കൽ –

ആവാഹയാമ്യമരവൃന്ദനതാംഘ്രിയുഗ്മം
ലക്ഷ്മീപതിം ഭുവനകാരണമപ്രമേയം
ആദ്യം സനാതനതനും പ്രണവാസനസ്ഥം
പൂർണ്ണേന്ദുഭാസ്കരഹുതാശസഹസ്രഭാസം. 63

ധ്യേയം പരം സകലതത്ത്വവിദാം ച വേദ്യം
വാരാഹകാപിലനൃകേസരിസൌമ്യമൂർത്തിം

www.shripuram.org
Shripuram Publications
www.shripuram.org

ശ്രീവത്സകൌസ്തുഭമഹാമണിഭൂഷിതാംഗം
കൌമോദകീകമലശംഖരഥാംഗഹസ്തം. 64

സർവത്രഗോ/സി ഭഗവൻ കില യദ്യപി ത്വാ-
മാവാഹയാമി ഹി യഥാ വ്യജനേന വായും
ഢ്ഢോ യഥൈവ ദഹനോ മഥനാദുപൈതി
ഹ്യാവാഹിതോ/പി ഹി തഥാ ത്വമുപൈഷിചാർച്ചാം. 65

മാലാധരാച്യുത വിഭോ പരമാർത്ഥമൂർത്തേ
സർവജ്ഞ നാഥ പരമേശ്വര സർവശക്തേ!
ആഗച്ഛ മേ കുരു ദയാം പ്രതിമാം ഭജസ്വ
പൂജാം ഗൃഹാണ മദനുഗ്രഹകാമ്യയാദ്യ. 66

ഓം ആവാഹയാമി ഇത്രയും ആവാഹനമന്ത്രം. ദുർഗയ്ക്കും ഗണപതിക്കും ശങ്കരനാരായണനും പ്രണവോപചാരമൂലങ്ങളെക്കൊണ്ടുതന്നെ ഇപ്രകാരം സ്തോത്രാവാഹനയെച്ചെയ്‌വൂ.

ഇതി സംസ്ഥാപ്യ വിശ്വേഷു
വിശ്വതശ്ചക്ഷുരാദിഭിഃ
ഉപതിഷ്ഠേത ലോകാദി-
മന്ത്രൈശ്ച സ്വാഗമോദിതൈഃ. 67

വിശ്വേഷു ഇതി സംസ്ഥാപ്യ = എല്ലാ ദേവന്മാരിലും ഇപ്രകാരം സ്തോത്രാവാഹനയെച്ചെയ്തു മൂലാംഗം ന്യസിച്ചു പൂജിച്ചു മാനസപൂജയും ചെയ്ത്, വിശ്വതശ്ചക്ഷുരാദിഭിഃ സ്വാഗമോദിതൈഃ ലോകാദിമന്ത്രൈഃ ച ഉപതിഷ്ഠേത = പൂർണ്ണപുഷ്പാഞ്ജലിയെച്ചെയ്ത്, വിശ്വതശ്ചക്ഷുരുത ഇത്യാദികൊണ്ടും ആഗമോക്തങ്ങളായ ലോകാദിമന്ത്രങ്ങളെക്കൊണ്ടും ദേവനേ സ്തുതിപ്പൂ.

ലോകാനുഗ്രഹഹേത്വർത്ഥം സ്ഥിരീഭവ സുഖായ നഃ
സാന്നിദ്ധ്യം ച തഥാ ദേവ പ്രത്യഹം പരിവർദ്ധയ. 68

മാ ഭൂത് പ്രജാവിരോധോ/സ്മിൻ യജമാനഃ സമൃദ്ധ്യതാം
സഭൂപാലം തഥാ രാഷ്ട്രം സർവോപദ്രവവർജ്ജിതം. 69

ക്ഷേമേണ വൃദ്ധിമതുലാം സുഖമക്ഷയമശ്നുതാം
പൂജാം ഗൃഹാണ സതതം മാമുദ്ധര നമോസ്തു തേ. 70

www.shripuram.org
Shripuram Publications
www.shripuram.org

ഇതു മൂന്നും ലോകാദിമന്ത്രങ്ങൾ
ശിവങ്കൽ രണ്ടുകൊണ്ടുകൂടെ സ്തുതിപ്പാൻ പറയുന്നു.

സർവ്വമന്ത്രാദിസംയുക്തോ ലോകാനുഗ്രഹകാമ്യയാ
അത്ര ലിംഗേ മഹാദേവ സന്നിധൌ ഭവ സർവദാ. 71

യാവച്ചന്ദ്രശ്ച സൂര്യശ്ച യാവത്തിഷ്ഠതി മേദിനീ
താവത്ത്വയാത്ര ലോകേശ സ്ഥാതവ്യമിഹ സർവദാ. 72

ഇതു രണ്ടും ശിവനു വിശേഷമുള്ളത്.

ശ്രീസൂക്തം ത്രിഷ്ടുബൃചം
പുംസൂക്തരഥന്തരാഖ്യഗായത്രാണി.
ശാക്വരശിവസങ്കല്പൌ
ദുർഗ്ഗായാം പാഠയേൽ പ്രതിഷ്ഠാസിയുതം. 73

ദുർഗായാം = ദുർഗയിങ്കൽ, ശ്രീസൂക്തം = ഹിരണ്യവർണ്ണാം ഇത്യാദിയും, ത്രിഷ്ടുബൃചം = ജാതവേദസേ എന്നും, പുംസൂക്തരഥന്തരാഖ്യഗായത്രാണി = പുരുഷസൂക്തവും അഭിത്വാ ശൂര നോ നമഃ = ഇത്യാദിയും പിബാ സോമമിന്ദ്ര ഇത്യാദിയും, ശാക്വരശിവസങ്കല്പൌ = വിദാ മഘവൻ ഇത്യാദിയും സാമങ്ങൾ യേനേദം ഭൂതമിത്യാദി ശിവസങ്കല്പസൂക്തവും, പ്രതിഷ്ഠാസിയുതം = പ്രതിഷ്ഠാസി പ്രതിഷ്ഠാവന്ത ഇത്യാദി യജൂസ്സും ഇവ മന്ത്രങ്ങളെക്കൊണ്ടു, പാഠയേത് = ആചാര്യൻ താൻ പരികർമ്മികളെക്കൊണ്ടു താൻ സ്തുതിപ്പിക്കണം. ഇവിടെ ത്രിഷ്ടുപ് എന്നു പറഞ്ഞെടുത്തു പഞ്ചദുർഗ്ഗവേണം.

മൂലേനോങ്കാരോപചാരാന്വിതേന
മന്ത്രീ മന്ത്രാവാഹനം സംവിധായ
തത്സാക്ഷ്യം മാതൃകാതത്ത്വമന്ത്ര-
വർണാംഗന്യാസാദിഭിഃ കല്പയേച്ച. 74

ഓങ്കാരോപചാരാന്വിതേന മൂലേന മന്ത്രീ മന്ത്രാവാഹനം സംവിധായ = പിന്നെ ആചാര്യൻ പ്രണവോപചാരമൂലങ്ങളേക്കൊണ്ടു സാമാന്യമായ മന്ത്രാവാഹനയെച്ചെയ്തു, മാതൃകാതത്ത്വ മന്ത്രവർണ്ണാംഗന്യാസാദിഭിഃ തത്സാക്ഷ്യം കല്പയേത് ച = ആവാഹനമുദ്രയും വ്യാപകവും ചെയ്തു. ലിപിയും തത്ത്വങ്ങളും അക്ഷരാംഗായുധങ്ങളും ന്യസിച്ച സകളസ്വരൂപനായി ധ്യാനിപ്പൂ.

Shripuram Publications
www.shripuram.org

തതഃ ക്രമേണ പ്രസമർപ്യ മന്ത്രീ
പാദ്യാദിതത്തദ്വിഹിതോപഹാരാൻ
സമർച്ച്യ ദേവം പരമാന്നമസ്മൈ
നിവേദ്യ ഭക്ത്യാ പരിതോഷയേച്ച. 75

തതഃ മന്ത്രീ പാദ്യാദിതത്തദ്വിഹിതോപഹാരാൻ ക്രമേണ സമർപ്പ്യ = പിന്നെ ആചാര്യൻ പാദ്യാദികളായി തനിക്കു തനിക്കു പറഞ്ഞിരിക്കുന്ന ഉപഹാരങ്ങളെ കൊടുത്തു, ദേവം സമർച്ച്യ = പിന്നെ മൂർത്തിപൂജയും ചെയ്ത്, അസ്മൈ പരമാന്നം നിവേദ്യ = ഈ ദേവനായിക്കൊണ്ടു മധുരമായിരിക്കുന്ന പായസത്തെ നിവേദിച്ച്, ഭക്ത്യാ പരിതോഷയേത് ച = നല്ല ഭക്തിശ്രദ്ധായുക്തനായിട്ടു പ്രസന്നപൂജയും ചെയ്‌വൂ.

ആരാദ്ധ്യ യോഗകമലം നിയമാർച്ചനാർത്ഥ-
മാവാഹ്യ മൂലമനുനാ സകളം വിഭാവ്യ
ദേവം സമസ്തപരിവാരസമേതമേതം
ഭക്ത്യാ സ്വകല്പകഥിതക്രമതോ യജേത. 76

നിയമാർച്ചനാർത്ഥം യോഗകമലം ആരാദ്ധ്യ = പിന്നെ നിത്യപൂജയ്ക്കായിക്കൊണ്ടു ഉർവാദിസമഷ്ട്യന്തമായ മന്ത്രങ്ങളെക്കൊണ്ടു പീഠത്തെ പൂജിച്ച്, മൂലമനുനാ ആവാഹ്യ = പ്രണവോപചാരമൂലങ്ങളെക്കൊണ്ടു ആവാഹിച്ച്, സകളം വിഭാവ്യ = ഷഡദ്ധ്വന്യാസാദികൊണ്ടു സകളീകരിച്ച്, സമസ്തപരിവാരസമേതം ഏതം ദേവം സ്വകല്പകഥിതക്രമതഃ ഭക്ത്യാ യജേത = ധ്യാനിച്ച ഉപഹാരങ്ങളേയും കൊടുത്ത്, സകലപരിവാരമന്ത്രങ്ങളോടുകൂടി ഇരിക്കുന്ന ദേവനെ തന്റെ തന്റെ കല്പത്തിൽ പറയുന്ന ക്രമംപോലെ ഭക്തിയോടുകൂടി മൂർത്തിപൂജയെച്ചെയ്‌വൂ.

നിവേദ്യ ഹൃദ്യം ബഹു പായസാദ്യം
ദേവായ സന്തർപ്പ്യ തമഗ്നിരൂപം
ദ്വാസ്ഥാദികാംസ്തത്പരിവാരമുഖ്യാ-
നഭ്യർച്ച്യ തേഭ്യോ വികിരേദ് ബലിം ച. 77

ദേവായ പായസാദ്യം ഹൃദ്യം ബഹു നിവേദ്യ = ദേവനായിക്കൊണ്ടു പാൽപായസം പരമാന്നം വെളുത്ത ഹവിസ്സ് ഇത്യാദി നന്നായിട്ടുള്ള ഉപദംശങ്ങളോടുംകൂടി വളരെ നിവേദിച്ച നടയും അടച്ചാൽ, അഗ്നിരൂപം തം സന്തർപ്യ = അഗ്നിയിങ്കൽ ആ ദേവനെ പൂജിച്ച വൈശ്യഹോമവും ബ്രാഹ്മണഭോജനവും ചെയ്ത്, ദ്വാസ്ഥാദികാൻ തത്പരിവാരമുഖ്യാൻ അഭ്യർച്ച്യ = ദ്വാസ്ഥന്മാർ തുടങ്ങിയുള്ള ദേവന്റെ പ്രധാനപരിവാരങ്ങളേ

www.shripuram.org
Shripuram Publications
www.shripuram.org

യും അതതു മന്ത്രംകൊണ്ടു അർച്ചിച്ച്, തേഭ്യഃ ബലിം ച വികിരേത = ആ പരിവാരങ്ങൾക്കു ബലിയേയും തൂകുക.

തത്തദ്വാരപവാഹനദ്വിപമുഖേശാശേശമാത്രാര്യകാൻ
ദുർഗ്ഗാഷൺമുഖശേഷഭൃങ്ഗിനിജസഭാദ്വാസ്ഥാൻ സമർച്ച്യ ക്രമാത്
ഇഷ്ട്വാഷ്ടധ്വജനായകാനഥ മഹാപീഠേ തദീയാവൃതീ
ജ്യാന്തേ പാരിഷദാധിപം ച ധിനുയാദേഷാത്ര ലഘ്വീ ക്രിയാ. 78

തത്തദ്വാരപവാഹനദ്വിപമുഖേശാശേശമാത്രാര്യകാൻ = മുമ്പിൽ അതതു ദേവന്മാരുടെ നടയിലെ ദ്വാസ്ഥന്മാരേയും, മണ്ഡപത്തിൽ വാഹനത്തേയും, തെക്കേ നടയിൽ ഗണപതി ദക്ഷിണാമൂർത്തികളേയും, പിന്നെ ദ്വാസ്ഥന്മാരുള്ളേടത്തു ദ്വാസ്ഥന്മാരേയും, ഇന്ദ്രാദി ദിക്പാലന്മാർ പത്തും മാതൃക്കളേയും ശാസ്താവിനേയും, ദുർഗ്ഗാഷൺമുഖശേഷഭൃങ്ങനിജസഭാദ്വാസ്ഥാൻ = ദുർഗ്ഗയേയും സുബ്രഹ്മണ്യനേയും (വൈശ്രവണനേയും?) നിർമ്മാല്യധാരിയേയും സഭാദ്വാസ്ഥന്മാരേയും, അഷ്ടധ്വജനായകാൻ അപി ഇഷ്ട്വാ = പുറത്തേ കുമുദാദിധ്വജദേവതാദ്വാരാന്തങ്ങളുടെ എട്ടിനേയും ക്ഷേത്രപാലനേയുമർച്ചിച്ചു തൂകുക. അത്ര ഏഷാ ക്രിയാ ലഘ്വീ = ഇവിടെ ഈ ക്രിയ ചുരുക്കമായിട്ടുള്ളത്.

പ്രദക്ഷിണീകൃത്യ കൃതപ്രണാമഃ
സമ്പ്രാർത്ഥ്യ യാവന്മനുനാഗ്രസംസ്ഥഃ
ആചമ്യ സർവാൻ പരിവാരമുഖ്യാ-
നന്തഃ പ്രവിഷ്ടോ വിസൃജേന്നിവേദ്യം. 79

പ്രദക്ഷിണീകൃത്യ കൃതപ്രണാമഃ = പിന്നെ ദേവനെ പ്രദക്ഷിണം വച്ചു മണ്ഡപത്തിൽ നമസ്കരിച്ച്, അഗ്രസംസ്ഥഃ യാവന്മനുനാ സർവാൻ പരിവാരമുഖ്യാൻ സംപ്രാർത്ഥ്യ = നടയിൽ തൊഴുതുനിന്നു യാവദത്ര ഇത്യാദി മന്ത്രംകൊണ്ട് എല്ലാ പരിവാരങ്ങളോടും പ്രാർത്ഥിച്ച്, ആചമ്യ അന്തഃ പ്രവിഷ്ടഃ = കാലും കഴുകി ആചമിച്ചു നടതുറന്നു ഗർഭഗൃഹത്തുങ്കൽ ചെന്നു, നിവേദ്യം വിസൃജേത് = നിവേദ്യവിസർജ്ജനത്തെച്ചെയ്വൂ.

യാവദത്ര ജഗന്നാഥോ ബിംബമാസാദ്യ തിഷ്ഠതി
താവദത്രൈവ രക്ഷാർത്ഥം യൂയം തിഷ്ഠത സർവദാ. 80

ഇത് ഇവിടത്തെ പ്രാർത്ഥനയുടെ മന്ത്രം.

തതോ/സ്യ ഗണ്ഡൂഷസമർപ്പണാദ്യം
കൃത്വാർച്ചയിത്വാ പരിതോഷ്യ ദേവം

Shripuram Publications
www.shripuram.org

സംസ്പൃശ്യ തന്മൂർദ്ധനി മന്ത്രദോഷ്ണാ
സ്വകല്പസിദ്ധാൻ പ്രജപേച്ച മന്ത്രാൻ. 81

തതഃ അസ്യ ഗണ്ഡൂഷസമർപ്പണാദ്യം കൃത്വാ = പിന്നെ ദേവന്ന ഗണ്ഡൂഷശോഷണാദിയെ കൊടുത്ത്, അർച്ചയിത്വാ ദേവം പരിതോഷ്യ = പൂജിച്ച പ്രസന്നപൂജയും ചെയ്തു ലയാംഗത്തിന്ന മുമ്പിൽ, തൻമൂർദ്ധനി മന്ത്രദോഷ്ണാ സംസ്പൃശ്യ = ദേവന്റെ മൂർദ്ധാവിങ്കൽ കൈയിൽ ചന്ദനം തേച്ച മൂലമന്ത്രമെഴുതി തൊട്ടു ജപിച്ച ഇരിക്കുന്ന കൈകൊണ്ടു തൊട്ട്, സ്വകല്പസിദ്ധാൻ മന്ത്രാൻ പ്രജപേത് = തനിക്കു തനിക്കു പറയുന്ന മന്ത്രങ്ങളേ ജപിപ്പൂ.

സൂക്തം പൌരുഷമൈന്ദിരം ശരമനൂൻ മൂലത്രയം ചാജിതേ
സശ്രീരുദ്രനുസൂക്തകം ഹരിഹരേ മൂലം ജിനാർണം ഗുഹേ
ശ്രീസൂക്താദികമുക്തമേവ മഹിഷാരാതൌ യഥാശക്ത്യതഃ
സ്വം സ്വം മൂലമനും സമാഹിതമനാ മന്ത്രീ ജപേത്സർവതഃ. 82

അജിതേ = വിഷ്ണുവിങ്കൽ, പൌരുഷം സൂക്തം ഐന്ദിരം സൂക്തം = പുരുഷസൂക്തത്തേയും ശ്രീസൂക്തത്തേയും, ശരമനൂൻ = പഞ്ചതത്ത്വങ്ങളേയും, മൂലത്രയം ച = ദ്വാദശാഷ്ടാക്ഷരഷഡക്ഷരങ്ങളേയും, മന്ത്രീ സമാഹിതമനാഃ ജപേത് = ആചാര്യൻ സാവധാനമായിട്ടു ജപിപ്പൂ. ഹരിഹരേ സശ്രീരുദ്രനുസൂക്തകം = ശങ്കരനാരായണങ്കൽ, ശ്രീരുദ്രസൂക്തത്തേയും പുരുഷസൂക്തത്തേയും, ഗുഹേ മൂലം ജിനാർണം = മൂലവും ഉപചാരവും ഗായത്രിയും, മഹിഷാരാതൌ ഉക്തം ശ്രീസൂക്താദികം = ദുർഗ്ഗയിങ്കൽ മുമ്പിൽ ഉപസ്ഥാനത്തിന്ന പറഞ്ഞ ശ്രീസൂക്താദി ശിവസങ്കല്പാന്തത്തേയും, സർവതഃ യഥാശക്തി സ്വം സ്വം മൂലമനും = എല്ലാ ദേവന്മാരിലും യഥാശക്തി തന്റെ മൂലമന്ത്രത്തെ ആവർത്തിച്ചും ജപിപ്പൂ.

ആവൃത്യാംഗസമന്വിതം പ്രജപതു പ്രാസാദപഞ്ചാക്ഷര-
ബ്രഹ്മവ്യോമമനൂൻ സമൃത്യുജിദനഷ്ടുബ് രുദ്രകം ചാസ്ത്രകം.
ശ്രീകണ്ഠീയമഘോരവജ്രകരമാസൂക്തം പുനഃ ശാകുന-
സ്വസ്ത്യാഖ്യാനി സമാഹിതഃ സശിവസങ്കല്പം സമൂലം ശിവേ. 83

സമാഹിതഃ ഗുരുഃ = സാവധാനചിത്തനായിരിക്കുന്ന ആചാര്യൻ, പ്രാസാദപഞ്ചാക്ഷരബ്രഹ്മവ്യോമമനൂൻ അംഗസമന്വിതം ആവൃത്യ പ്രജപതു = പ്രാസാദമന്ത്രത്തേയും തദംഗങ്ങളേയും പഞ്ചാക്ഷരത്തേയും തദംഗങ്ങളേയും പഞ്ചബ്രഹ്മത്തേയും തദംഗങ്ങളേയും വ്യോമവ്യാപിമന്ത്രം രണ്ടിനേയും തദംഗങ്ങളേയും മൂന്നുരുവിൽ അധികമായിട്ടു ആവർത്തി

Shripuram Publications
www.shripuram.org

ച്ച ജപിക്കണം. സമൃത്യുജിദനുഷ്ടുബ് രുദ്രകം = മൃത്യുഞ്ജയമന്ത്രത്തേയും ത്ര്യംബകാനുഷ്ടുപ്പിനേയും, ശ്രീരുദ്രത്തേയും, അസ്ത്രകം = പാശുപതാസ്ത്ര ത്തേയും, ശ്രീകണ്ഠീയം = പ്രോം ന്റീം ഠം എന്ന നീലകണ്ഠത്ര്യക്ഷരി യേയും, അഘോരവജ്രകരമാസൂക്തം = അഘോരമന്ത്രവും ഓം ഹ്രം ഫട് ഓം എന്ന വജ്രമന്ത്രത്തേയും ശ്രീസൂക്തത്തെയും, ശാകുന സ്വസ്ത്യാഖ്യാ നി = ശാകുനസൂക്തത്തേയും സ്വസ്തിസൂക്തത്തേയും, സശിവസങ്കല്പം = യേനേദമിത്യാദി ശിവസങ്കല്പസൂക്തത്തേയും, സമൂലം = മൂലത്തേയും ക്ര മേണ ജപിപ്പൂ.

ദ്വിദ്വ്യേകോദ്ഭിദുരേഷുതത്ത്വമനുഭിർവ്യാപയ്യ മന്ത്രീ ചിദ-
ർച്ചാർച്ചാവിഷ്ടരപീഠികായതനസംയോഗം വിഭാവ്യ ക്രമാത്.
ബ്രഹ്മാദ്ധ്വോദ്ധചിതാദിനോദവപരിവ്യാപ്ത്യാഭിപൂര്യാഖിലം
കാണ്ഡം തത് പരികല്പയേദഥ മഹാസാലാത്മനാവസ്ഥിതം. 84

മന്ത്രീ = ചിദ്ബിംബസമ്മേളനത്തെ ഉപദേശക്രമേണ ഗ്രഹിച്ചി രിക്കുന്ന ആചാര്യൻ, ദ്വിദ്വ്യേകോദ്ഭിദുരേഷുതത്ത്വമനുഭിഃ വ്യാപയ്യ = രണ്ടും രണ്ടും ഒന്നുമായി പകുത്തിരിക്കുന്ന പഞ്ചതത്ത്വങ്ങളെക്കൊണ്ടു വ്യാപകങ്ങളെച്ചെയ്യ്, ചിദർച്ചാർച്ചാ വിഷ്ടരപീഠികായതനസംയോഗം ക്രമാദ് വിഭാവ്യ = ആദിയിലത്തെ വ്യാപകം രണ്ടുകൊണ്ടു ചൈതന്യ ബിംബസംയോഗത്തേയും മൂന്നും നാലും വ്യാപകംകൊണ്ടു ബിംബപീ ഠയോഗത്തേയും അഞ്ചാമത്തെ വ്യാപകംകൊണ്ടു പീഠപ്രാസാദയോ ഗത്തേയും ക്രമേണ കല്പിപ്പൂ. ആദിനാ ഉദവപരിവ്യാപ്ത്യാ = പ്രണവം കൊണ്ടു മേല്പോട്ടും കീഴ്പോട്ടും ചുറ്റുമായിട്ടു വ്യാപകങ്ങളെ ചെയ്യുമ്പോൾ, ബ്രഹ്മാദ്ധ്വോദ്ധചിതാ = ബിംബത്തിന്റെ സുഷുമ്നാനാഡിയിങ്കൽ സംപൂർ ണ്ണമായിരിക്കുന്ന ചൈതന്യംകൊണ്ട്, അഖിലം കാണ്ഡം അഭിപൂര്യാ = ബ്രഹ്മാണ്ഡത്തെ ഒക്കെയും നിറഞ്ഞിരിക്കുമാറ് ധ്യാനിച്ച്, തന്മഹാസാ ലാത്മനാ അവസ്ഥിതം ഭാവയേത് = പിന്നെ ആ ബ്രഹ്മാണ്ഡം പുറത്തേ മതിലിങ്കലോളവും സ്തൂപികാപര്യന്തവും അവധിയായി ഇരിക്കുന്ന പ്രകാ രം ധ്യാനംകൊണ്ടു കല്പിച്ചുകൊള്ളൂ.

കൃത്വാ ചിദ്ബിംബസമ്മേളനമിതി സുദൃഢം തല്ലയാംഗാദി കൃത്വാ
സംരക്ഷ്യാക്ഷയ്യദീപാക്ഷതകുസുമജലാദ്യം സമാപാദ്യ ചാന്തഃ
ഗത്വാ ദ്വാരം ച ബദ്ധ്വാ ബഹിരഥ നിയതാർച്ചാസ്ഥിതിഃ സ്ഥാപകേന
പ്രാദക്ഷിണ്യപ്രണാമാദികൃദഭിമതമാരാധ്നുയാദ്ദേവമേവം. 85

ഇതി ചിദ്ബിംബസമ്മേളനം സുദൃഢം കൃത്വാ = ഇപ്രകാരം പ റഞ്ഞ ചൈതന്യബിംബയോഗാദിഭാവനകളെ ഉപദേശശക്തികൊ

www.shripuram.org
Shripuram Publications
www.shripuram.org

ണ്ടു ഉറപ്പായിട്ടു ചെയ്തു, തല്ലയാംഗാദി കൃത്വാ = അവസാനീയാർഘ്യം കൊടുത്തു ലയാംഗത്തെ ന്യസിച്ച്, സംരക്ഷ്യ = താലത്രയാദികൊണ്ട് രക്ഷിച്ച്, അന്തഃ അക്ഷയ്യദീപാക്ഷതകുസുമജലാദ്യം സമാപാദ്യ = ഗർഭഗൃഹത്തുങ്കൽ മൂന്നുദിവസം കെടാതെ ഇരിക്കുംവണ്ണം നെയ്യ് എണ്ണ ഇത്യാദികൊണ്ടു മൂന്നുതാൻ നാലുതാൻ വിളക്കുകളെ വച്ചു ഗന്ധപുഷ്പാക്ഷതധൂപാദികളേയും വച്ചു, ബഹിഃ ഗത്വാ ദ്വാരം ബദ്ധ്വാ = പുറത്തു ഇറങ്ങി ശ്രീകോവിലിന്റെ നടയും അടച്ചുപൂട്ടി, അഥ സ്ഥാപകേന നിയതാർച്ചാസ്ഥിതിഃ = പിന്നെ മണ്ഡപത്തുങ്കലിരുന്നു യജമാനനോടും കൂടി നിത്യപൂജാനിയമങ്ങളെ നടത്തുന്നതിനു വേണ്ടുന്ന ദ്രവ്യത്തെ വകവച്ച് കല്പിച്ചു, പ്രാദക്ഷിണ്യപ്രണാമാദികൃത് = യജമാനനോടുംകൂടി പ്രദക്ഷിണം വച്ചു മണ്ഡപത്തിൽ നമസ്കരിപ്പൂ. അഭിമതം ദേവം ഏവം ആരാധ്ധ്യയാത് = തനിക്ക് അഭിമതനായിരിക്കുന്ന ദേവനെ ഇപ്രകാരം പ്രതിഷ്ഠിപ്പിച്ചു നിത്യപൂജാദിയെച്ചെയ്‌വൂ.

അനന്തരം യജമാനൻ ദക്ഷിണയെച്ചെയ്‌വാൻ പറയുന്നു.

സ്വർണ്ണാനാം ശതകം ദദാതു ഗുരവേ സദ്യഃ പ്രതിഷ്ഠാകൃതേ
ദാത്രാദാതൃമനഃ പ്രസാദജനനീ യാ ദക്ഷിണാ സോത്തമാ
ഗോഭൂമ്യാദിസമർപ്പണപ്രമുഖതോഽപ്യേനം സമാരാധ്ധ്യയാ-
ന്മൂർത്തീശാനപി തദ്ദശാംശപരിദത്ത്യാന്യാംശ്ച തദ്ഭാഗതഃ. 86

പ്രതിഷ്ഠാകൃതേ ഗുരവേ കർത്താ സദ്യഃ സ്വർണ്ണാനാം ശകതം ദദാതു = പ്രതിഷ്ഠയെ ചെയ്തിരിക്കുന്ന ആചാര്യനായിക്കൊണ്ടു കർത്താവു കർഷപ്രമാണമായിരിക്കുന്ന നൂറു പൊന്നിനെ ദക്ഷിണയായിട്ടു ചെയ്‌വൂ. യാ ദക്ഷിണാ ദാത്രാദാതൃമനഃപ്രസാദജനനീ സാ ഉത്തമാ ദക്ഷിണാ സ്യാത് = യാതൊരു ദക്ഷിണ കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും മനഃപ്രസാദത്തെ ഉണ്ടാക്കുന്നു. ആ ദക്ഷിണ ഉത്തമമായി ഭവിക്കും. ഗോഭൂമ്യാദിസമർപ്പണപ്രമുഖതഃ അപി ഏനം സമാരാധ്ധ്യയാത് = പശുവ് ഭൂമി ആദിശബ്ദംകൊണ്ടും രത്നാംഗുലീയ പട്ടുവസ്ത്രാദികൾ ഇവറ്റെയും യഥായോഗ്യം കൊടുത്തു ആചാര്യനെ പ്രസാദിപ്പിപ്പൂ. തദ്ദശാംശപരിദത്ത്യാ മൂർത്തീശാൻ അപി തദ് ഭാഗതഃ അന്യാൻ അപി = ആചാര്യദക്ഷിണയുടെ ദശാംശം ഹോമകർത്താക്കന്മാർക്കും തദംശംകൊണ്ടു പരികർമ്മികൾക്കും ദക്ഷിണയെച്ചെയ്‌വൂ.

കൃത്വാ ത്രേധാ സ്വസമ്പാദിതവസുനിചയം നിത്യപൂജാദിസിദ്ധ്യൈ
ഭാഗം ദേവായ ഭാഗം പ്രദിശതു ഗുരവേ ദക്ഷിണാം സ്ഥാപനാർഹാം
തസ്മൈ തത്രോപയുക്തം സകലമപി സമർപ്യാഥ താർത്തീയമംശം

www.shripuram.org
Shripuram Publications
www.shripuram.org

തത് കർത്താ പുത്രഭാര്യാദ്യനുഗതപരിപുഷ്ട്യൈ സ്വയം ചാദദീത. 87

സ്വസമ്പാദിതവസുനിചയം ത്രേധാ കൃത്വാ = യജമാനനാൽ സമ്പാദിക്കപ്പെട്ടിരിക്കുന്ന ദ്രവ്യത്തെ മൂന്നായിട്ടു പകുത്താൽ, ഏകം ഭാഗം നിത്യപൂജാദിസിദ്ധ്യൈ ദേവായ = അതിലൊരംശം നിത്യപൂജയ്ക്കും ഉത്സവാദി വിശേഷപൂജയ്ക്കുമായി ദേവനായിക്കൊണ്ട്, പ്രദിശേത്തു = കൊടുപ്പൂ, ദ്വിതീയം ഭാഗം ഗുരവേ സ്ഥാപനാർഹാം ദക്ഷിണാം പ്രദിശേത്തു = രണ്ടാമത്തെ ഭാഗത്തെ ആചാര്യനായിക്കൊണ്ടു പ്രതിഷ്ഠായോഗ്യയായിരിക്കുന്ന ദക്ഷിണയെച്ചെയ്‌വൂ. തത്ര ഉപയുക്തം സകലം അപി തസ്മൈ സമർപ്പ്യ = അവിടെ ഉപയുക്തമായിരിക്കുന്ന വക ഒക്കെയും ആചാര്യനായിക്കൊണ്ടു കൊടുത്ത്, താർത്തീയം തത് അംശം = മൂന്നാമത്തെ ഭാഗത്തെ, കർത്താ പുത്രഭാര്യാദ്യനുഗതപരിപുഷ്ട്യൈ സ്വയം ആദദീത = യജമാൻ തന്റെ പുത്രഭാര്യാദികളുടെ പോഷണത്തിനായിക്കൊണ്ടു താനം എടുത്തുകൊള്ളൂ.

ഹോമാദികർത്തൄൻ പരികർമ്മിണശ്ച
സദസ്യപാരായണികാദികാംശ്ച
സ്വദക്ഷിണാംശൈരഥ ഗായകാദീൻ
വസ്ത്രാദിനാന്യാനപി സന്ധിനോത്തു. 88

സ്വദക്ഷിണാംശൈഃ = ആചാര്യദക്ഷിണയ്ക്കു കല്പിച്ച ഭാഗത്തിന്റെ ദശാംശംകൊണ്ട്, ഹോമാദികർത്തൄൻ പരികർമ്മിണശ്ച = ഹോമം ചെയ്തവരേയും പരികർമ്മികളേയും, സദസ്യപാരായണികാദികാൻ = സദസ്യന്മാരായിട്ടുള്ളവരേയും വേദപാരായണം ചെയ്തിട്ടുള്ളവരേയും പൌരാണികന്മാരെയും, ഗായകാദീൻ = കൊട്ട് പാട്ട് ഉടങ്ങിയവയ്ക്കുള്ള അമ്പലവാസികളേയും യഥായോഗ്യം ദക്ഷിണയേച്ചെയ്ത്, അന്യാൻ വസ്ത്രാദിനാ അപിസന്ധിനോത്തു = മറ്റുമുള്ളവരെ വസ്ത്രാദികൊണ്ടും സന്തോഷിപ്പിക്കണം.

നോദ്ഘാടയേദ് ദ്വാരമഹസ്ത്രയേ/ത്ര
കൃത്വാഗ്രതഃ സ്ഥണ്ഡിലമാദധീത
നിത്യാർച്ചനം സ്വാർഹഹുതാദിയുക്തം
സംസ്ഥാപ്യ തുര്യേ/ഹ്നി യജേച്ച ബിംബേ. 89

അത്ര അഹസ്ത്രയേ ദ്വാരം ന ഉദ്ഘാടയേത് = ഇവിടെ പ്രതിഷ്ഠ കഴിഞ്ഞു നടയടച്ചാൽ അന്നു തുടങ്ങി മൂന്നു ദിവസം ശ്രീകോവിലിന്റെ വാതിൽ തുറക്കയുമരുത്. അഗ്രതഃ സ്ഥണ്ഡിലം കൃത്വാ സ്വാർഹഹുതാദിയുക്തം നിത്യാർച്ചനം ആദധീത = സോപാനത്തുങ്കലെങ്കിലും അഗ്ര

www.shripuram.org
Shripuram Publications

മണ്ഡപത്ത്ത്തുങ്കലെങ്കിലും തളിച്ച് മെഴുകി സ്വസ്തികം പത്മം ഇട്ട് അവിടെ ദേവന്റെ നിത്യപൂജ നിശ്ചയിച്ചപ്പോലെ വൈശ്യഹോമമുണ്ടെങ്കിൽ ആ യതിനോടും കൂടി മൂന്നിനേയും ചെയ്‌വൂ. തുര്യേƒഹനി സംസ്ഥാപ്യ ബിം ബേ യജേത് ച = നാലാം ദിവസം നട തുറന്ന അഷ്ടമംഗല്യാദി കാട്ടി പൂവാരി എണ്ണയുമാടി അഭിഷേകം ചെയ്താൽ ബിംബത്ത്ത്തുങ്കൽ പൂജ തുട ങ്ങി കലശങ്ങളുമാട്ടൂ.

ഇത്യവോചാമ വിശ്വേശമന്ത്രബിംബപ്രതിഷ്ഠിതിം
തഥാ തത്പരിവാരാണാം പ്രതിഷ്ഠാം സംപ്രചക്ഷ്മഹേ. 90

വയം ഇതി വിശ്വേശമന്ത്രബിംബപ്രതിഷ്ഠിതിം അവോ ചാമ = നാം ഇപ്രകാരം വിശ്വേശ്വരന്മാരായ ഏഴു ദേവന്മാരുടെ പ്രതിഷ്ഠാക്രി യയെ പറഞ്ഞു. തഥാ തത്പരിവാരാണാം പ്രതിഷ്ഠാം സംപ്രചക്ഷ്മഹേ = അപ്രകാരം ദേവന്റെ പരിവാരങ്ങളായ ഇന്ദ്രാദികളുടെ പ്രതിഷ്ഠാക്രമ ത്തേയും പറയുന്നേൻ.

ഇന്ദ്രാദിദിങ്ങ്നായകപീഠികാഃ പ്രാക്
സദർഭമൃത്ത്വക്കലിലൈർവിശോദ്ധ്യ
സംക്ഷാള്യ സംശോദ്ധ്യ ച ധാരണാഭിഃ
സ്വമന്ത്രതാദാത്മ്യമപി പ്രകുര്യാത്. 91

പ്രാക് ഇന്ദ്രാദിദിങ് നായകപീഠികാഃ = പൂർവ്വദ്വാരമായടത്തും പ ശ്ചിമദ്വാരമായടത്തും മുമ്പിൽ കിഴക്കു തുടങ്ങി എട്ടു ദിക്കുകളിലും ഇന്ദ്രാ ദികളായ ദിക്പാലന്മാരുടെ ബലിക്കല്ലുകളെ എട്ടിനേയും, സദർഭമൃത്ത്വ ക്കലിലൈഃ വിശോദ്ധ്യ സംക്ഷാള്യ ച = ദർഭമുഷ്ടികൊണ്ടും പുറ്റുമണ്ണുകൊ ണ്ടും നാല്പാമരത്തൊലികൾകൊണ്ടും തേച്ച് ശുദ്ധിവരുത്തി വെള്ളംകൊ ണ്ട് കഴുകി, ധാരണാഭിഃ സംശോദ്ധ്യ = ഹ്ലാം ഹ്രൂം ഫട് ഇത്യാദികൊണ്ട് ഭൂതസംഹാരവും ശോഷണാദിയും ഹൌന്നമഃ ഇത്യാദി ഭൂതസൃഷ്ടിയും ലിപിന്യാസവും ചെയ്ത്, സ്വമന്ത്രതാദാത്മ്യം അപി പ്രകുര്യാത് = അതതു ദിക്പാലമന്ത്രപ്രാണായാമവും വ്യാപകവും പ്രണവാംഗവും ന്യസിച്ച ത ത്തന്മന്ത്രസ്വരൂപമാക്കിച്ചെയ്‌വൂ.

സ്വസ്വോത്തരേ സ്ഥണ്ഡിലമാരചയ്യ
സോല്ലേഖനാദ്യത്ര നിധായ വഹ്നിം
തദ്ദക്ഷിണേ പൂർണ്ണഘടേ സ്വമന്ത്രൈ
സ്തന്തം യജേതാംഗദിഗീശയുക്തം. 92

സ്വസ്വോത്തരേ സ്ഥണ്ഡിലം ആരചയ്യ = അതതു ബലിപീഠത്തി

Shripuram Publications
www.shripuram.org

ന്റെ വടക്ക മെഴുകി, സ്വോല്ലേഖനാദി വഹ്നിം നിധായ = കീറിത്തീയു മിട്ട് ഇന്ദ്രഃ അഗ്നിഃ ഇത്യാദി തത്തന്നാമങ്ങളോട്ടുകൂടി അന്വാധാനം തുട ങ്ങി പരിധിവയ്ക്കുന്നേടത്തോളം ഹോമത്തെ സാമാന്യംപോലെ ചെയ്ത്, തദ്ദക്ഷിണേ പൂർണ്ണഘടേ = ഹോമത്തിന്റെ തെക്ക് ഓരോ കലശത്തെ പൂജിച്ച നിറച്ച്, സ്വമന്ത്രൈഃ അംഗദിഗീശയുക്തം തം തം യജേത = അ തതു ദിക്പാലമന്ത്രംകൊണ്ട് ആവാഹിച്ച സകളീകരിച്ച അംഗവും ദിക് പാലമന്ത്രങ്ങളും തദായുധമന്ത്രങ്ങളും കൂടി പൂജിച്ച നിവേദിച്ച പ്രസന്നപൂ ജയും ചെയ്വൂ.

സ്വഗൃഹ്യക്ലപ്ത്യാഗ്നിമുഖം വിധായ
പക്വം ച പഞ്ചപ്രണവാദികേന
ഇന്ദ്രക്രതുന്നഃപ്രമുഖേന തത്ത-
ദ്ദിശ്യേന മന്ത്രേണ തതോ ജുഹോതു. 93

തതഃ സ്വഗൃഹ്യക്ലപ്ത്യാ അഗ്നിമുഖം വിധായ = പിന്നെ സ്വചരണ മായിട്ടു പരിധി വയ്ക്ക തുടങ്ങി. ഇധ്മത്തോളം ചെയ്തു ഹോമത്തുങ്കലും പീ ഠപൂജാദി ചെയ്തു അതതു ദിക്പാലന്മാരെ ആവാഹിച്ച പൂജിച്ച് നിവേദ്യ ത്തോളം ചെയ്ത് ഇധ്മാദിപക്വത്തോളം ചെയ്താൽ, പഞ്ചപ്രണവാദികേന ഇന്ദ്രക്രതുന്നഃപ്രമുഖേന തത്തദ്ദിശ്യേന മന്ത്രേണ പക്വം ജുഹോതു = അ ഞ്ചു പ്രണവം ആദിയായിരിക്കുന്ന 'ഇന്ദ്രക്രതുന്ന ആഭര' ഇത്യാദി അതതു ദിക്കിലേ ഋക്കുകളെക്കൊണ്ടു പക്വത്തെ ഹോമിപ്പൂ.

പ്രാചീന്ദ്രക്രതുമാശ്രയാശദിശി ചാഗ്നിംദൂതമർക്കോത്ഭവേ
നാകേപൂർവസുപർണ്ണമാശരധുരീണേ മോഷുണഃപൂർവ്വകഃ
യംരക്ഷന്തി ജലാധിരാജി പവമാനേ വായവായാഹ്യണഃ
സോമംരാജപുരസ്സരോ ഹിമരുചൌ സ്യാത് ത്ര്യംബകം
ത്ര്യംബകേ. 94

പ്രാചി ഇന്ദ്രക്രതും = കിഴക്ക് 'ഇന്ദ്രക്രതുന്ന ആഭര' ഇത്യാദിയും, ആശ്രയാശദിശി അഗ്നിംദൂതം = അഗ്നികോണിൽ 'അഗ്നിം ദൂതം വൃണീ മഹേ ഇത്യാദിയും, അർക്കോത്ഭവേ നാകേപൂർവസുപർണ്ണം = തെക്ക 'നാകേസുപർണ്ണമുപവപ്തിമാംസം' ഇത്യാദിയും, ആശരധുരീണേ മോഷു ണഃപൂർവകേ = നിരൃതികോണിൽ 'മോഷണഃ പരാവരാ' ഇത്യാദിയും, ജലാധിരാജി യംരക്ഷന്തി = പടിഞ്ഞാറ് 'യംരക്ഷന്തി പ്രചേതസ്യഃ' ഇത്യാദിയും, പവമാനേ വായവായാഹ്യണഃ = വായുകോണിൽ 'വായ വായാഹി ദർശത' ഇത്യാദിയും, ഹിമരുചൌ സോമംരാജപുരസ്സരഃ = വടക്ക 'സോമം രാജാനമവസേ' ഇത്യാദിയും, ത്ര്യംബകേ ത്ര്യംബകം ച

www.shripuram.org
Shripuram Publications
www.shripuram.org

സ്യാത് = ഈശകോണിൽ 'ത്ര്യംബകം യജാമഹേ' ഇത്യാദിയും പഞ്ച പ്രണവത്തോടുകൂടി പക്വമന്ത്രം ഭവിക്കും.

ദ്രവ്യാണി തത്തദധിവാസസമീരിതാനി
ചത്വാരി വാത്ര ജുഹുയുർദിഗധീശമന്ത്രൈ!
പൂർണാം ച തത്തദണുഭിഃ സമിധോഽത്ര ഹോമ്യാഃ
ശർവാധിവാസവിഹിതാ ദ്വിജവൃക്ഷജാ വാ. 95

തത്തദധിവാസസമീരിതാനി ദ്രവ്യാണി വാ ചത്വാരി ദ്രവ്യാണി വാ ജുഹുയുഃ = ഇവിടെ അവരവരുടെ അധിവാസഹോമത്തുങ്കൽ പറഞ്ഞ ദ്രവ്യങ്ങളെ എങ്കിലും സമിദാജ്യഹവിരാജ്യങ്ങളെ നാലിനെ എങ്കിലും ഹോമിപ്പൂ. തത്തദണുഭിഃ പൂർണാം ച = അതതു ദിക്പാലമന്ത്രംകൊണ്ടു പൂർണാഹുതിയേയും ചെയ്‌വൂ. അത്ര സമിധഃ ശർവാധിവാസവിഹിതാഃ വാ ദ്വിജവൃക്ഷജാഃ വാ ഹോമ്യാഃ = ഇവിടെ ചമതകൾ ശിവാധിവാസത്തുങ്കൽ പറഞ്ഞ ദിക്കുകളിലേത് എങ്കിലും എല്ലാം പ്ലാശുതന്നെയായിട്ടും ഹോമിക്കാം.

ഹോമാന്തേ ബലിപീഠമർച്ചിതപയോജാന്താസനേ സ്വേപദേ
സംസ്ഥാപ്യ സ്വദിഗീശനാമമനുനാത്രാവാഹ്യ തേനാഥ തം
താരാംഗൈഃ സകളീകൃതം സ്നപിതയേത് സംപാതകുംഭാംഭസാ
ന്യസ്യാംഗാനി സമർച്ച്യ ശേഷഹവിഷാ ദത്ത്വാ ബലിം തോഷയേത്.
96

ഹോമാന്തേ = പിന്നെ സ്വിഷ്ടകൃദാദി ഹോമം മുടിച്ചു സമ്പാതം കലശത്തിലാക്കി, അർച്ചിതപയോജാന്താസനേ സ്വേ പദേബലിപീഠം സ്വദിഗീശനാമമനുനാ സംസ്ഥാപ്യ = പത്മാന്തമായി പീഠം പൂജിച്ചിരിക്കുന്ന അതതു സ്ഥാനത്തു ബലിക്കല്ലുകളെ പ്രണവപുടിതമായി അതതു ദിക്പാലമന്ത്രംകൊണ്ടു പ്രതിഷ്ഠിച്ച്, അത്രതേന ആവാഹ്യ = ബലിക്കല്ലുങ്കൽ അതതു മന്ത്രംകൊണ്ടു ഇന്ദ്രാദികളെ ആവാഹിച്ച്, താരാംഗൈഃ സകളീകൃതം തം സമ്പാതകുംഭാംഭസാ സ്നപിതയേത് = പ്രണവാംഗം ന്യസിച്ച് അർഘ്യാദി കൊടുത്താൽ സമ്പാതയുക്തമായ അതതു കലശജലംകൊണ്ടു അഭിഷേകത്തെച്ചെയ്‌വൂ. അഥ അംഗാനി ന്യസ്യ ശേഷഹവിഷാ ബലിം ദത്ത്വാ തോഷയേത് = പിന്നെ വ്യാപകാംഗം ന്യസിച്ച് മൂർത്തിപൂജയും ചെയ്തു ഹോമഹവിസ്സിന്റെ ശേഷംകൊണ്ടു ബലിയും തൂകി പ്രസന്നപൂജയും ചെയ്‌വൂ. ഇങ്ങനെ ഇന്ദ്രാദികളുടെ പ്രതിഷ്ഠാ.

മാതൃക്കളുടെ പ്രതിഷ്ഠയെ പറയുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

സംശോദ്ധ്യ സംസ്ഥാപ്യ ച വീരഭദ്ര-
വിഘ്നേശമാതൃരപി പീഠികാസു
മദ്ധ്യാദികുംഭൈർനവഭിഃ സ്വമന്ത്രൈ
സിക്ത്വാർച്ചയിത്വാ വികിരേദ് ബലിം ച. 97

വീരഭദ്രവിഘ്നേശമാതൃഃ സംശോദ്ധ്യ = ഇന്ദ്രാദികൾക്ക് ചെയ്തപോലെ വീരഭദ്രൻ ഗണപതി ബ്രഹ്മാണ്യാദിമാതൃക്കൾ ഇവരുടെ ബലിപീഠങ്ങളേത്താൻ ലിംഗങ്ങളേത്താൻ ദർഭമൃത്ത്വഗ ജലങ്ങളെക്കൊണ്ടു ശോധിച്ചു ഭൂതസംഹാരാദി തത്തന്മന്ത്ര പ്രാണായാമാന്തം ചെയ്തു വടക്കു കീറിത്തീയിട്ടു ഹോമം തുടങ്ങി വീരഭദ്രനെ പൂജിച്ചു വീരഭദ്രഗായത്രികൊണ്ടു പക്വവും ഹോമിച്ചു വീരഭദ്രാദിമന്ത്രങ്ങളെക്കൊണ്ടു വെവ്വേറെ എട്ടെട്ടു ഉരു ചതുർദ്രവ്യങ്ങളെ ഹോമിച്ചു വേറെ സമ്പാതങ്ങൾ ഉണ്ടാക്കി ഹോമം മുടിപ്പൂ. ഹോമത്തിന്റെ തെക്ക് ഒമ്പതു കലശങ്ങളിൽ നടുവിൽ വീരഭദ്രനേയും കിഴക്കുതുടങ്ങി പ്രദക്ഷിണമായി ഗണപതി ബ്രഹ്മാണ്യാദികളേയും വെവ്വേറെ പരിധിക്കു മുമ്പിൽ പൂജിച്ച് സമ്പാതം അതതു കലശങ്ങളിലാക്കു. പിന്നെ യമന്റെ പടിഞ്ഞാറായിട്ടു മാതൃക്കളെ പ്രതിഷ്ഠിക്കുന്നതിനു പീഠം വെവ്വേറെ പൂജിച്ച്, പീഠികാസു സംസ്ഥാപ്യ = ബലിക്കല്ലിന്മേ പ്രതിഷ്ഠിച്ചു തത്തന്മന്ത്രംകൊണ്ട് അതതു ബലിപീഠങ്ങളിലാവാഹിച്ചു സകളീകരിച്ചു സ്നാനകാലത്ത്, മദ്ധ്യാദികുംഭൈഃ നവഭിഃ സ്വമന്ത്രൈഃ സിക്ത്വാ = മദ്ധ്യാദിയായുള്ള ഒമ്പതു കലശങ്ങളെക്കൊണ്ടും വീരഭദ്രാദിക്രമേണ ആടി, അർച്ചയിത്വാ ബലിം ച വികിരേത് = വസ്ത്രാദി കൊടുത്തു മൂർത്തിപൂജയും ചെയ്തു ബലിയും തൂകി പ്രസന്നപൂജയും ചെയ്‌വൂ. ഇവിടെ മൂലത്തിൽ ഹോമം പറഞ്ഞിട്ടില്ലായികകൊണ്ടു ഹോമം കൂടാതെയും ചെയ്യുന്നു.

ബ്രഹ്മാണീ മാഹേശീ കൌമാരീ വൈഷ്ണവീ ച വാരാഹീ
ഇന്ദ്രാണീ ചാമുണ്ഡീ ശിവഗണപത്യോസ്തു മാതരോ മദ്ധ്യേ. 98

ശിവഗണപത്യോഃ മദ്ധ്യേ = വീരഭദ്രന്റേയും ഗണപതിയുടേയും മദ്ധ്യത്തുങ്കൽ, ബ്രഹ്മാണി മാഹേശീ കൌരമാരീ വൈഷ്ണവീ വാരാഹീ ഇന്ദ്രാണീ ചാമുണ്ഡീ മാതരഃ = ബ്രഹ്മാണ്യാദിയായ ഏഴു മാതൃക്കൾ ഭവിക്കും. ഇവരുടെ മന്ത്രങ്ങൾ വിം വീരഭദ്രായ നമഃ, ഗം ഗണപതയേ നമഃ, വ്യോം ബ്രഹ്മാണ്യൈ നമഃ, മം മാഹേശ്വര്യൈ നമഃ, മാം കൌരമാര്യൈ നമഃ, ഹൈം വൈഷ്ണവ്യൈ നമഃ, ഹേം വാരാഹ്യൈ നമഃ, ഹോം ഇന്ദ്രാണ്യൈ നമഃ, ഹ്രൂം ചാമുണ്ഡ്യൈ നമഃ ഇങ്ങനെ മന്ത്രങ്ങൾ. ഇന്ദ്രാദികളുടെ മന്ത്രങ്ങൾ പൂജയിങ്കൽ പറയുന്നതുതന്നെ.

നിർമ്മാല്യധാരിയുടെ പ്രതിഷ്ഠയെ പറയുന്നു.

Shripuram Publications
www.shripuram.org

നിർമ്മാല്യഭാജമുദവാസയുതോക്തശുദ്ധി-
ശുദ്ധം സ്വമന്ത്രമയമുത്തരനാളപീഠം
ഹുത്വാ ഘൃതം സ്വമനുനാ സമിദാദിയുക്തം
മന്ത്രീ സ്വപീഠ ഉദിതൌ കൃതസംപ്രതിഷ്ഠഃ. 99

ഉദവാസയുതോക്തശുദ്ധിശുദ്ധം നിർമ്മാല്യഭാജം = നിർമ്മാല്യധാരിയുടെ ബിംബമെങ്കിലും ലിംഗാകൃതി എങ്കിലും ബലിപീഠമെങ്കിലും പരിഗ്രഹിച്ച ദർഭമൂത്ത്വക്കുകളേക്കൊണ്ടു ശോധിച്ച കഴുകി ജലാധിവാസത്തിന്ന ജലദ്രോണി പൂജിച്ച് ആടി ഒരു കലശം അഷ്ടഗന്ധജലം നിറച്ച നിർമ്മാല്യധാരിയെ പൂജിച്ച ബിംബശുദ്ധിയുമാടി ഭ്രതസംഹരാദി ചെയ്തു, സ്വമന്ത്രമയം = തത്തന്മന്ത്രപ്രാണായാമവും ചെയ്ത്, സ്വമനുനാ സമിദാദിയുക്തം ഘൃതം ഹുത്വാ = ഹോമം തുടങ്ങി നിർമ്മാല്യധാരിമന്ത്രം കൊണ്ടുതന്നെ പക്വം ഹോമിപ്പൂ. ശിവന്നു മാത്രം ചണ്ഡേശ്വരഗായത്രി കൊണ്ടു പക്വം ഹോമിപ്പൂ. ചതുർദ്രവ്യഹോമവും പൂർണാഹുതിയും നിർമ്മാല്യധാരിമന്ത്രം കൊണ്ടുതന്നെ ചെയ്തു സ്വിഷ്ടകൃദാദിഹോമം മുടിച്ച ഹോമകലശത്തിൽ സമ്പാതത്തേയും സമർപ്പിച്ച്, ഉദിതൌ ഉത്തരനാളപീഠം കൃതസമ്പ്രതിഷ്ഠഃ = ഈശാനന്റെ പടിഞ്ഞാറ് ഉദിതിപദത്തുങ്കൽ പീഠം പൂജിച്ച വടക്കു നാളം വരുമാറ് പീഠം വച്ച തങ്കൽ തത്തന്മന്ത്രം കൊണ്ടു പ്രതിഷ്ഠിച്ച നിർമ്മാല്യധാരി മന്ത്രംകൊണ്ട് ആവാഹിച്ച് സ്നാനാന്തരം ഉപഹാരങ്ങളെ കൊടുപ്പൂ.

സിക്ത്വാ സ്വസിദ്ധകലശേന സമർച്ച്യ ദേവ-
പൂജാവശിഷ്ടകുസുമപ്രമുഖൈർനിവേദ്യ
ദത്ത്വാ ബലിം ച പരിതോഷ്യ സമർപ്യ തസ്മൈ
ദേവോപഭുക്തമഖിലം പുനരർത്ഥയേത. 100

സ്വസിദ്ധകലശേന സിക്ത്വാ = നിർമ്മാല്യധാരിമന്ത്രംകൊണ്ടു പൂജിച്ച് ഇരിക്കുന്ന ഹോമകലശംകൊണ്ടു ആടി, ദേവപൂജാവശിഷ്ടകുസുമപ്രമുഖൈഃ സമർച്ച്യ നിവേദ്യ = ദേവപൂജയിങ്കൽ ശിഷ്ടമായിരിക്കുന്ന ജലഗന്ധപുഷ്പാദികൊണ്ടു മൂർത്തിപൂജയെച്ചെയ്ത്, പിന്നെ നിവേദ്യത്തേയും നിവേദിച്ച, ബലിം ദത്ത്വാ പരിതോഷ്യ = ബലിയും തൂകി പ്രസന്നപൂജയും ചെയ്താൽ, പുനഃ ദേവോപഭുക്തം അഖിലം തസ്മൈ സമർപ്യ അർത്ഥയേത = ദേവന്റെ നിർമ്മാല്യപുഷ്പത്തേയും നിവേദ്യത്തേയും നിർമ്മാല്യധാരിക്കായിക്കൊണ്ടു സമർപ്പിച്ച പ്രാർത്ഥിപ്പൂ.

യാവദത്ര ജഗന്നാഥോ ബിംബമാശ്രിത്യ തിഷ്ഠതി
താവദത്രൈവ രക്ഷാർത്ഥം ത്വം തിഷ്ഠസ്വ പ്രതർദന. 101

Shripuram Publications
www.shripuram.org

ഇതു പ്രാർത്ഥനയുടെ മന്ത്രം.

വിഷ്വക്സേനോ നരകദമനേ ധൂർത്തസേനഃ കുമാരേ
ശർവേ ചണ്ഡേശ്വര ഇഹ പുനർമുണ്ഡിനീ ചണ്ഡികായാം
വിഘ്നേ കുംഭോദരസമഭിധശ്ചണ്ഡസേനോ ഹരീശേ
ഭൂതാധീശേ പുനരഭിഹിതോ ഘോഷവാഞ്ഛേഷഭോഗീ. 102

നരകദമനേ വിഷ്വക്സേനഃ = വിഷ്ണുവിങ്കൽ വിഷ്വക്സേനായ നമഃ എന്നും, കുമാരേ ധൂർത്തസേനഃ = സുബ്രഹ്മണ്യങ്കൽ ധൂർത്തസേനായ നമഃ എന്നും, ശർവ്വേ ചണ്ഡേശ്വര = ശിവങ്കൽ ചണ്ഡേശ്വരായ നമഃ എന്നും, ഇഹ ചണ്ഡികായാം മുണ്ഡിനീ = ഇവിടെ ദുർഗ്ഗയിങ്കൽ ക്ലീം മുണ്ഡിന്യൈ നമഃ എന്നും, വിഘ്നേ കുംഭോദരസമഭിധഃ = ഗണപതിയിങ്കൽ കുംഭോദരായ നമഃ എന്നും, ഹരീശേ ചണ്ഡസേനഃ = ശങ്കരനാരായണങ്കൽ ചണ്ഡസേനായ നമഃ എന്നും, പുനഃ ഭൂതാധീശേ ഘോഷവാൻ = പിന്നെ ശാസ്താവിങ്കൽ ഘോഷവതേ നമഃ എന്നും, ശേഷഭോഗീ അഭിഹിതഃ = നിർമ്മാല്യധാരിമന്ത്രം പറയപ്പെട്ടു.

അനന്തരം വലിയ ബലിക്കല്ലിന്റെ പ്രതിഷ്ഠയെ പറയുന്നു.

പ്രാക് പഞ്ചഗവ്യം പരിപൂജ്യ താമ്ര-
പാത്രേ സ്വപീഠാധിപമന്ത്രകേണ
ഹുത്വാഷ്ടയുക്തം ശതമാജ്യമസ്മിൻ
സമ്പാതമായോജ്യ സവഹ്നിവീര്യം. 103

തത്പീഠമദ്ധ്യേ ഭുവി ശക്തിഗർഭേ
ഗർഭം നിശി ന്യസ്യ തദീശമസ്മിൻ
ആവാഹ്യ സമ്പൂജ്യ തതഃ പ്രസാദ്യ
സംരക്ഷ്യ തക്ഷ്ണാ രചയേച്ച പീഠം. 104

പ്രാക് = ബലിക്കല്ല് പണിതുകൂട്ടുന്നതിനു മുമ്പിൽതന്നെ ഒരു ദിവസം, താമ്രപാത്രേ പഞ്ചഗവ്യം സ്വപീഠാധിപമന്ത്രാകേണ പരിപൂജ്യ = ചെമ്പുകൊണ്ടു ഉണ്ടാക്കി ഗർഭപാത്രത്തിൽ കലശന്യായേന പഞ്ചഗവ്യത്തെ നിറച്ച് ഹരിസേനാദി തത്തത് പീഠാധിപമന്ത്രം കൊണ്ടു ആവാഹിച്ചു പൂജിച്ച്, അഷ്ടയുക്തം ശതം ആജ്യം ഹുത്വാ = തത്സമീപത്തു കീറിത്തീയുമിട്ടു ചെറിയ ഹോമംപോലെ ചാഞ്ചമത ഇട്ടു തത്തന്മന്ത്രംകൊണ്ടു നൂറ്റിയെട്ടുരു ആജ്യാഹുതി ചെയ്തു ഹോമം മുടിച്ച്, സവഹ്നിവീര്യം സമ്പാതം അസ്മിൻ ആയോജ്യ = അഗ്നിയെ ഉദ്വസിച്ചിരിക്കുന്ന സമ്പാതത്തെ പഞ്ചഗവ്യപൂജിത ഗർഭപാത്രത്തിൽ സമർപ്പിച്ച്, തത്പീഠമദ്ധ്യേ ശക്തി

www.shripuram.org
Shripuram Publications
www.shripuram.org

ഗർഭേ = ബലിപീഠമദ്ധ്യത്ത്ു വരുന്നേടത്ത്ു പീഠപൂജയും ശക്ത്യാവാഹനപൂജയും ചെയ്താൽ, നിശി ഭുവി ഗർഭം ന്യസ്യ = രാത്രിയിൽ ദാനം ചെയ്ത്ു നിരാജനത്തെ ഉഴിഞ്ഞ് വാദ്യഘോഷത്തോടുംകൂടി ഭ്രമിയിങ്കൽ ഗർഭപാത്രത്തെ മുമ്പിൽ പറഞ്ഞപോലെ ന്യസിച്ച്ു ധ്രുവാദ്യൈൗരിത്യാദി ജപിച്ച്, അസ്മിൻ തദീശം ആവാഹ്യ സംപൂജ്യ പ്രസാദ്യ സംരക്ഷ്യ = ആ ഗർഭം വച്ചേടത്ത്ു മുകളിൽ പീഠാധിപനെ ആവാഹിച്ച്ു പ്രണവാംഗാദി സകളീകരിച്ച്ു പൂജിച്ച്ു നിവേദിച്ച്ു പ്രസന്നപൂജയും ചെയ്ത്ു രക്ഷിച്ചാൽ, തതഃ തക്ഷ്ണാ പീഠം രചയേത - പിന്നെ പണി ചെയ്യുന്നവരേക്കൊണ്ടു അതിന്റെ മുകളിൽ വലിയ ബലിക്കല്ലിനെ പണിത്ു ലക്ഷണം പോലെ ഉണ്ടാക്കിപ്പൂ.

ആദായാരചിതം വിശോദ്ധ്യ ബലിപീഠം ദർഭമൃത്സാദികൈ-
രാജ്യാഭ്യക്ത്യഭിഷിക്തികൃത് സലിലവാസേ സ്നാപയിത്വാംബുഭിഃ
കൃത്വാ ശുദ്ധിഘടാഭിഷേകമപി പുണ്യാഹാവസാനം തത-
സ്തദ്ഭ്രതപ്രളയോദയാദി നിജമന്ത്രന്യാസനിഷ്ഠം ചരേത്. 105

ആരചിതം ബലിപീഠം ആദായ = ലക്ഷണംപോലെ ഉണ്ടാക്കിയിരിക്കുന്ന വലിയ ബലിക്കല്ലിനേ പരിഗ്രഹിച്ച്, ദർഭമൃത്സാദികൈഃ വിശോദ്ധ്യ = ദർഭമുഷ്ടിമണ്ണ് തൊലികൾ ഇവറ്റേക്കൊണ്ടു ശോധനയെച്ചെയ്ത്, ആജ്യാഭ്യക്ത്യഭിഷിക്തികൃത് = നെയ്യും കടലയക്കാപ്പൊടിയും തേച്ച്ു അഭിഷേകം ചെയ്ത്ു അലങ്കരിച്ച്ു നീരാജനത്തെ ഉഴിഞ്ഞ് ഹ്ലാം ഹ്രം ഫട് ഇത്യാദികൊണ്ടു ഭ്രതസംഹാരവും ശോഷണദഹനവും ചെയ്ത്ു, സലിലവാസേ അംബുഭിഃ സ്നാപയിത്വാ = ജലാധിവാസത്ത്ുങ്കൽ വരുണനെ പൂജിച്ചിരിക്കുന്ന വെള്ളംകൊണ്ട് എല്ലാടവും കഴകി പ്ലാവനാദി ഭ്രതസ്രഷ്ടിയും ലിപിന്യാസവും ചെയ്ത്ു മന്ത്രമയമാക്കി പീഠം പൂജിച്ച്ു ആവാഹിച്ചാൽ, ബിംബകലശം നവകം താൻ പഞ്ചകം താൻ അഷ്ടഗന്ധജലം നിറച്ച്ു പൂജിച്ചതിനെക്കൊണ്ടു ആടി, വസ്ത്രാദ്യുപഹാരങ്ങളെക്കൊടുത്ത്ു പഞ്ചോപഹാരംകൊണ്ടും പൂജിച്ച് അർഘ്യമാനസപൂജയും നീരാജനവും പുണ്യാഹവും ചെയ്ത്ു ബലിക്കപ്പ്ുരയിൽ മുഷ്ട്യാദി ശോധനയും ചെയ്വൂ. തതഃ തദ്ഭ്രത പ്രളയോദയാദി നിജമന്ത്രന്യാസനിഷ്ഠം ചരേത് = പിന്നെ രാത്രിയിൽ ധ്യാനാധിവാസത്ത്ുങ്കലേപ്പോലെ ഹ്ലാം ഹ്രം ഫഡ് ഇത്യാദികൊണ്ടു ഭ്രതസംഹാരി മന്ത്രോദയവും മന്ത്രന്യാസവും കഴിവോളം ഒക്കെയും ചെയ്വൂ.

ആസ്ഥാപ്യാർച്ചിതിവിഷ്ടരേ പരിഷദദ്ധ്യക്ഷം സ്വനാമാണ്ണനാ
പ്രാഗാദ്യൈഃ സമസംസ്കൃതൈസ്സ്വപരിവാരൈരർച്ചയിത്വാവൃതം
അന്നാദ്യം വിനിവേദ്യ തത്ര വികിരേത്തസ്സൈ ച തേഭ്യോ ബലിം

www.shripuram.org
Shripuram Publications

നൈവേദ്യം പ്രവിസൃജ്യ സാധു പരിശോദ്ധ്യാരാദ്ധ്യ സംരക്ഷതു. 106

അർച്ചിതവിഷ്ടരേ സ്വനാമാണനാ പരിഷദദ്ധ്യക്ഷം ആസ്ഥാപ്യ = പിന്നെ പീഠത്തെ പൂജിച്ചാൽ പീഠാധിപമന്ത്രം കൊണ്ടു വ്യാപകാംഗാദി യെച്ചെയ്ത്, സമസംസ്കൃതൈഃ പ്രാഗാദ്യൈഃ സ്വപരിവാരൈഃ ആവൃതം തം അർച്ചയിത്വാ = കിഴക്കു തുടങ്ങിയുള്ള ബലിക്കല്ലുകൾ എട്ടിനേയും കൂടി ശോധനകൾ ചെയ്തുകൂട്ടി പൂൽകൊണ്ടു തൊട്ടു ധ്യാനാധിവാസവും ചെയ്ത് ഇരിക്കുന്ന എട്ടിനേയുമതതു മന്ത്രംകൊണ്ട് ആരാധിച്ച മന്ത്രമയമാക്കി പ രിവാരത്വേനകൂട്ടി മൂർത്തിപൂജയും ചെയ്ത്, തത്ര അന്നാദ്യം വിനിവേദ്യ = പീഠാധിപന്നു നിവേദ്യസാധനത്തെ നിവേദിച്ച്, തസ്മൈ തേഭ്യഃ ബലിം വികിരേത് = നടുവിലും ചുറ്റും എട്ടിന്നും അതതു മന്ത്രംകൊണ്ടു ബലിയെ തൂകിയാൽ, നൈവേദ്യം പ്രവിസൃജ്യ = നിവേദ്യത്തെ വിടുർത്തു. തൂകിയ വറ്റേ ഒക്കെയും വാരിക്കളഞ്ഞു അഭിഷേകം ചെയ്ത്, ആരാദ്ധ്യ സംരക്ഷ തു = പരിവാരാഷ്ടകത്തോടുകൂടി പ്രസന്നപൂജയും ചെയ്തു വസ്ത്രംകൊണ്ടു മൂടി രക്ഷിപ്പൂ.

ഉത്പാദ്യാനലമഗ്രതോ നവഘടാസ്തദ്ദക്ഷിണേ സർപ്പിഷാ
ധാന്യൈർഗന്ധജലേന വാ സ്വമനുഭിഃ സമ്പൂര്യ സമ്പൂജ്യ താൻ
ഗായത്ര്യാനിജയാവിധായ വിധിവത് പക്വം തദീശാണനാ
സർപ്പിസ്സാഷ്ടശതം ജുഹോതു പരിപീഠേശാണഭിശ്ചാഷ്ടശഃ. 107

അഗ്രതഃ അനലം ഉത്പാദ്യ = ബലിക്കല്ലിന്റെ മുമ്പിൽ ചതുരശ്രകു ണ്ഡത്തിൽ അഗ്നിജനനം ചെയ്തു പീഠാധിപമന്ത്രംകൂട്ടി അന്വാധാനാദി ഹോമം തുടങ്ങി പരിധിയോളമായാൽ, തദ്ദക്ഷിണേ നവഘടാൻ സർ പ്പിഷാ ധാന്യൈഃഗന്ധജലേന വാ സ്വമനുഭിഃ സമ്പൂര്യ = ഹോമത്തിന്റെ തെക്ക് ഒമ്പതു കലശങ്ങളെ പൂജിച്ചു കൂർച്ചപൂജാന്തം ചെയ്താൽ നെയ്യുകൊ ണ്ട് എങ്കിലും നവധാന്യങ്ങളായ വ്രീഹ്യാദികൊണ്ട് എങ്കിലും അഷ്ടഗ ന്ധജലംകൊണ്ട് എങ്കിലും അതതു പീഠമന്ത്രംകൊണ്ടു നിറച്ച്, താൻ സമ്പൂജ്യ = നടുവിൽ പീഠാധിപനേയും ചുറ്റും തത്പരിവാരങ്ങളേയും ത ത്തന്മന്ത്രംകൊണ്ടു വെവ്വേറെ ആവാഹിച്ചു പൂജിച്ചു നിവേദിച്ചു പ്രസന്ന പൂജയും ചെയ്തു, പരിധ്യാദി ഹോമം തുടങ്ങി പീഠാധിപനെ ആവാഹിച്ചു നിവേദ്യകാലത്തു ഇദ്ധ്മാദി ഹോമിച്ച്, നിജഗായത്ര്യാപക്വം വിധിവത് വിധായ = പീഠാധിപന്റെ ഗായത്രികൊണ്ടു താൻ തൻമന്ത്രംകൊണ്ടു താൻ, ഗായത്രി ഇല്ലാത്തേടത്തു പക്വഹോമത്തെച്ചെയ്ത്, തദീശാണനാ സാഷ്ടശതം പരിപീഠേശാണഭിഃ അഷ്ടശഃ ച സർപ്പിഃ ജുഹോതു = പീഠാ ധിപമന്ത്രംകൊണ്ടു നൂറ്റിയെട്ടുരുവും പരിപീഠമന്ത്രങ്ങളെക്കൊണ്ട് എട്ടെ ട്ടീതും ഉരു ആജ്യാഹുതികളെച്ചെയ്ത് സമ്പാതത്തെ അതതു കലശങ്ങളി

www.shripuram.org
Shripuram Publications
www.shripuram.org

ല്വം ബലിപീഠങ്ങളില്വം സ്പർശിപ്പൂ.

തന്മന്ത്രേണ സമിദ്ഘൃത-
ചരുലാജാൻ സർഷപാൻ സസക്തുയവാൻ
സതിലദധിദുഗ്ദ്ധമാദ്ധ്വീ-
പുഷ്പഫലാൻ പാഞ്ചരാത്രികേ/ത്ര വിധൌ. 108

അത്ര പാഞ്ചരാത്രികേ വിധൌ = ഇവിടെ ശ്രീപാഞ്ചരാത്രമാകുന്ന വൈഷ്ണവാഗമത്തുങ്കലേ വിധിയിങ്കൽ, തന്മന്ത്രേണ പീഠാധിപമന്ത്രം കൊണ്ട്, സമിദ്ഘൃതചരുലാജാൻ = ചമത, നെയ്യ്, ഹവിസ്സ്, മലര്, സർഷപാൻ, സസക്തുയവാൻ = കടുക്, അരി വറുത്തുപൊടിച്ചത്, യവം, സതിലദധിദുഗ്ദ്ധമാധ്വീപുഷ്പഫലാൻ = എള്ള്, തൈര്, പാല്, തേൻ, താമരപ്പൂവ്, കദളിക്കായ് ഈ പതിമൂന്ന ദ്രവ്യങ്ങളെ നൂറ്റിയെട്ടീതു ഹോമിച്ച്, പരിപീഠമന്ത്രംകൊണ്ട് എട്ടെട്ടു ഹോമിപ്പൂ. ഇങ്ങനെ വിഷ്ണുവിങ്കല്വം ദുർഗ്ഗയിങ്കല്വം ദ്രവ്യഹോമം.

പാശുപതേ സമിദന്നം
ഘൃതധാനാലാജതിലഫലീകരണം
ദധിമധുഘൃതാന്യുഡുംബാ-
പൂപാൻ പൃഥുകാൻ പയശ്ച തത്ര ഹുനേത്. 109

തത്ര പാശുപതേ = അവിടെ പാശുപതമാകുന്ന ശിവാഗമത്തുങ്കലേ വിധിയിങ്കൽ, സമിദന്നം = ചമതയും നെയ്യും ഹവിസ്സും, ഘൃതധാനാലാജതിലഫലീകരണം = നെയ്യും ഊമനം മലരും എള്ളും അരി അരച്ച് ഉരുട്ടി നെയ്യിൽ വറുത്ത ഫലീകരണവും, ദധിമധുഘൃതാനി = തയിരും തേനും നെയ്യും അരി വറുത്തുപൊടിച്ചതും, ഉഡുംബാപൂപാൻ = അപ്പവും, പൃഥുകാൻ പയശ്ച = അവല്വം പാല്വം ഈ പതിനാല്വദ്രവ്യങ്ങളെ, ഹുനേത് = ശിവാദി അഞ്ചു ദേവന്മാരില്വം ഹോമിച്ചു സ്വിഷ്ടകൃദാദിഹോമം മുടിപ്പൂ. എല്ലാടവും ചതുർദ്രവ്യങ്ങളായിട്ടും ചെയ്യാം.

ബലിപീഠതദ്ഘടേഷു
പ്രസമർപ്പ്യാജ്യം പ്രപൂജ്യ ഭൂതേശം
സാവരണം തം ബലിമപി
ദദ്യാത്തസ്മൈ ച ദിഗ്ഗണേഭ്യശ്ച. 110

ബലിപീഠതദ്ഘടേഷു ആജ്യം പ്രസമർപ്പ്യ = ബലിക്കല്ലുകൾ ഒമ്പതില്വം കലശങ്ങളില്വം ഈ ദ്രവ്യഹോമസമ്പാതത്തെ സമർപ്പിച്ച്, തം ഭൂതേശം സാവരണം പ്രപൂജ്യ = പീഠം പൂജിച്ച് പീഠാധിപമന്ത്രംകൊണ്ടു

www.shripuram.org
Shripuram Publications
www.shripuram.org

ആവാഹിച്ച പരിപീഠങ്ങൾ പുഷ്പാരാധനത്തെച്ചെയ്ത് അർഘ്യാദി ഉപ ഹാരം കൊടുത്തു പരിപീഠമന്ത്രങ്ങളോടുകൂടി മൂർത്തിപൂജയും ചെയ്തു പീ ഠാധിപനന്ന പാതി ഹവിസ്സിനേ നിവേദിച്ചു രക്ഷിച്ച്, തസ്മൈ ദിഗ്ഗണേഭ്യഃ ച ബലിമപി ദദ്യാത് = പീഠാധിപനായിക്കൊണ്ടും പരിപീഠങ്ങൾക്കും തത്തന്മന്ത്രംകൊണ്ടും ദിഗ്ഗണമന്ത്രങ്ങളെക്കൊണ്ടും ബലിയെ കൊടുപ്പൂ.

ഓന്നമ ആദ്യാശ്ചതസൃഷു
ഹരൌ ഹരേ/ഷ്ടാസു ദിക്ഷു ബലിമന്ത്രാഃ
ദശമൂർത്ത്യാദ്യാ ദ്വിതയേ
യേ ഭൂതാദ്യാസ്തു വേഹ സകലേഷു. 111

ഹരൌ ചതസൃഷു ദിക്ഷു ഓന്നമ ആദ്യാഃ = വിഷ്ണുവിങ്കൽ നാലു ദി ക്കുകളിലും ഓന്നമഃ പ്രാച്യേഭ്യഃ ഇത്യാദി മന്ത്രങ്ങൾകൊണ്ടും, ഹരേ അ ഷ്ടാസു ദിക്ഷു ദശമൂർത്യാദ്യാഃ ദ്വിതയേ = ശിവങ്കൽ എട്ടു ദിക്കുകളിലും ദശമൂർത്തിപാർഷദേഭ്യഃ ഇത്യാദിയും പ്രാഗ്ഗണേഭ്യഃ ഇത്യാദിയും ഇങ്ങ നെ ഈ രണ്ടു മന്ത്രങ്ങൾക്കൊണ്ടും, ഇഹ സകലേഷു യേ ഭൂതാദ്യാഃ വാ = ശേഷം ദുർഗാദി അഞ്ചുപേർക്കും ഉത്സവബലിയിങ്കൽ പറയുന്ന 'യേ ഭൂതാഃ പുരസ്സദ' ഇത്യാദിമന്ത്രംകൊണ്ട് ഉത്സവബലിയിങ്കലേപ്പോലെ ഒ മ്പതു ദിക്കുകളിൽ താൻ അഞ്ചു ദിക്കുകളിൽ താൻ ബലിയെത്തൂകു.

അനന്തരം ബലിമന്ത്രങ്ങളെ പറയുന്നു.

ഓന്നമഃ പ്രാച്യേഭ്യോ ഭൂതേഭ്യോ വിശ്വഭൂതേഭ്യോ നമോ/സ്തു വിശ്വ രൂപേഭ്യോ വിവിധരൂപേഭ്യശ്ച വോ നമോ നമഃ. ഇതു കിഴക്ക്. ഓന്ന മോ ദക്ഷിണേഭ്യശ്ച ശാർങ്ഗധന്വനോ ഹാഹാഭ്യശ്ച സർവ്വേഭ്യോ ഭൂ തേഭ്യോ നമോ നമഃ. ഇതു തെക്ക്. ഓം നമഃ പാശ്ചാത്യേഭ്യോ ഭൂതേഭ്യോ ഭൈരവേഭ്യോ വിഷ്ണുപാലകേഭ്യോ വിയദ്ഗൃഹോദരവർത്തിഭ്യോ ഹും ഫട് ഗച്ഛത സ്വാഹാ. വിഷ്ണുഗണാനാമതോ ബലിമുപഹരാമി ഭദ്രം നോ ദദത പ്രീണയത സ്വാഹാ. ഇതു രണ്ടുകൂടി പടിഞ്ഞാറ്. ഓന്നമൊ വിഷ്ണു ഭൂതേഭ്യ ഉദീച്യേഭ്യഃ സകലജന്തുഹിതകരേഭ്യോ വിരൂപേഭ്യഃ സ്വാഹാ. ഇതു വടക്ക്. ഇങ്ങനെ വിഷ്ണുവിങ്കൽ നാലു ദിക്കുകളിലേയും ബലിമന്ത്ര ങ്ങൾ.

ശിവങ്കൽ, ദശമൂർത്തിപാർഷദേഭ്യസ്സദ്ഭ്യോ/സദ്ഭ്യസ്സദസദ്ഭ്യസ്സർ വഗണേഭ്യോ നമോ നമഃ സ്വാഹാ. പ്രാഗ്ഗണേഭ്യോ ബഹുരൂപേഭ്യോ വിശ്വരൂപേഭ്യോ വിശ്വഭൂതേഭ്യഃ സദ്ഭ്യോ/സദ്ഭ്യസ്സദസദ്ഭ്യസ്സർവഗ ണേഭ്യോ നമോ നമഃ സ്വാഹാ. ഇങ്ങനെ ഈ രണ്ടു മന്ത്രംകൊണ്ടു എട്ടു ദിക്കിലും തൂകു. അവിടെ രണ്ടാമത്തേതിന്, ആദി = ആഗ്നേയ്യാം ഗണേ ഭ്യഃ, ദക്ഷിണഗണേഭ്യഃ, ഇത്യാദി അതതു ദിക്കിലേ നാമങ്ങൾ കൂട്ടിക്കൊ

www.shripuram.org
Shripuram Publications
www.shripuram.org

ള്ളണം.

നിർമ്മാല്യം വ്യപനീയ
പ്രാർച്ച്യാച്ഛാദ്യാധിവാസയേദ്രാത്രൌ
പ്രാതസ്തനാർച്ചനാന്തേ
ദേവം തത് സ്ഥാപനായ ചാർത്ഥയതു. 112

നിർമ്മാല്യം വ്യപനീയ = പിന്നെ നിവേദ്യം വിടിർത്തു ളുകിയ നിർമ്മാല്യത്തെ വാരിക്കളഞ്ഞു അഭിഷേകം ചെയ്ത്, പ്രാർച്ച്യ = ഗണ്ഡൂഷാദിപ്രസന്നപൂജയും ചെയ്ത്, ആച്ഛാദ്യ രാത്രൌ അധിവാസയേത് = വസ്ത്രംകൊണ്ടു മൂടി രാത്രിയിങ്കൽ അധിവസിപ്പൂ. പ്രാതസ്തനാർച്ചനാന്തേ തത്സ്ഥാപനായ ദേവം അർത്ഥയതു = പിറ്റേ ദിവസം ദേവങ്കൽ നേരത്തേ പൂജകഴിഞ്ഞാൽ ബലിപീഠപ്രതിഷ്ഠാം കരിഷ്യേ എന്ന ദേവനോടു പ്രാർത്ഥിപ്പൂ.

നിർമ്മാല്യം വ്യപനീയ സമ്യഗഭിഷിച്യേഷ്ട്വാംബുജാന്താസനം
മന്ത്രീ മന്ത്രമയം പ്രകല്പ്യ ബലിപീഠം തത്ര തന്മന്ത്രതഃ.
സംസ്ഥാപ്യ ധ്രുവമന്ത്രജാപമപി കൃത്വാവാഹ്യ സാംഗീകൃതാ
മദ്ധ്യസ്ഥാസ്തഘടാംഭസാ സമഭിഷിച്യാദ്യംഗകാനി ന്യസേത്. 113

നിർമ്മാല്യം വ്യപനീയ = ബലിപീഠത്തുങ്കലേ നിർമ്മാല്യ പുഷ്പങ്ങളേ എടുത്തു കളഞ്ഞ്, സമ്യഗ് അഭിഷിച്യ = വെള്ളംകൊണ്ടു കഴുകി, അംബുജാന്താസനം ഇഷ്ട്വാ = ഗുരുഗണപതി ആധാരശക്ത്യാദി പത്മായ നമഃ എന്ന കഴിവോളമുള്ള പീഠമന്ത്രങ്ങളെക്കൊണ്ടു പീഠപൂജയെച്ചെയ്ത്, മന്ത്രീ ബലിപീഠം മന്ത്രമയം പ്രകല്പ്യ = ആചാര്യൻ തത്തന്മന്ത്രംകൊണ്ടു ആവാഹിച്ച മന്ത്രമയമാക്കിക്കല്പിച്ച്, തന്മന്ത്രതഃ സംസ്ഥാപ്യ = തത്തന്മന്ത്രംകൊണ്ടു തൊട്ടുജപിച്ച് പ്രതിഷ്ഠയെ കല്പിച്ച പ്രണവവ്യാപകത്തെ ചെയ്ത്, ധ്രുവമന്ത്രജാപം അപി കൃത്വാ = ധ്രുവാ ദ്യൌരിത്യാദി തൊട്ടുജപിച്ച ഉറപ്പിച്ച് പരിപീഠങ്ങളേയും തത്തന്മന്ത്രം തൊട്ടുജപിച്ച പ്രതിഷ്ഠിച്ച്, ആവാഹ്യ സാഗീകൃതം = പീഠാധിപമന്ത്രംകൊണ്ടു ആവാഹിച്ച പ്രണവാംഗം ന്യസിച്ച് ഉപഹാരങ്ങളെക്കൊടുത്ത്, മദ്ധ്യസ്ഥാസ്തഘടാംഭസാ സമഭിഷിച്യ = നടുവിലത്തെ കലശംകൊണ്ട് അഭിഷേകത്തെച്ചെയ്ത്, ആദ്യംഗകാനി ന്യസേത് = പ്രണവാംഗത്തെ ന്യസിപ്പൂ.

മൂർത്തീരഷ്ട യഥാക്രമം സ്വകലശൈഃ സംസ്ഥാപ്യ സംസ്നാപ്യ താഃ
പ്രാഗ്വത് പ്രാർച്ച്യ തദാവൃതം തദധിപം തസ്മൈ നിവേദ്യാഗ്രതഃ
പീഠോപര്യുപപീഠികേഷു ച ബലിം ദത്ത്വാ വിശോദ്ധ്യാഖിലം

www.shripuram.org
Shripuram Publications
www.shripuram.org

സമ്പൂജ്യ പ്രണിപത്യ യാവദിതി സംപ്രാർത്ഥ്യാഭിരക്ഷാം ചരേത്. 114

അഷ്ട മൂർത്തീഃ യഥാക്രമം സംസ്ഥാപ്യ = കിഴക്കു തുടങ്ങിയുള്ള പരിപീഠങ്ങളേയും തത്തന്മന്ത്രംകൊണ്ട് ആവാഹിച്ച് വ്യാപകാംഗംചെയ്ത്, സ്വകലശൈഃ താഃ സംസ്നാപ്യ = പ്രാഗാദി കലശങ്ങളെക്കൊണ്ടു അവറ്റേ അഭിഷേകത്തെച്ചെയ്ത്, പ്രാഗ്വത് തദാവൃതം തദധിപം പ്രാർച്ച്യ = തലേ ദിവസത്തേപ്പോലെ പരിപീഠമന്ത്രങ്ങളോട്ടുകൂടി പീഠാധിപനെ പൂജിച്ച്, അഗ്രതഃ തസ്മൈ നിവേദ്യ = മുമ്പിൽ നിവേദ്യം കൊണ്ടുവന്ന വച്ച് നിവേദിച്ചു രക്ഷിച്ചാൽ, പീഠോപരി ഉപപീഠികേഷു ച ബലിം ദത്ത്വാ = മുകളിലും പരിപീഠങ്ങളിലും ബലിയെത്തൂകി നിവേദ്യം വിടിർത്ത്, അഖിലം വിശോദ്ധ്യ = തൂകിയവറ്റേ വാരിക്കളഞ്ഞ് അഭിഷേകത്തെച്ചെയ്തു, സമ്പൂജ്യ = പരിപീഠങ്ങളോട്ടുകൂടി പ്രസന്നപൂജയെച്ചെയ്ത്, പ്രണിപത്യ യാവദിതി സാമ്പ്രാർത്ഥ്യ അഭിരക്ഷാം ചരേത് = നമസ്കരിച്ചു യാവദത്ര ജഗന്നാഥ ഇത്യാദി നിർമ്മാല്യധാരിയിങ്കൽ പറഞ്ഞ മന്ത്രംകൊണ്ടു പ്രാർത്ഥിച്ചു താലത്രയാദി ചെയ്തു രക്ഷിപ്പൂ.

തുര്യേ/ഹന്യഭിഷിച്യ ദേവമഭിപൂജ്യാവസ്രുതപ്രോക്ഷണം
കൃത്വാ സ്ഥാപിതപീഠികാസ്ഥപരിവാരേഭ്യഃ പ്രദദ്യാദ് ബലിം
കുര്യാത്തുര്യദിനാത്യയേ യദി മഹാപീഠപ്രതിഷ്ഠാപനം
തത്തുര്യേ/ഹ്നൃഭിഷിച്യ ദേവമിഹ തച്ഛേഷോക്ഷണാദ്യം ചരേത്. 115

തുര്യേ അഹനി ദേവം അഭിഷിച്യ = നാലാം ദിവസം ദേവങ്കൽ ചതുർത്ഥസ്നാനം ചെയ്ത്, അഭിപൂജ്യ = പൂജയും ചെയ്താൽ, അവസ്രുതപ്രോക്ഷണം കൃത്വാ = അവസ്രാവജലംകൊണ്ട് പരിവാരങ്ങളെ പ്രോക്ഷിച്ച്, സ്ഥാപിതപീഠികാസ്ഥപരിവാരേഭ്യഃ ബലിം പ്രദദ്യാത് = പ്രതിഷ്ഠിച്ചിരിക്കുന്ന ബലിക്കല്ലിങ്കൽ സ്ഥിതന്മാരായിരിക്കുന്ന പരിവാരദേവതകൾക്കായിക്കൊണ്ടു ശ്രീഭൂതബലിയേയും ചെയ്യൂ. തുര്യദിനാത്യയേ മഹാപീഠപ്രതിഷ്ഠാപനം കുര്യാദ് യദി = ചതുർത്ഥസ്നാനം കഴിഞ്ഞതിന്റെ ശേഷം പിന്നെ ഒരിക്കൽ വലിയ ബലിക്കല്ലു തുടങ്ങിയ ബലിപീഠങ്ങളെ പ്രതിഷ്ഠിക്കുന്നു എങ്കിൽ, തത്തുര്യേ അഹ്നി ദേവം അഭിഷിച്യ = തത് പ്രതിഷ്ഠയുടെ നാലാം ദിവസം ദേവനെ പഞ്ചവിംശതി താൻ ഏകോനപഞ്ചാശത് സംഖ്യ താൻ കലശങ്ങളെ പൂജിച്ച് അഭിഷേകത്തെച്ചെയ്ത്, തച്ഛേഷോക്ഷണാദ്യം ചരേത് = അവസ്രാവപ്രോക്ഷണവും ശ്രീഭൂതബലിയും ചെയ്വൂ. ബിംബപ്രതിഷ്ഠയിങ്കൽ വലിയ ബലിക്കല്ല് യഥാലക്ഷണം ഉണ്ടാക്കിയില്ല എങ്കിൽ പൂക്കല്ലുമാത്രം ഉണ്ടാക്കി, ഹോമം കൂടാതെ പ്രതിഷ്ഠിച്ചു കലശം ഒമ്പതും പൂജിച്ചു ആടുന്നു ചിലർ. ഇങ്ങനെ വലിയ ബലിക്കല്ലിന്റെ പ്രതിഷ്ഠ.

www.shripuram.org
Shripuram Publications
www.shripuram.org

അനന്തരം ധ്വജപ്രതിഷ്ഠയെ പറയുന്നു.

വക്ഷ്യേ ധ്വജപ്രതിഷ്ഠാമങ്കുരരോപം തദർത്ഥമത്രാദൌ
കൃത്വാ തദർഹകാലേ വാഹനമാവാസയേജ്ജലേ ലൌഹം. 116

അഹം ധ്വജപ്രതിഷ്ഠാം വക്ഷ്യേ = ഞാൻ ധ്വജപ്രതിഷ്ഠയെ പറയുന്നേൻ, തദർത്ഥം ആദൌ അങ്കുരരോപം കൃത്വാ = ധ്വജപ്രതിഷ്ഠയുടെ വാഹനത്തിന്റെ ധ്യാനാധിവാസത്തിനു മുമ്പിൽ പറഞ്ഞിരിക്കുന്ന ദിവസത്തെക്കൊണ്ടു മുളയിടുകയും, ഉടനേ ദേവങ്കൽ പ്രാസാദശുദ്ധിയും ബിംബശുദ്ധികളും ചെയ്തു കലശത്തെ പൂജിച്ചു അധിവാസത്തിന്റെ തലേ ദിവസം കലശമാടി പൂജിച്ചു ശ്രീഭൂതബലിയും തൂകി നടയിൽചെന്നു, ധ്വജപ്രതിഷ്ഠാം കരിഷ്യേ എന്നു പ്രാർത്ഥിപ്പൂ. തദർഹകാലേ ലൌഹം വാഹനം ജലേ ആവാസയേത് = അന്നുതന്നെ അപരാഹ്നത്തുങ്കൽ ലോഹംകൊണ്ടു വാർത്തു ഉണ്ടാക്കിയിരിക്കുന്ന വാഹനബിംബത്തേ നേത്രോല്ലേഖനാദി ചെയ്തു പരിഗ്രഹിച്ച്, അവരവരുടെ ശോധനദ്രവ്യങ്ങളെക്കൊണ്ടു ശുദ്ധിചെയ്തു അലങ്കരിച്ചു നീരാജനത്തെ ഉഴിഞ്ഞു, തീർത്ഥത്തിൽ താൻ ജലദ്രോണി പൂജിച്ചതിൽ താൻ ജലാധിവാസത്തെച്ചെയ്‌വൂ.

മണ്ഡപമപീ ച യഥോക്തം കൃത്വാ സംസ്കൃത്യ തത്ര ശയ്യാംച
നിദ്രാകലശസമേതാം കൃത്വാ പരിപൂജയേദ്വിധിവത്. 117

യഥോക്തം മണ്ഡപം അപി കൃത്വാ = ദേവന്റെ അധിവാസത്തുങ്കലേപ്പോലെ അധിവാസമണ്ഡപത്തെ ഉണ്ടാക്കി, സംസ്കൃത്യ = തോരണദ്ധ്വജസ്ഥാപനാദിയായ മണ്ഡപസംസ്കാരത്തെച്ചെയ്തു, കുംഭേശകർക്കരികളേയും പൂജിച്ച് അഗ്നിജനനവും ചെയ്ത്, തത്ര നിദ്രാകലശസമേതാം ശയ്യാം ച വിധിവത് കൃത്വാ പരിപൂജയേത് = അവിടെ ശയ്യയെ ദേവാഭിമുഖമായിട്ടു വിരിച്ചു ശയ്യാപൂജയേയും നിദ്രാകലശപൂജയേയും വിധിക്കുതക്കവണ്ണംചെയ്തു വിദ്യേശ്വരകലശങ്ങളേയും പൂജിപ്പൂ.

വിഷ്ണൌ തു വജ്രഗാരുഡ-
മൌക്തികശംഖാബ്ജരാഗകലശേഷു
ദിക്പതിവിപതീൻ പ്രയജേ-
ച്ഛയനചതുർദിങ് മഹേശദിക്സ്ഥേഷു. 118

വിഷ്ണൌ തു = വിഷ്ണുവിങ്കൽ വിശേഷമുണ്ട്, ശയനചതുർ = ദിങ്മഹേശദിക്സ്ഥേഷു = ശയ്യയുടെ നാലു ദിക്കുകളിലും ഈശകോണിലുമായിട്ട് അഞ്ചു സ്വസ്തികങ്ങളിൽ, വജ്രഗാരുഡമൌക്തികശംഖാബ്ജരാഗകലശേഷു = വൈരവും ഗരുഡശിലയും മുത്തും ശംഖും പദ്മരാഗവും

Shripuram Publications
www.shripuram.org

ന്യസിച്ച വെള്ളം നിറച്ച് അഞ്ചു കലശങ്ങളിൽ, ദിക്പതിവിപതീൻ പ്ര യജേത് = ഇന്ദ്രൻ യമൻ വരുണൻ സോമൻ ഗരുഡൻ ഈ അഞ്ചിനേയും ആവാഹിച്ച പൂജിച്ച് പ്രസന്നപൂജാന്തം ചെയ്വൂ.

ശയ്യാഗ്രേ നവകലശാ-
നാപൂര്യ സഹേമരത്നഗന്ധോദൈഃ
വാഹനമന്തസ്ഥഘടേ
പരിതഃ ശർവേ തു ദിക്പതീംശ്ച യജേത്. 119

ശർവേ തു = ശിവങ്കലും ശേഷം എല്ലാ ദേവന്മാരിലും, ശയ്യാഗ്രേ = ശയ്യയുടെ അഗ്രത്തിങ്കൽ, സഹേമരത്നഗന്ധോദൈഃ നവകലശാൻ ആപൂര്യ = സ്വർണവും രത്നങ്ങളും ന്യസിച്ച ഒമ്പതു കലശങ്ങളെ അഷ്ടഗന്ധജലം നിറച്ച്, അന്തസ്ഥഘടേ വാഹനം = നടുവിലേക്കലശത്തിൽ തന്റെ തന്റെ വാഹനത്തേയും, പരിതഃ ദിക്പതീൻ ച യജേത് = പ്രാഗാദി എട്ടു കലശങ്ങളിൽ ഇന്ദ്രാദി ദിക്പാലന്മാർ എട്ടിനേയും അവരവരുടെ മന്ത്രം കൊണ്ടു ആവാഹിച്ച വെവ്വേറെ ഒമ്പതിനേയും പൂജിച്ച നിവേദിച്ച പ്രസന്നപൂജയും ചെയ്വൂ. പിന്നെ ഘൃതാദിപാത്രങ്ങളും അഷ്ടമംഗലങ്ങളും അങ്കുരപാത്രങ്ങളും അതതു ദേവങ്കലെപ്പോലെ ശയ്യയ്ക്കു ചുറ്റും ചെയ്വൂ.

അനന്തരം ബിംബശുദ്ധികലശത്തെ പറയുന്നു.

സംസ്ഥാപ്യ പഞ്ചാപരധാമ്നി കുംഭാൻ
ക്വാഥോദമൃദ്ധാന്യകഗവ്യഗന്ധൈഃ
മദ്ധ്യാദ്യുദങ്നിഷ്ഠതയാ പ്രപൂര്യ
യജേത വിഷ്ണൌ നവകം പരേഷു. 120

അപരധാമ്നി = ധ്വജത്തിൽ ഈശകോണിലുണ്ടാക്കിയ സ്നാനമണ്ഡപത്തിങ്കൽ, വിഷ്ണൌ പഞ്ചകുംഭാൻ സംസ്ഥാപ്യ = വിഷ്ണുവിങ്കൽ അഞ്ചു കലശങ്ങളെ സ്ഥാപിച്ച, മദ്ധ്യാദ്യുദങ്നിഷ്ഠതയാ ക്വാഥോദമൃദ്ധാന്യകഗവ്യഗന്ധൈഃ പ്രപൂര്യ യജേത = നടുവിൽ കഷായജലത്തേയും, കിഴക്ക മൃജ്ജലത്തേയും, തെക്ക നെല്ല് ഇട്ട വെള്ളത്തേയും, പടിഞ്ഞാറ് പഞ്ചഗവ്യത്തേയും, വടക്ക് അഷ്ടഗന്ധജലത്തേയും നിറച്ച്, ഗാരുഡമന്ത്രംകൊണ്ട് ആവാഹിച്ച് പൂജിപ്പൂ. പരേഷു നവകം യജേത = ശേഷം ശിവാദി എല്ലാ ദേവന്മാരിലും ഒമ്പതു കലശത്തെ അഷ്ടഗന്ധജലംകൊണ്ടു നിറച്ച, ഋഷഭാദികളായ വാഹനമന്ത്രംകൊണ്ട് ആവാഹിച്ച പൂജിപ്പൂ. ഈ ബിംബശുദ്ധികലശത്തെ തലേനാൾ തന്നെ പൂജിച്ച സമ്പാതസ്പർശം ചെയ്ത് അധിവസിക്കിലും ആം. അധിവാസദിവസത്തുന്നാൾ നേരത്തെ പൂജിക്കിലുമാം.

www.shripuram.org
Shripuram Publications
www.shripuram.org

ബിംബം ബിംബവദംബുനഃ സമുപനീയാസ്ഥാപ്യ പീഠേഽക്ഷികൃദ്
ഗോദഃ ക്ഷാളനപൂർവകൃത് കലശതോയൈഃ സ്നാപയേത് സ്വോദിതൈഃ
പുണ്യാഹാവധികം വിധായ ശയനേ വിന്യസ്യ തത്ത്വാപ്യയം
കൃത്വാ ധാരണയാ വിശോദ്ധ്യ തനയാത്തത്തത്ത്വസൃഷ്ട്യാദികം. 121

ബിംബവത് ബിംബം അബുനഃ സമുപനിയ = ബിംബത്തിങ്കൽ പറഞ്ഞപോലെ ഭദ്രപീഠത്തെ പൂജിച്ച് തീർത്ഥത്തിങ്കൽനിന്ന് വാഹനബിംബത്തെ എടുത്ത് പ്ലാവനാദി ലിപിന്യാസാന്തം ചെയ്ത് എടുപ്പിച്ച്, വാദ്യഘോഷത്തോടുകൂടി കൊണ്ടുവന്ന്, പീഠേ ആസ്ഥാപ്യ = ഭദ്രപീഠത്തേൽ വച്ച് അക്ഷികൃത് ഗോദഃ ക്ഷാളനപൂർവകൃത് = നേത്രോന്മീലനത്തെച്ചെയ്ത് പശുവിനേക്കാട്ടി പശുദ്ദാനം ചെയ്യിച്ച് ശോധനയും അഭിഷേകവും ചെയ്ത്, സ്വോദിതൈഃ കലശതോയൈഃ, സ്നാപയേത് = അവിടെ പൂജിച്ച് ഇരിക്കുന്ന ബിംബശുദ്ധികലശങ്ങളെക്കൊണ്ട്, ആടി, പുണ്യാഹാവധികം വിധായ ശയനേ വിന്യസി = പഞ്ചോപഹാരങ്ങളെ കൊടുത്ത് നീരാജനപുണ്യാഹങ്ങളെച്ചെയ്ത് അവിടെനിന്നും എടുത്ത് പ്രദക്ഷിണമായി മണ്ഡപത്തിങ്കൽ കൊണ്ടുപോയി ശയ്യയിങ്കൽ കിടത്തു. തത്ത്വാപ്യയം കൃത്വാ ധാരണയാ വിശോധ്യതത്തത്ത്വസൃഷ്ട്യാദികം തനയാത് = പിന്നെ രാത്രിയിങ്കൽ ആചാര്യൻ ദേഹശുദ്ധ്യാദി ചെയ്ത് പ്രണവപ്രോക്ഷണാദി നാഡീസന്ധാനാന്തം ചെയ്ത് തങ്കൽ ഉദ്വസിച്ച് പഞ്ചഭൂതമയങ്ങളായ തത്ത്വങ്ങളെ സംഹരിച്ച് ശോഷണാദി ചെയ്ത്, പഞ്ചഭൂതങ്ങളെ സൃഷ്ടിച്ച് സംവത്സരപ്രാണായമവും അണ്ഡഭേദവും ലിപിപ്രാണായാമവും ലിപിന്യാസങ്ങളും ചെയ്ത് വാഹനമന്ത്രംകൊണ്ട് മന്ത്രോദയവും പീഠന്യാസവും മന്ത്രന്യാസവും ചെയ്ത് പീഠപൂജയും ചെയ്വൂ.

തത്തദ്വാഹനമന്ത്രതഃ സമഭിവാഹ്യാരാധ്യ ഗത്വാ ബഹി-
സ്സമ്മൃഷ്ട്യാദിവിശുദ്ധതത്സ്ഥലലസത്പീഠാദികം പൂർവവത്
സംസ്കൃത്യ ധ്വജദണ്ഡഘർഷണമപി പ്രാധായ ദർഭാദിഭിഃ
സംക്ഷ്യാല്യ ധ്വജദണ്ഡപിണ്ഡവൃഷദോഃ പുണ്യാഹമപ്യാചരേത്. 122

തത്തദ്വാഹനമന്ത്രതഃ സമഭിവാഹ്യ ആരാദ്ധ്യ = പിന്നെ അതതു വാഹനത്തിന്റെ മന്ത്രംകൊണ്ട് ആവാഹിച്ച് ലിപിന്യാസാദിയും പ്രണവാംഗവും ന്യസിച്ച്, അർഘ്യാദി പൂജിച്ച് നിവേദിച്ച് പ്രസന്നപൂജയും ചെയ്ത്, ബഹിർഗത്വാ = പുറത്ത് ധ്വജസ്ഥാനത്തിങ്കൽ വന്ന്, സമ്മൃഷ്ട്യാദി വിശുദ്ധതത്സ്ഥലലസത് പീഠാദികം പൂർവ്വവത് സംസ്കൃത്യ = മൃഷ്ട്യാദി സ്ഥലശുദ്ധികളെച്ചെയ്ത് പീഠത്തേയും നപുംസകശിലയേയും പറകൾ ഇട്ടിരിക്കുന്ന കൊടിമരത്തേയും അവിടെ കൊണ്ടുവന്ന് വയ്പിച്ച് പരിഗ്രഹി

Shripuram Publications
www.shripuram.org

ച്ച, ദർഭമൂത്ത്വക്കുകളെക്കൊണ്ടു ശോധനകളെച്ചെയ്തു ജലാധിവാസവും ബിംബശുദ്ധികലശമോരോന്നും പൂജിച്ചു ആട്ടുകയും ചെയ്തു, ദർഭാദിഭിഃ ധ്വജദണ്ഡഘർഷണം അപി പ്രാധായ സംക്ഷാള്യ = ദർഭമൂത്ത്വക്കുക ളെക്കൊണ്ടു ധ്വജത്തേയും ശോധനകളെച്ചെയ്തു വെള്ളംകൊണ്ടു കഴുകി, ധ്വജദണ്ഡപിണ്ഡദ്ദ്വഷദോഃ പുണ്യാഹമപി ആചരേത് = ധ്വജത്തിന്നും പീഠത്തിന്നും നപുംസകശിലയ്ക്കും ധ്വജദേവതാഃ പ്രീയന്താം എന്നു വിശേ ഷംകൂട്ടി പുണ്യാഹത്തെച്ചെയ്വൂ.

ദണ്ഡാം ധാരണയാ വിശോധ്യ മഹിതീകൃത്യാദിനാ മൂലമ-
ധ്യാഗ്രസ്ഥാൻ വൃഷഷൺമുഖൌ ച നിജനാമ്ന മാരുതം ചാഞ്ചു
പീഠാദ്യം ച തഥാ വിശോധ്യ മഹിതീകൃത്യ സ്വശക്ത്യാദിത
സ്സംരക്ഷ്യാഖിലമന്തരേത്യ തന്നയാത്തത്തത്ത്വഹോമാദികം. 123

ധാരണയാ ദണ്ഡം വിശോധ്യ ആദിനാ മഹിതീകൃത്യ = പിന്നെ ധ്വ ജദണ്ഡത്തെ ഭൂതസംഹാരാദി ലിപിന്യാസാന്തം ചെയ്ത്, പ്രണവപ്രാണാ യാമതന്ന്യാസങ്ങളെ ചെയ്തു മന്ത്രമയമാക്കി പ്രണവംകൊണ്ട് ആവാഹി ച്ചു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്ത്, മൂലമധ്യാഗ്രസ്ഥാൻ വൃഷണ ഷൺമുഖൌ മാരുതം ച നിജനാമ്നാ അഞ്ചു = ധ്വജത്തിന്റെ ചുവട്ടിൽ ഋഷഭായ നമഃ എന്നും, നടുവിൽ സ്കന്ദായ നമഃ എന്നും, അഗ്രത്തുങ്കൽ വായവേ നമഃ എന്നും, നാമമന്ത്രങ്ങളെക്കൊണ്ടു പൂജിച്ച്, പീഠാദ്യം ച ത ഥാ വിശോധ്യ = പീഠത്തിനും നപുംസകശിലയ്ക്കും അപ്രകാരം ഹ്ലാം ഹ്രം ഫട് ഇത്യാദികൊണ്ട് ഭൂതസംഹാരാദി ലിപിന്യാസാന്തം ചെയ്ത്, തത്ത ന്മന്ത്രപ്രാണായാമങ്ങളും മന്ത്രന്യാസവും ചെയ്ത്, സ്വശക്ത്യാ ആദിതഃ ച മഹിതീകൃത്യ = പീഠത്തുങ്കൽ ശക്തിബീജംകൊണ്ടും നപുംസകശിലയി ങ്കൽ പ്രണവംകൊണ്ടും ആവാഹിച്ചു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്തു സമ്പാതം സ്പർശിച്ച്, അഖിലം സംരക്ഷ്യ = പീഠാദി മൂന്നിനേയും വസ്ത്രംകൊണ്ടു മൂടി രക്ഷിച്ച്, അന്തഃ ഏത്യ തത്തത്ത്വഹോമാദികം തന്ന യാത് = തത്ത്വഹോമത്തെയും അധിവാസാദി ഹോമത്തേയും ചെയ്വൂ.

സ്വസ്വേശോദിതപഞ്ചതത്ത്വമനുഭിർഹുത്വാ നിജോക്തക്രമാത്
സർപ്പിഃ പ്രാർപ്യ തതോ/ധിവാസഹവനാദ്യം കല്പയേത് കല്പവിത്
ഇഷ്ട്വാ വാഹനമണ്ഡലാദിഷു ബലിം ദത്ത്വാ പ്രസാദ്യ സ്തുതിം
കുര്യാദ്ദേവമപി പ്രപൂജ്യധിനയാത് പ്രാസാദസംസ്ഥം തതഃ. 124

നിജോക്തക്രമാത് സ്വസ്വേശോദിതപഞ്ചതത്ത്വമനുഭിഃ സർപ്പിഃ ഹുത്വാ = അതതു ഈശ്വരന്മാരിൽ പറഞ്ഞിരിക്കുന്ന ക്രമംപോലെ അ വിടത്തെ ദേവന്റെ പഞ്ചതത്ത്വങ്ങളെക്കൊണ്ടു ആചാര്യകുണ്ഡത്തിൽ

www.shripuram.org
Shripuram Publications
www.shripuram.org

അഗ്നിമുഖം കഴിഞ്ഞാൽ, സംഹാരമായിട്ട് ഒരിക്കലും സൃഷ്ടിയായിട്ട് എട്ടെട്ടു ഉരു എങ്കിലും ഇരുപത്തെട്ടീതു നൂറ്റെട്ടീതു എങ്കിലും ശിവന്ന് ഉദ്ഘാതവൃത്തിയായിട്ടു ഹോമിച്ച ചതുർദ്രവ്യങ്ങളും ഹോമിച്ച ഹോമം മുടിച്ചാൽ, സർപ്പിഃ പ്രാപ്യ = തത്ത്വസമ്പാതത്തെ വാഹനബിംബത്തുങ്കൽ സംഹാരസൃഷ്ടികളെച്ചെയ്ത് സമർപ്പിപ്പൂ. തതഃ കല്പവിത് അധിവാസഹവനാദ്യം ച കല്പയേത് = പിന്നെ ആ ആചാര്യകുണ്ഡത്തുങ്കൽ തന്നെ ദേവന്റെ അധിവാസത്തുങ്കൽ പറഞ്ഞിരിക്കുന്ന ദ്രവ്യങ്ങളെക്കൊണ്ട് അവരവരുടെ വാഹനമന്ത്രംകൊണ്ട് ഹോമിച്ച് അധിവാസഹോമത്തേയും, ദേവങ്കലേപ്പോലെ ദധിമധ്വാജ്യാദികളെക്കൊണ്ടു ശാന്തിഹോമത്തേയും ചെയ്തു സമ്പാതത്തെ രണ്ടിനേയും സ്പർശിപ്പൂ. ധ്വജത്തിനും നപുംസകശിലയ്ക്കും പീഠത്തിനും പ്രണവശക്തികൊണ്ട് ഹോമിച്ച് സമ്പാതത്തെ സ്പർശിച്ച സ്വിഷ്ടകൃദാദിഹോമം മുടിച്ചാൽ, വാഹനമണ്ഡലാദിഷു ഇഷ്ട്വാ ബലിം ദത്ത്വാ = വാഹനത്തുങ്കലും അഷ്ടദലപത്മമിട്ടു. മുമ്പ് വാഹനത്തെ പൂജിച്ചിരിക്കുന്ന മണ്ഡലത്തുങ്കലും പീഠപൂജാദിനിവേദ്യത്തോളം പൂജിച്ച്, പായസമുണ്ടാക്കി നിവേദിച്ച ബലിയും തൂകി ബ്രാഹ്മണരേയും ഊട്ടി ദക്ഷിണയും ചെയ്ത്, പ്രസാദ്യ സ്തുതിം കുര്യാത് = കാലും കഴുകി നിവേദ്യം വിടർത്തു പ്രസന്നപൂജയും ചെയ്തു വാഹനത്തെ സ്തുതിപ്പൂ. തതഃ പ്രാസാദസംസ്ഥം ദേവം അപി പ്രപൂജ്യ ധിനുയാത് = പിന്നെ ഗർഭഗൃഹത്തുങ്കൽ ചെന്നു ദേവങ്കൽ അത്താഴപ്പൂജയും ആചാര്യൻ ചെയ്തു പ്രസാദിപ്പിപ്പൂ.

ഇവിടെ ഹോമത്തുങ്കലേ വിശേഷത്തെ പറയുന്നു.

വഹ്നിം വിഹൃത്യ ജുഹുയുർഗുരുമൂർത്തിപാലാഃ
പക്വം ജിനാർണ്ണമനുനാ ധ്വജവാഹനസ്യ
ദേവസ്യ വാഥ സകലേഷു സമിദ്ഘൃതാദ്യം
വാഹാണുനാ സ്വഭുവി ദിഗ്ഭിദുരേണ തേന. 125

സകലേഷു = എല്ലാ ദേവന്മാരിലും, ഗുരുമൂർത്തിപാലാഃ = ആചാര്യനും പരികർമ്മികളുംകൂടി, വഹ്നിം വിഹൃത്യ = ആചാര്യകുണ്ഡത്തുങ്കൽ നിന്ന് അഗ്നിയെ പ്രാഗാദി നാലുദിക്കുകളിലും കുണ്ഡങ്ങളിൽ വിഹരിച്ചിട്ട്, ജുഹുയുഃ = അധിവാസഹോമത്തെച്ചെയ്വൂ. ധ്വജവാഹനസ്യ വാ ദേവസ്യ വാ ജിനാർണ്ണമനുനാ പക്വം = അവിടെ ധ്വജത്തുങ്കലേ വാഹനത്തിന്റെ ഗായത്രികൊണ്ടു പക്വത്തെച്ചെയ്വൂ. വാഹനത്തിനു ഗായത്രി ഇല്ലാത്തേടത്തു ദേവന്റെ ഗായത്രികൊണ്ടും പക്വത്തെച്ചെയ്വൂ. അഥ സമിദ്ഘൃതാദ്യം വാഹാണുനാ = പിന്നെ സമിദാദി ചതുർദ്രവ്യത്തെ വാഹനമന്ത്രംകൊണ്ടുതന്നെ ഹോമിപ്പൂ. അധിവാസോക്തദ്രവ്യത്തേയും ഹോമിക്കാം. സ്വഭുവി ദിഗ്ഭിദുരേണ തേന = വിഷ്ണുവിങ്കൽ ദ്രവ്യഹോമ

Shripuram Publications
www.shripuram.org

ങ്ങൾക്കു വർഗ്ഗാക്ഷരങ്ങളോട് അതതു ദിക്കിൽ കൂടിയിരിക്കുന്ന വാഹന മന്ത്രംകൊണ്ടു ദ്രവ്യങ്ങളെ ഹോമിക്കണം.

പൂർവാദിമദ്ധ്യാന്തിമപഞ്ചകുണ്ഡ-
ക്രമോദിതൈഃ കാദിക പഞ്ചവർഗ്ഗൈഃ
സ്യാദ്വൈനതേയായ പദം ദ്വിഠാന്തം
മന്ത്രഃ സമുക്തോ മധുകൈടഭാരൌ. 126

മധുകൈടഭാരൌ = വിഷ്ണുവിങ്കൽ, പൂർവാദിമദ്ധ്യാന്തിമപഞ്ചകുണ്ഡ ക്രമോദിതൈഃ കാദികപഞ്ചവർഗ്ഗൈഃ = കിഴക്കു തുടങ്ങി നാലു ദിക്കുണ്ഡ ങ്ങളിലും നടുവിലേ ദിക്കുണ്ഡത്തിലും, ക്രമേണ കം ഖം ഗം ഘം ങം ഇ ത്യാദി അയ്യഞ്ച് അക്ഷരങ്ങളോടുകൂടി, വൈനതേയായ പദം ദ്വിഠാന്തം = വൈനതേയായ സ്വാഹാ എന്നു കൂട്ടു. മന്ത്രഃ സമുക്തഃ സ്യാത് = ഇങ്ങ നെ ഹോമമന്ത്രം വരും. അപ്പോൾ കിഴക്കേ കുണ്ഡത്തിൽ കം ഖം ഗം ഘം ങം വൈനതേയായ സ്വാഹാ, തെക്കു ചം ഛം ജം ഝം ഞം വൈ നതേയായ സ്വാഹാ, പടിഞ്ഞാറ് ടം ഠം ഡം ഢം ണം വൈനതേയായ സ്വാഹാ, വടക്കു തം ഥം ദം ധം നം വൈനതേയായ സ്വാഹാ, നടുവിൽ പം ഫം ബം ഭം മം വൈനതയേയായ സ്വാഹാ ഇങ്ങനെ ദ്രവ്യങ്ങളെ ഹോമിക്കുന്നതിന്റെ മന്ത്രങ്ങൾ.

ധ്വജവാസിഭ്യോ ഭൂതേഭ്യോ നമ ഇത്യഷ്ടദിക്ഷു ബലിമന്ത്രഃ
ധ്വജവാഹനഭൂത ഇതി ശ്രീരമണേ വാഹനസ്യനതിമന്ത്രഃ. 127

ശ്രീരമണേ = വിഷ്ണുവിങ്കൽ, ധ്വജവാസിഭ്യോ ഭൂതേഭ്യോ നമഃ ഇതി ബലിമന്ത്രഃ. ഇപ്രകാരം മണ്ഡപത്തിന്റെ എട്ടു ദിക്കിലും ബലിതൂകുവാൻ മന്ത്രം. ദുർഗ്ഗയ്ക്കും ഇപ്രകാരംതന്നെ. ധ്വജവാഹനഭൂതഃ ഇതി വാഹനസ്യ നതിമന്ത്രഃ = ധ്വജവാഹനഭൂതോ/സൌ ഇത്യാദി വാഹനത്തിന്റെ സ്തു തിപ്പാൻ മന്ത്രം. ശിവാദികൾക്കു അധിവാസത്തുങ്കൽ പറഞ്ഞപോലെ ബലിവാഹനമന്ത്രംകൊണ്ട് സ്തുതിപ്പൂ.

ധ്വജവാഹനഭൂതോ/സൌ വിഷ്ണോ വിഷ്ണുപരാക്രമഃ
സുപർണ്ണഃ പ്രീയതാം മഹ്യം വിനതാകുലനന്ദനഃ. 128.

ഇത് ഗരുഡന്റെ സ്തുതിമന്ത്രം.

പ്രാതഃ പ്രസാദ്യ ഭഗവന്തമുപേത്യ കേതും
നാന്ദീമുഖാദിസഹിതം വിഹിതക്രമേണ
സംസ്ഥാപ്യ പാദദ്വഷദം പ്രസമർപ്യ സർപ്പി-

Shripuram Publications
www.shripuram.org

സ്സർവത്ര വിന്യസത്തു തത്ര സഹേമരത്നം. 129

പ്രാതഃ ഭഗവന്തം പ്രസാദ്യ = പ്രതിഷ്ഠാദിവസം നേരത്തേ ദേവ ങ്കൽ പൂജിച്ച് അനുജ്ഞയെ പ്രാർത്ഥിച്ച്, കേതും ഉപേത്യ = കൊടിമര ത്തുംമൂട്ടിൽ വന്ന്, വിഹിതക്രമേണ നാന്ദീമുഖാദി സഹിതം പാദദ്ദഷദം സംസ്ഥാപ്യ = ഗുരുഗണപതികളെ പൂജിച്ച നാന്ദീമുഖവും പുണ്യാഹവും ചെയ്ത് പീഠത്തെ പൂജിച്ച പ്രണവാവാഹനയെച്ചെയ്ത്, നപുംസകശിലയെ പ്രതിഷ്ഠിച്ച് പിന്നെയും പ്രണവം ആവാഹിച്ച് പൂജിച്ച, സർപ്പിഃ പ്രസമർ പ്യ = സമ്പാതസ്പർശനത്തെ ചെയ്ത്, സർവത്ര സഹേമരത്നം വിന്യസത്തു = എല്ലാ ദേവന്മാരാലും സ്വർണ്ണത്തേയും നവരത്നങ്ങളേയും ന്യസിപ്പൂ.

പൂർവാദിമദ്ധ്യനിഷ്ഠം
കാദ്യൈർവർഗൈഃ ക്രമേണ വിന്യസ്യേത്
വൈഡൂര്യപുഷ്യമൌക്തിക-
ഗരുഡമാണിക്യസംജ്ഞിതാനി ഹരൌ. 130

ഹരൌ = വിഷ്ണുവിങ്കൽ, കാദ്യൈഃ വർഗ്ഗൈഃ പൂർവാദിമദ്ധ്യനിഷ്ഠം വൈഡൂര്യപുഷ്യമൌക്തികഗാരുഡമാണിക്യസംജ്ഞിതാനി ക്രമേണ വിന്യസ്യേത് = കിഴക്ക് കം ഖം ഗം ഘം ങം നമഃ എന്ന വൈഡൂര്യ ത്തേയും, തെക്ക ചം ഛം ജം ഝം ഞം നമഃ എന്ന പുഷ്യരാഗത്തേയും, പടിഞ്ഞാറ ടം ഠം ഡം ഢം ണം നമഃ എന്ന മുത്തിനേയും, വടക്ക തം ഥം ദം ധം നം നമഃ എന്ന ഗരുഡശിലയേയും, നടുവിൽ പം ഫം ബം ഭം മം നമഃ എന്ന മാണിക്യത്തേയും ന്യസിപ്പൂ. പിന്നെ പ്രണവംകൊണ്ട് പൂ ജിച്ച് പ്രതിഷ്ഠാർത്ഥമായ പീഠപൂജയും ചെയ്ത ശക്ത്യാവാഹനയും ചെയ്ത മൂടി രക്ഷിപ്പൂ. ധ്വജത്തെ പ്രണവംകൊണ്ടും വൃഷാദി മൂന്നുകൊണ്ടും പൂജി പ്പൂ. പീഠശക്തി ആവാഹിച്ച പൂജിപ്പൂ.

ഗത്വാ മണ്ഡപമഖിലം
പ്രോദ്വാസ്യ ന്യസ്യ തണ്ഡുലസുപൂർണ്ണേ
പാത്രേ സപതാകാദ്യം
വാഹനബിംബം സമസ്തമാനായ്യ. 131

മണ്ഡപം ഗത്വാ = പിന്നെ മണ്ഡപത്തിൽ ചെന്ന വാഹനത്തിങ്കൽ ഒരു പൂജയും ചെയ്ത്, അഖിലം പ്രോദ്വാസ്യ = ധ്വജതോരണാദിശയ്യാന്തം ഒക്കെയുമുദ്വസിച്ച്, കുംഭേശകർക്കരികളേയും നിദ്രാകലശത്തേയും വാ ഹനകലശത്തേയും ഇന്ദ്രാദിദിക്പാലകലശങ്ങളേയും എടുപ്പിച്ച്, തണ്ഡു ലസുപൂർണ്ണേ പാത്രേ സപതാകാദ്യം വാഹനബിംബം ന്യസ്യ = അരി കൊണ്ടു നിറച്ചിരിക്കുന്ന പാത്രത്തിൽ കൊടിക്കൂറയും മണിയും മാലയും

www.shripuram.org
Shripuram Publications
www.shripuram.org

കൂടി വാഹനബിംബത്തെ വച്ച്, സമസ്തമാനായ്യ = നീരാജനം മുമ്പായി പ്രതിഷ്ഠയിങ്കലെപ്പോലെ ശാകുനസ്വസ്തിസൂക്താദി ജപിച്ച പുറപ്പെട്ട ധ്വജസ്ഥാനത്തു വന്നാൽ കുംഭേശനിദ്രാകലശാദികളെ അവിടെവച്ച നീരാജനകർക്കരിയോടുംകൂടി വാഹനത്തെ പ്രദക്ഷിണമായി അകത്തു കൊണ്ടുപോവൂ.

ഗർഭാലയം സമേത്യ
പ്രസാദ്യ ദേവം തദഗ്രസന്നിഹിതാത്
വാഹനതഃ സപതാകേ
വാഹനമാവാഹ്യ വാഹനേ മന്ത്രീ. 132

മന്ത്രീ = ആവാഹനമന്ത്രക്രമങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ, ഗർഭാലയം സമേത്യ ദേവം പ്രസാദ്യ = ഗർഭഗൃഹത്തിൽ ചെന്ന് വാഹനത്തെ ദേവന്റെ മുമ്പിൽ വയ്പിച്ച ദേവനെ പൂജിച്ച് പ്രസന്നപൂജയും ചെയ്ത്, തദഗ്രസന്നിഹിതാത് വാഹനതഃ സപതാകേ വാഹനം ആവാഹ്യ = ദേവന്റെ മുമ്പിൽ നിത്യസന്നിഹിതമായിരിക്കുന്ന വാഹനത്തെ പൂജിച്ച ദാനങ്ങളും ചെയ്ത നീരാജനത്തെ ഉഴിഞ്ഞു ശംഖജലത്തുങ്കൽ പ്രണവം വാഹനമന്ത്രം വാഹനമന്ത്രപുടിതമായിരിക്കുന്ന പഞ്ചതത്ത്വങ്ങൾ സൃഷ്ടിസംഹാരക്രമേണയും ആവാഹനമന്ത്രവും ചൊല്ലി ആ വാഹനചൈതന്യത്തെ ആവാഹിച്ച്, പാത്രത്തിലെ വാഹനത്തുങ്കൽ പഞ്ചതത്ത്വം കൊണ്ട് ആടി വാഹനചൈതന്യത്തെ യോജിപ്പിച്ച് പ്രണവവ്യാപകവും പഞ്ചന്യാസങ്ങളും പ്രണവാംഗവും ന്യസിച്ച പൂജിച്ച അർഘ്യപുഷ്പാഞ്ജലിയും മാനസപൂജയും ചെയ്ത് ദേവാഗ്രവാഹനത്തിനു ലയാംഗം ന്യസിച്ച നീരാജനത്തെ ഉഴിവൂ.

കേതുസ്ഥാനമുപേത്യ
ധ്വജകലശാദ്യൈഃ സമന്വിതം സകലൈഃ
പ്രാജ്ഞാൻ പ്രസാദ്യ വിപ്രാൻ
സുവിലഗ്നേ സ്ഥാപനം പ്രകുർവീത. 133

ധ്വജകലശാദ്യൈഃ സകലൈഃ സമന്വിതം കേതുസ്ഥാനം ഉപേത്യ = അവിടെനിന്നും വാഹനത്തെ പ്രദക്ഷിണമായി എഴുന്നെള്ളിച്ച, വാഹനകലശത്തോടും നീരാജനത്തോടുകൂടി കൊടിമരത്തിന്റെ അഗ്രം പൊക്കി വച്ചിരിക്കുന്ന സ്ഥലത്തു വന്നു വാഹനത്തേയും കലശത്തേയും അവിടെ വച്ച, പ്രാജ്ഞാൻ വിപ്രാൻ പ്രസാദ്യ = ഗുരുഗണപതികളെ വന്ദിച്ച വിദ്വാന്മാർക്കു ദാനങ്ങളും മുഹൂർത്തദക്ഷിണയും ചെയ്ത്, സുവിലഗ്നേ സ്ഥാപനം പ്രകുർവീത = സുമുഹൂർത്തകാലത്തുങ്കൽ വാഹനത്തെ

Shripuram Publications
www.shripuram.org

പ്രതിഷ്ഠിപ്പൂ.

തത്ര ധ്വജാഗ്രേഽർച്ചിതയോഗവിഷ്ടരേ
തദ്വാഹനം ക്ലൃപ്തപരാഭിവാഹനം
സംസ്ഥാപയേദാദ്യുപചാരമൂലതഃ
സപഞ്ചതത്ത്വാണ്ഡനിജാണ്ഡതാരതഃ. 134

തത്ര ധ്വജാഗ്രേ അർച്ചിതയോഗവിഷ്ടരേ = ധ്വജത്തിന്റെ അഗ്രത്തുങ്കൽ പ്രതിഷ്ഠാസ്ഥാനത്തു പത്മാന്തമായി പീഠത്തെ പൂജിച്ച്, ക്ലൃപ്തപരാഭിവാഹനം തദ്വാഹനം = വാഹനമന്ത്രപുടിതമായ പ്രണവത്രയംകൊണ്ടു വാഹനത്തുങ്കൽ പരാവാഹനയെച്ചെയ്തു പൂജിച്ച്, വാഹനമന്ത്രംകൊണ്ടു മന്ത്രാവാഹനയുംചെയ്തു ലിപിന്യാസാദി സകളീകരിച്ചു പൂജിച്ചു മാനസപൂജയും ചെയ്തു നീരാജനത്തെ ഉഴിഞ്ഞ്, ആദ്യുപചാരമൂലതഃ സപഞ്ചതത്ത്വാണ്ഡ നിജാണ്ഡതാരതഃ സംസ്ഥാപയേത് = പ്രണവോപചാരമൂലങ്ങളും വാഹനമന്ത്രപുടിതമായ പഞ്ചതത്ത്വവും വാഹനമന്ത്രപ്രണവങ്ങളും ചൊല്ലി വാഹനത്തെ പ്രതിഷ്ഠിച്ച്, പ്രണവവ്യാപകവും പഞ്ചതത്ത്വന്യാസവും അംഗന്യാസവും ചെയ്തു, ധ്രുവാ ദ്യൗഃ ഇത്യാദിയും ജപിച്ച് ഉറപ്പിപ്പൂ.

www.shripuram.org

വിന്യസ്തമന്ത്രമഭിപൂജ്യ നിജാണ്ഡനാ ത-
മാസിച്യ വാഹനഘടീഭൃതവാരിണാഥ
കൃത്വാ സജീവകരണം പ്രവിധായ മന്ത്ര-
ന്യാസാർച്ചനാദ്യമിഹ സുസ്ഥിതമാരചയ്യ. 135

അഥ വിന്യസ്തമന്ത്രം തം നിജാണ്ഡനാ അഭിപൂജ്യ = പിന്നെ വാഹനമന്ത്രംകൊണ്ട് ആവാഹിച്ചു ലിപിതത്ത്വന്യാസാദി ചെയ്തു സകളീകരിച്ചു പൂജിച്ചാൽ, വാഹനഘടീഭൃതവാരിണാ ആസിച്യ = വാഹനമന്ത്രംകൊണ്ടു പൂജിച്ചിരിക്കുന്ന കലശജലംകൊണ്ടു അഭിഷേകവും ലയാംഗവും ചെയ്ത് നീരാജനത്തെ ഉഴിഞ്ഞു, സജീവകരണം കൃത്വാ മന്ത്രന്യാസാർച്ചനാദ്യം പ്രവിധായ സുസ്ഥിതം ആരചയ്യ = ശംഖിൽ വെള്ളമുണ്ടാക്കി പഞ്ചതത്ത്വജീവമന്ത്രങ്ങളെക്കൊണ്ടു ജീവാവാഹനയെച്ചെയ്തു, പ്രണവവ്യാപകാദിയും പ്രാണന്യാസാദിയും ചെയ്ത് പൂജിച്ച് പായസത്തെ നിവേദിച്ചു പ്രസന്നപൂജയും ചെയ്തു ഉറപ്പായിട്ടു ആണിയും വയ്പൂ.

സംസ്ഥാപ്യ സമ്മുഖമദക്ഷിണപാർശ്വലംബി-
ഘണ്ടാസ്രഗുജ്ജ്വലപതാകമഭീഷ്ടപീഠേ
തത്കേതുദണ്ഡമഭിക്ലൃപ്തമനപ്രതിഷ്ഠം

Shripuram Publications
www.shripuram.org

സംഭാവ്യ സാധ്വഭിമൃശേത് പ്രജപേദ് ധ്രുവാണം. 136

അഭീഷ്ടപീഠേ = മുമ്പേ പീഠം പൂജിച്ചിരിക്കുന്ന കുഴിയിൽ, അദക്ഷിണപാർശ്വലംബിഘണ്ടാസ്രഗുജ്ജ്വലപാതകം തത്കേതു ദണ്ഡം സമ്മുഖം സംസ്ഥാപ്യ = ധ്വജത്തിന്റെ ഇടത്തു ഭാഗത്തു താൻ വലത്തു ഭാഗത്തു താൻ ഉണ്ടാക്കിയിരിക്കുന്ന ദണ്ഡിന്മേൽ മണിയും മാലയും കൊടിക്കൂറയും തൂങ്ങിയിരിക്കുമാറു തത്തന്മന്ത്രംകൊണ്ടു ബന്ധിച്ച കയറും താഴയോളം വരുന്നതിന്നും കെട്ടിയിരിക്കുന്ന ധ്വജത്തെ ബ്രാഹ്മണരെക്കൊണ്ടു എങ്കിലും ഗജത്തെക്കൊണ്ട് എങ്കിലുമുയർത്തി ദേവാഭിമുഖമായിട്ടു കുഴിയിൽ നേരേ നിർത്തി ചുവട്ടിലുറപ്പിച്ചു തറയും കെട്ടിച്ചാൽ, അഭിക്ലൃപ്തമന്ത്രപ്രതിഷ്ഠം സംഭാവ്യ സാധു അഭിമൃശേത് = ആചാര്യൻ ചുവട്ടിൽ രണ്ടു കൈകൊണ്ടും തൊട്ട് പ്രണവോപചാരമൂലപഞ്ചതത്ത്വാവാഹനമന്ത്രപ്രണവങ്ങളെ ജപിച്ചു പ്രതിഷ്ഠയെ സങ്കല്പിച്ച്, ധ്രുവാണം പ്രജപേത് = ധ്രുവാ ദ്യൌരിത്യാദിയേയും ജപിപ്പൂ.

വിന്യസ്തവാഹനമനും ദിഗധീശകുംഭൈഃ
സിക്ത്വാഗ്രതസ്തമധിവേദി തദീശമന്ത്രൈഃ
അസ്ത്രോദകേന പരിഷിച്യ ഘടേശനിദ്രാ-
കുംഭാംഭസാ സമഭിഷിഞ്ചതു ച ക്രമേണ. 137

അഥ നിജാണനാ (?) വിന്യസ്ത (മന്ത്ര ?) വാഹനമനും തം അഭിപൂജ്യ = പിന്നെ നിജവാഹനമന്ത്രംകൊണ്ട് ആവാഹിച്ചു ലിപിന്യാസവും തത്ത്വന്യാസവും വാഹനമന്ത്രന്യാസവും അംഗവും ന്യസിച്ച് അർഘ്യാദി പൂജിച്ചാൽ, അഗ്രതഃ അധിവേദി ദിഗധീശകുംഭൈഃ സിക്ത്വാ = ധ്വജത്തിന്റെ മുമ്പിൽ തറയുടെ മുകളിൽ ദിക്പാലകലശങ്ങളെക്കൊണ്ടു അഭിഷേകം ചെയ്തു പൂജിച്ച്, അസ്ത്രോദകേനപരിഷിച്യ ഘടേശനിദ്രാകുംഭാംഭസാ ക്രമേണ സമഭിഷിഞ്ചതു = കർക്കരികൊണ്ടു പ്രദക്ഷിണമായി വെള്ളമൊഴിച്ചു കുംഭേശനെ എടുത്ത് ത്രിതത്ത്വം കൊണ്ട് ആടി പൂജിപ്പൂ. പിന്നെ പഞ്ചതത്ത്വംകൊണ്ട് നിദ്രാകലശത്തേയുമാടി പൂജിപ്പൂ; അർഘ്യപുഷ്പാഞ്ജലിയും ചെയ്വൂ.

തത്തന്മനുന്യസനപൂർവകമർച്ചയിത്വാ
തസ്മൈ നിവേദ്യ ച ഹവിർവികിരേദ് ബലിം ച
അന്നം വിസൃജ്യ പരിശോദ്ധ്യ ഭുവം പ്രസാദ്യ
ബദ്ധാഞ്ജലിഃ സ്വമനുനാ സ്തുതിമാദധീത. 138

തത്തന്മനുന്യസനപൂർവ്വകം അർച്ചയിത്വാ = പിന്നെ വാഹനമന്ത്രംകൊണ്ടു മന്ത്രാവാഹനയെച്ചെയ്തു ലിപിന്യാസാദി സകളീകരിച്ചു അർ

www.shripuram.org
Shripuram Publications
www.shripuram.org

ഘ്യാദി കൊടുത്തു മൂർത്തിപൂജയും ചെയ്തു്, തസ്മൈ ഹവിഃ നിവേദ്യ = വാഹനത്തിന്നായിക്കൊണ്ട് ഹവിസ്സിനെ നിവേദിച്ച് മാനസപൂജയും ചെയ്തു രക്ഷിച്ച്, ബലിം ച വികിരേത് = തറയുടെ മുകളിൽ ഹവിശ്ശേഷംകൊണ്ടു ബലിയും തൂകി, അന്നം വിസൃജ്യ ഭുവം പരിശോദ്ധ്യ = നിവേദ്യത്തെ വിടിർത്തു തൂകിയതും കളഞ്ഞ് തത്സ്ഥലത്തു ശുദ്ധിവരുത്തി പ്രസന്നപൂജയും ചെയ്തു്, ബദ്ധാഞ്ജലിഃ = എഴുന്നേറ്റുനിന്നു തൊഴുതു, സ്വമന്ത്രേണ സ്തുതിം ആദധീത = തന്റെ തന്റെ സ്തുതിമന്ത്രംകൊണ്ടു സ്തുതിപ്പൂ.

ഓന്നമോ/ഷ്ടകുലനാഗഭൂഷണായ നാഗശോണിതലിപ്താംഗായ സമസ്തപാതാളവാസിജനവിക്ഷോഭണകരായ ദേവദാനവഗന്ധർവോരഗമഥനായ മാതുരർത്ഥേ നാഗമോഹനായ ഹന ഹന വിഘ്നം നാശയ സ്വാഹാ. ഇതു ഗരുഡന്റെ സ്തുതിമന്ത്രം.

നമസ്തേ/സ്തു ത്രിണേത്രായ ധ്വജാധിപതയേ നമഃ
നന്ദിനേ ച നമസ്തുഭ്യമുത്സവസ്യ പ്രസിദ്ധയേ. 139

ഇതു ശിവങ്കലേ സ്തുതിമന്ത്രം. മറ്റെല്ലാടവും മൂലംകൊണ്ടുതന്നെ സ്തുതിപ്പൂ.

ഗത്വാ ഗർഭഗൃഹം യഥോചിതവിഭൂത്യാരാധ്യ ദേവം സ്വയം
കുർവീത ധ്വജവാഹനാദ്ധ്യപരിവാരാണാം സമന്താത് ബലിം
നീത്വാ ത്രീണി ദിനാനി തുര്യദിവസേ സംസ്ഥാപ്യ ദേവം സുധീഃ
കുര്യാദേതദവസ്രുതോക്ഷണബലീ ചൈവം ധ്വജസ്ഥാപനം. 140

ഇങ്ങനെ കൊടിമരത്തുംമൂട്ടിലേ പൂജ കഴിഞ്ഞാൽ, സുധീഃ ഗർഭഗൃഹം ഗത്വാ = അചാര്യൻ ഗർഭഗൃഹത്തെ ഗമിച്ച്, യഥോചിതവിഭൂത്യാ ദേവം ആരാധ്യ = ദേവന്റെ സകല പരിവാരങ്ങളോടും കൂടി പീഠപൂജാദി പരിവാരപൂജാന്തം ചെയ്തു പാൽപായസാദി നിവേദ്യത്തെ വളരെയുണ്ടാക്കി നിവേദിച്ച്, വൈശ്യഹോമവും ബ്രാഹ്മണഭോജനവും ചെയ്തു നടതുറന്ന പ്രസന്നപൂജാന്തം ചെയ്തു്, സ്വയം ധ്വജവാഹനാദ്ധ്യപരിവാരാണാം സമന്താത് ബലിംകുർവീത താൻതന്നെ ധ്വജവാഹനത്തോടുകൂടി ചുറ്റുമുള്ള പരിവാരങ്ങൾക്കു ശ്രീഭൂതബലിയേയും ചെയ്വൂ. ത്രീണി ദിനാനി നീത്വാ = പിന്നെ മൂന്നു ദിവസത്തെ ഇപ്രകാരം വിശേഷപൂജയോടും ശ്രീഭൂതബലിയോടും കൂടി ഉത്സവംപോലെ ഘോഷിച്ചുകഴിഞ്ഞാൽ, മൂന്നാം ദിവസം പ്രായശ്ചിത്താദിതത്ത്വാന്തമുള്ള ഹോമങ്ങളും ചെയ്തു കലശങ്ങളേയും പൂജിച്ച് അധിവസിപ്പൂ. തുര്യദിവസേ ദേവം സംസ്ഥാപ്യ = നാലാം ദിവസം ഹോമകലശങ്ങളും ആടി പൂജിച്ചാൽ, ഏതദവസ്രുതോക്ഷണവും ശ്രീഭൂതബലിയും ചെയ്വൂ. ഏവം ധ്വജസ്ഥാപനം = ഇങ്ങനെ ധ്വജപ്രതി

Shripuram Publications
www.shripuram.org

ഷ്ഠയുടെ ക്രിയകൾ.

**ഇതി തന്ത്രസമുച്ചയേ രഹസ്യാ-
ഗമസാരഃ പടലഃ സമാപി ഷഷ്ഠഃ
പ്രകടീകൃതപാദപീഠപീഠ-
പ്രതിമാവാരകപീഠികാപ്രതിഷ്ഠഃ.**

തന്ത്രസമുച്ചയേ = തന്ത്രസമുർച്ചയമാകുന്ന ഗ്രന്ഥത്തിൽ, ഇതി രഹസ്യാഗമസാരഃ = ഇപ്രകാരം ദൃഢമായിരിക്കുന്ന പ്രതിഷ്ഠാകർമ്മത്തെ പറയുന്ന ആഗമസാരഭൂതമായിരിക്കുന്ന, ഷഷ്ഠഃ പടലഃ സമാപി = ആറാമത്തെ പടലം സമാപ്തമായി ഭവിച്ചു. പ്രകടീകൃതപാദപീഠപീഠപ്രതിമാവാരകപീഠികാപ്രതിഷ്ഠഃ = പ്രകാശിതമായിരിക്കുന്ന നപുംസകശിലയുടെ പ്രതിഷ്ഠയും രത്നന്യാസവും പീഠപ്രതിഷ്ഠയും ബിംബപ്രതിഷ്ഠയും ഇന്ദ്രാദികളായ പരിവാരപ്രതിഷ്ഠയും മഹാബലിപീഠപ്രതിഷ്ഠയും ധ്വജപ്രതിഷ്ഠയും ഈ ക്രിയകളോടു ഒക്കെയും കൂടിയിരിക്കുന്ന ഈ ആറാമത്തെ പടലം.

ഇതി ഷഷ്ഠഃ പടലഃ സമാപ്തഃ

www.shripuram.org

Shripuram Publications
www.shripuram.org